REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം

# ചിത്രവാരിക

29th KANNI 1110

15th OCTOBER 1934.

ഉദയശങ്കർ.



കാമദേവനാട്യം.

VOL. VII. No. 6

Price As. 2. വില ൨ ണ.

# മലയാളരാജ്യം

ചി ത്ര വാ രി ക .

പുസ്തകം ൧ | ൲൱൰ കന്നി ൨൰-ാംനു- തിങ്കളാഴ്ച. | ലക്കം ൩.


## ആസ്ത്രേലിയായിലും 'അംബരചുംബി'കൾ



ഒരു നൂറുവൎഷം മുമ്പു് തകരപ്പാളങ്ങൾ മേഞ്ഞ ചെറുകെട്ടിടങ്ങൾ നിന്നിരുന്നായിടങ്ങളിൽ ഇപ്പോൾ അംബര ചുംബികളായ ഗംഭീരസൗധങ്ങൾ ധാരാളമാണു്. സിഡ്നിയിലെ ഇന്നത്തെ അംബര ചുംബികളിലൊന്നാണു ചിത്രത്തിൽ കാണുന്നതു്.

N. I. A.

# പ്രഭാതപ്രാത്ഥന.

(സ്വാമി ശ്രീനാരായണതീർത്ഥർ.)

വരഹംസമഹോദയസ്ഫുര
ദ്വരസൽഗന്ധസുമങ്ങളെന്നപോൽ,
കരണങ്ങൾവിടൎന്നു, വാസനാ-
ഭരമേന്തുന്നു, വിഭോ ജഗൽപതേ! 1

ഇരുൾനീങ്ങിവിളങ്ങുമീജഗൽ-
പൊരുളാം, ശൎമ്മദ കർമ്മസാക്ഷിയും,
നിരവദ്യസുഹൃദ്യമന്ദസം-
ചരണാനന്ദസമീരനുംഭവാൻ. 2

വികിരാളി, വരാളിപാളികാ-
സുകൃതാളികവിഹീനകീർത്തനം;
മകരന്ദഗുണം നമിക്കുമാ-
റകളംകം; നിശമിപ്പു, താവകം. 3

അറിവെന്നിയെ നിദ്രയാമിരു-
ട്ടറയിൽപെട്ട ജഗത്തശേഷവും;
നിറയുന്ന ഭവൽപ്രകാശമേ-
റ്ററിയുന്നീശ്വര! നിൻെറവൈഭവം. 4

പുലർവായുവിൽ മന്ദമന്ദമാ-
യുലയുംമോഹന പുഷ്പവല്ലികൾ;
നലമായ് മധുപാരവാൽ, വിഭോ
പലതുംനിൻസ്തുതി ചൊല്ലിയാടുവോർ. 5

പരമാത്ഭുതലീലയാ ജഗൽ-
പരിരക്ഷാലയ സൃഷ്ടിചെയ്യുവോൻ:
സരസം രസഭാവവേദിയാ-
മൊരുസൽസമ്മതനീശ,നീനടൻ. 6

ഇനിയുംതുനിയുന്നിറങ്ങുവാൻ
തനിയേജീവിതയുദ്ധഭൂവിൽഞാൻ;
അനപായമിനിക്കതിൽചിരം-
തനനാമീശ! ജയംതരേണമേ. 7

ഹ! ഹ!! രാപ്പകൽവേലചെയ്തിടാ-
തിഹവൃത്തിക്കു നിവൃത്തിയില്ലഹോ;
സ്പൃഹണീയചരിത്ര, കൈതൊഴാം
സഹസാ മൽദുരിതങ്ങൾനീക്കണേ. 8

അറിവില്ല ഭവൽഗുണങ്ങളെ
മുറപോൽവാഴ്ത്തുവതിന്നനിത്യവും
നിറയും ദുരിതങ്ങൾ നീക്കിയെൻ-
പരിരക്ഷാവിധി ചെയ്കദൈവമേ. 9

പരം,ഋശപരോപകാരതൽ-
പരമായിടണമെൻപ്രവൃത്തിയും;
കരളോ പരിശുദ്ധമായ്ഭവൽ
സ്മരണത്തിൻശരണത്വമേൾക്കണം. 10

ഭുവനേശ ജയിക്കദൈവമേ!
ശിവമേകീടണമേ സദൈവമേ
തവചിന്തനമൊന്നുമാത്ര,മെ-
ന്നവശത്വംകുറവാക്കിടേണമേ. 11

# *പ്രകൃതിമാതാവ്.

(പള്ളത്തു രാമൻ.)

1

പ്രകൃതി മാതാവു ബാലരേ! ഞാനതി-
പ്രണയമോടിതാ നിങ്ങൾക്കു നൽകുന്നു.
കുളിരിളംകാററിലാടിക്കളിച്ചു, ചെ-
ന്തളിർ തലോടുന്ന ചേലെഴും പൂക്കളെ.

2

അഴകൊഴുകുന്ന ചേമന്തി ചമ്പകം
മിഴി കുളുക്കുന്ന പൂമുല്ല, പിച്ചകം
കനക കാന്തി കലരുന്ന കേതകം
കമല, മാമ്പലിപ്പൂക്കളേ കൌതുകം!

3

നറുമലരിതാ പുഞ്ചിരി തൂകുന്നു
ചെറു ശിശുക്കളേ! നിങ്ങളെപ്പോലവേ
മണവുമുണ്ടു, മരന്ദവുമുണ്ടുള്ളിൽ
ഗുണമിണങ്ങുണ മാവിധം നിങ്ങളിൽ.

4

തലയുയൎത്തി സ്വതന്ത്രരായ് നിൽക്കുന്നു
മലർനിര സൂൎയ്യരശ്മി കുടിച്ചിതാ!
പകലവൻ പണി തീൎന്നു ഗമിക്കവേ
പകരമേകുന്നു ചന്ദ്രതാരങ്ങളെ.

5

കിളികളെക്കൊണ്ടു പാട്ടു പാടിപ്പു ഞാൻ;
കളികളാടിപ്പു കാററിനെക്കൊണ്ടു ഞാൻ;
ഒളി ചിതറും പുലരിയെ ഞാനല്ലോ
തെളിമ ചേൎക്കുവാൻ കല്പിച്ചയപ്പതും.

6

ദിനകരൻ വെള്ള മേഘക്കടലാസ്സിൽ
കനക സിന്ദൂര വൎണ്ണങ്ങൾ കേററുന്നു;
അതിനെ മായ്ച്ചു തൂവെള്ളി പൂശിടുന്നു
പുതിയ വെണ്മതി, യെൻെറ നിയോഗത്താൽ.

7

സുലഭമായുള്ള മാധുൎയ്യ സാരത്തെ
പ്പല ഫലങ്ങളിൽ സംഭരിച്ചെപ്പൊഴും;
മധുര നാരങ്ങ, മുന്തിരി, മാമ്പഴം
മധുമയ മിവ ഞാൻ തരുന്നില്ലയോ?

* ബാലൎക്കെഴുതിയതു്.

# വിജ്ഞാനശകലങ്ങൾ.

## പാമ്പിന്റെ വിഷം.

പാമ്പിന്റെ വിഷപ്പല്ലുകൾ എന്നു പറയുന്നതു് അതിന്റെ കോൺപല്ലുകൾതന്നെയാണു്. നമ്മുടെ കോൺപല്ലുകളെപ്പോലെ ഈ വിഷപല്ലുകളും വായ്ക്കോണുകളോടു സമീപിച്ചു് അണപ്പല്ലുകളുടെയും മുൻപല്ലുകളുടെയും ഇടയ്ക്കായി നില്ക്കുന്നു. വിഷമുള്ള പാമ്പുകളുടെ കോൺപല്ലുകളിലൂടെ ഒരു പ്രത്യേക നാളമുണ്ടു്. പാമ്പു കടിക്കുമ്പോൾ ഈ നാളത്തിലൂടെ വിഷം പാഞ്ഞുന്ന മുറിവിൽ പുരളുന്നു. നമ്മിൽ ഉമിനീരുത്ഭവിപ്പിക്കുന്ന അധിമാംസങ്ങൾ പോലെ പാമ്പിലും ഒരുമാതിരി അധിമാംസമുണ്ടു്. മനുഷ്യനിലുള്ള ഈ അധിമാംസങ്ങൾ ഉമിനീരുണ്ടാക്കുകയും അതിന്റെ പ്രവൃത്തിമൂലം ആഹാരം ജീർണ്ണിപ്പിച്ചു് ദഹിപ്പിക്കുകയും ചെയ്യുന്നു.

പാമ്പുകളിലുള്ള അധിമാംസങ്ങൾ മേൽപറഞ്ഞതിൻവണ്ണം ദഹനം മാത്രമല്ല നടത്തുന്നതു്. അതിനു വേറെ ഒരു ജോലികൂടിയുണ്ടു്. വിശേഷിച്ചും കണ്ണുകളുടെ മുൻഭാഗത്തുള്ള അധിമാംസത്തിന്റെ ജോലി പാമ്പുകളിൽ വ്യത്യസ്തമാണു്. കണ്ണോപാന്തത്തിലുള്ള അധിമാംസം പാമ്പുകളിൽ വിഷത്തെ ഉല്പാദിപ്പിക്കുന്നു. ചെവിക്കരികിലുള്ള ആ അധിമാംസത്തിൽനിന്നു മുഖത്തിന്റെ ഇരുവശങ്ങളിലുമുള്ള രണ്ടു ചെറുകുഴലുകൾവഴിയായിട്ടാണു വിഷം വിഷപ്പല്ലുകളിൽ വന്നുചേരുന്നതു്. കടിക്കുന്ന അവസരത്തിൽ അണകളുടെ മാംസപേശികൾ പല്ലുകളെ തമ്മിൽ അടുപ്പിക്കുന്നു. പാമ്പിലും അപ്രകാരംതന്നെ. പാമ്പു ദംശിക്കുമ്പോൾ മേൽപറഞ്ഞ മാംസപേശികൾ മുഖപാർശ്വങ്ങളിലെ കുഴലുകളിലുള്ള അധിമാംസങ്ങളെ അമുഴ്ത്തുകയും ഉടനേ കുറേ വിഷം വിഷപ്പല്ലിലുള്ള നാളത്തിലൂടെ ഊറിപ്പായുകയും ചെയ്യുന്നു. ഈ വിഷമാണു പാമ്പുകടിച്ചവന്റെ മുറിവിലുള്ള രക്തത്തിൽ കലർന്നു് ശരീരത്തിലാകെ വ്യാപിക്കുന്നതു്. പാമ്പിന്റെ വിഷപ്പല്ലുകൾക്കു കാളി, കരാളി, യമദൂതി എന്നെല്ലാമുള്ള ഭയങ്കരങ്ങളായ പേരുകൾ പൌരസ്ത്യരുടെ വിഷശാസ്ത്രങ്ങളിൽ നൽകിയിരിക്കുന്നു. അന്തഃപ്രവേശിപ്പിക്കുന്ന വിഷത്തിന്റെ അളവു് തുലോം അല്പമാകുന്നു. എന്നാൽ ചിലജാതി പാമ്പുകളുടെ വിഷം വിഷങ്ങളിലെല്ലാററിലുംവച്ചു് അത്യന്തം അപായകരമാണു്. മരിക്കുന്നതിനു അതിന്റെ ഒരു ചെറുകണത്തിന്റെ ശതാംശം രക്തത്തിൽ കലർന്നാൽ മതിയാകും. വിശാലമായി വിക്ഷണം ചെയ്യുന്നതായാൽ ഈ വിഷപ്പല്ലിന്റെ വസ്തുത വളരെ ആലോചനയ്ക്കു ഇടംനൽകാതിരിക്കയില്ല. എല്ലാ ജീവികളിലുമുള്ള അവയവങ്ങൾ ആവശ്യമനുസരിച്ചു വികസിച്ചു പരിണമിച്ചിട്ടുള്ളതാകുന്നു. എന്നാൽ ഒരേ ഒരു അവയവം എല്ലാ പ്രാണികൾക്കും തുല്യമായ ഉപയോഗത്തിനുവേണ്ടി പരിണമിച്ചിരിക്കുമ്പോൾ അതു ചില ജന്തുക്കളിൽ പ്രത്യേകമായ ഒരു ഉപയോഗവും നിർവ്വഹിച്ചുപോരുന്നുണ്ടു്. പാമ്പിന്റെ വിഷപ്പല്ലിന്റെ കഥയും ഇതുതന്നെ. എല്ലാ ജീവികളിലും പല്ലുകൾ ആഹാരത്തെ ചവച്ചുടച്ചു തിന്നുന്നതിനായിട്ടാണു് ഉണ്ടായിരിക്കുന്നതു്. എന്നാൽ ഭുജംഗങ്ങളിൽ ഭുക്തിക്കു പുറമേ വിഷമേല്പിച്ചു അന്യജീവികളെ ഹിംസിക്കുവാനും പല്ലുകൾ പ്രയോജനപ്പെട്ടുത്തിവരുന്നു. വിഷമില്ലാത്ത പാമ്പുകളുടെ അധിമാംസങ്ങൾ വിഷമുള്ള പാമ്പുകളുടെ അധിമാംസങ്ങളെപ്പോലെതന്നെയിരിക്കുന്നുണ്ടു്. എന്നാൽ അന്യജീവികൾക്കു ഹാനികരമായ യാതൊരു പദാർത്ഥത്തെയും ആ അധിമാംസങ്ങൾ ഉൽപാദിപ്പിക്കുന്നില്ല.

---

## സ്വപ്നം

മസ്തിഷ്കത്തിനു പല വിഭാഗങ്ങളുണ്ടു്. അവയിൽ ചില വിഭാഗങ്ങൾ നിദ്രചെയ്യുകയും ചിലവ ഉണർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു സ്വപ്നം കാണുമ്പോൾ മസ്തിഷ്കത്തിന്റെ സ്ഥിതി ഇതാണു്.

മസ്തിഷ്കത്തിൽ അഥവാ തലച്ചോറിൽ അധികഭാഗവും വിശേഷിച്ചു അതിന്റെ ഏററവും കാതലായ അംശം, നാം കിനാവു കാണുമ്പോൾ ഗാഢനിദ്രയിൽ പെട്ടിരിക്കയാണു്. എന്നാൽ അതിന്റെ ചില ഭാഗങ്ങൾ ഉറങ്ങാതെയിരിക്കുന്നു. മനസ്സിന്റെ ശരിയായ ശക്തികളുടെ നിയന്ത്രണം വിട്ടിട്ടു് ഈ ഭാഗങ്ങൾ കഴിഞ്ഞ അനുഭവങ്ങളെ ഉപയോഗിച്ചു പ്രവൃത്തി ചെയ്യുന്നുണ്ടു്. വളരെ അടുത്തു കഴിഞ്ഞ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു സ്വപ്നം സാധാരണമായി പ്രവർത്തിക്കുന്നതു്. സുഷുപ്തി എന്നു പറയുന്ന ആ ഗാഢനിദ്രമാത്രമാണു് സ്വപ്നരഹിതമായ ഉറക്കം നമ്മിൽ അധികംപേർക്കും ഉറക്കത്തിൽ സ്വപ്നമുണ്ടാകുന്നുണ്ടു്. പക്ഷെ ഉണരുമ്പോൾ അവയെ നാം ഓർമ്മിക്കുന്നില്ലെന്നേയുള്ളു.

സ്വപ്നം വളരെ അവ്യക്തവും വെറുംഛായപോലെയുള്ളതും എളുപ്പം വിസ്മൃതമാകുന്നതുമാണെങ്കിൽ അതിന്റെ അർത്ഥം മസ്തിഷ്കത്തിന്റെ വളരെ കുറച്ചുഭാഗം മാത്രമേ ഉണർന്നിരുന്നുള്ളുവെന്നാണു്. നേരേമറിച്ചു നമ്മുടെ സ്വപ്നം സവ്വൃത്തികളോടുംകൂടി വളരെനേരത്തേക്കു നീണ്ടുനില്ക്കുകയും ഉണരുമ്പോൾ അതിനെ വളരെ തെളിവോടെ ഓർമ്മിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതിൽനിന്നും അനുമാനിക്കേണ്ടതു തലച്ചോറിന്റെ ഭൂരിഭാഗവും ഉണർന്നിരുന്നുവെന്നാകുന്നു സ്വപ്നം കുറഞ്ഞിരിക്കുന്നതു വളരെ നല്ലതാണു്. അതിന്റെ അർത്ഥം നമ്മുടെ നിദ്ര ഗാഢമായിരുന്നുവെന്നുതന്നെ. പരിപൂർണ്ണവും പരിതൃപ്തവുമായ ഉറക്കം ആയുഷ്കരമാകുന്നു. അഥവാ സ്വപ്നം കാണുന്നുവെങ്കിൽതന്നെ ഉണരുമ്പോൾ അവ സ്മൃതിയിൽ തങ്ങിനില്ക്കുന്നില്ലെങ്കിൽ അതും നല്ലതുതന്നെ. ഭാവിയെസംബന്ധിച്ചിടത്തോളം സ്വപ്നത്തിനു യാതൊരു അർത്ഥവുമില്ലെന്നു പാശ്ചാത്യർ പറയുന്നു- സ്വപ്നം ചിലപ്പോൾ ഭാവിയെസൂചിപ്പിക്കാറുണ്ടെന്നാണു പൌരസ്ത്യമതം. 'സ്വപ്നം ചിലർക്കു ചിലകാലമൊത്തിടും' എന്നുംമററുമുള്ള വാക്യങ്ങൾ നമുക്കുതന്നെ നിത്യപരിചയമുള്ളതാണല്ലൊ

സ്വപ്നത്തിൽ ഏററവും ഭയങ്കരമായുള്ളതു കുസ്വപ്നമാകുന്നു കുസ്വപ്നം, നടന്നതുപോലെതന്നെ തോന്നും അതു് അത്യന്തം ഭീഷണവും ഭയപ്രദവുമാണു്. കുസ്വപ്നമുണ്ടാകുമ്പോൾ ചിലരെ പ്രത്യേകം സൂക്ഷിക്കണം. ഹൃദ്രോഗംമൂലമാണു ചിലർക്കു കുസ്വപ്നമുണ്ടാകുന്നതു്. ഹൃദയത്തിനു ശക്തിയില്ലായ്കയാൽ മസ്തിഷ്കത്തെ സമതയോടെ നിർത്തുന്നതിനു വേണ്ടിടത്തോളം രക്തം തലയിൽ ചെല്ലുന്നില്ല. നിയമേന കുസ്വപ്നത്തിന്റെ ഉത്ഭവം ഉദരത്തിൽനിന്നായിരിക്കും. കുസ്വപ്നം മനസ്സിനെ വളരെ വിമ്മിഷ്ടത്തെച്ചെയ്യുന്നു.

ദഹനക്കുറവാണു കുസ്വപ്നത്തിന്റെ കാരണങ്ങളിൽ ഏററവും പ്രധാനമായുള്ളതു്. ആകയാൽ കുസ്വപ്നക്കാർ ഉറങ്ങാൻപോകുന്നതിനു മുൻപായി അവരുടെ ഭക്ഷണസംഗതിയിൽ പ്രത്യേകം നിഷ്കർഷിച്ചിരിക്കണം. കുസ്വപ്നം അപ്രീതിജനകങ്ങളായ പല വിചാരങ്ങളെയും ഉണ്ടാക്കുന്നതുകൂടാതെ നിദ്രയെ ഭഞ്ജിക്കുകയും ചെയ്യുന്നു മയക്കത്തിൽ ഉരുണ്ടും പിരണ്ടും അസ്വസ്ഥനായി കിടക്കയിൽ കിടക്കുന്ന കുസ്വപ്നക്കാരൻ ഒടുവിൽ ഉണർന്നെണീക്കാൻ വളരെ താമസിക്കും.

സ്വപ്നത്തിൽ ചിലപ്പോൾ അസാദ്ധ്യമായ കർമ്മങ്ങൾ നിർവ്വഹിച്ചതായി തോന്നുന്നു. എന്നാൽ സ്വപ്നത്തിൽ ആ അസാദ്ധ്യകർമ്മം നിർവ്വഹിച്ചതിനെപ്പററി നമുക്കു യാതൊരു വിസ്മയവുമുണ്ടാകുന്നില്ല. അപ്രകാരം ചെയ്യുന്നതു സ്വാഭാവികമെന്നുതന്നെയാണു നമ്മുടെ വിചാരം. ഇതിന്റെകാരണം യഥാർത്ഥവും അയഥാർത്ഥവുമായ സംഗതികളെ തമ്മിൽ തരംതിരിക്കുന്ന മസ്തിഷ്കത്തിലെ നമ്മുടെ ബോധാംശം നിദ്രാധീനമാകുന്നതാണു്. അതിനു് അതിന്റെ പ്രവൃത്തി നിർവ്വഹിക്കുവാൻ കഴിയാതെ വരുമ്പോൾ സ്വപ്നബോധത്തിനു സാദ്ധ്യവും അസാദ്ധ്യവുമെല്ലാം ഒരുപോലെയായിത്തീരുന്നു. ജാഗ്രദവസ്ഥയിൽ നാം 'ആകാശക്കോട്ടകൾ കെട്ടുകയും' സങ്കൽപംകൊണ്ടു മററു പല അത്ഭുതപ്രവൃത്തികൾ സാധിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ തലച്ചോറിന്റെ പ്രധാനാംശം ഉണർന്നിരിക്കയാൽ ആ അവസരത്തിലെല്ലാം ഇവ നമ്മുടെ സങ്കല്പം മാത്രമാണെന്നും പരമാർത്ഥമൊന്നുമല്ലെന്നും ഉള്ളിൽ ദൃഢബോധവും ഉണ്ടായിരിക്കും.

---

# വൈഷ്ണവമതം.

കെ. എൻ. ബാലകൃഷ്ണപിള്ള ബി. എ.

ഇന്ത്യാചരിത്രത്തിൽ ഏററവും പ്രാധാന്യംവഹിക്കുന്നതു ഭാരതിയരുടെ ചിന്തയാകുന്നു. മതത്തിലും തത്വശാസ്ത്രത്തിലും അവർ ചെയ്തിട്ടുള്ള ചിന്തനങ്ങൾ ലോകാതിശയങ്ങളത്രെ. എന്നാൽ ചരിത്രകാരന്മാരാൽ ഉപേക്ഷിക്കപ്പെട്ടിട്ടുള്ള മറെറാരു വശം ഇന്ത്യാചരിത്രത്തിലുണ്ടോ എന്നു സംശയമായിരിക്കുന്നു. ഹിന്ദുക്കളെ സ്മാത്തന്മാർ, ശൈവന്മാർ, വൈഷ്ണവർ എന്നിങ്ങനെ മൂന്നിനമായി വേർതിരിക്കാമെന്നു തോന്നുന്നു. ശങ്കരാചാര്യാനുയായികളത്രേ സ്മാത്തന്മാർ. ഇന്നു വൈഷ്ണവമതത്തോളം പ്രാധാന്യം അർഹിക്കുന്ന ഒരു മതം ഭാരതത്തിലുണ്ടോ എന്നു സംശയമാണ്. ഗുരുനാനാക്കുടെയും കബീറിൻെറയും രാമാനുജചൈതന്യന്മാരുടെയും മതമിതായിരുന്നു. മഹാഭാരതം, ഭഗവൽഗീത, ആൾവാരന്മാരുടെ ഗാനങ്ങൾ, രാമചരിതമാനസം, അഷ്ടപദി മുതലായ വിശിഷ്ടഗ്രന്ഥങ്ങൾ വൈഷ്ണവമത സംബന്ധികളാണ്. സർവോപരി വൈഷ്ണവമതം ഭക്തിപ്രധാനവുമാണ്. ഏതൽക്കാരണങ്ങളാൽ വൈഷ്ണവമതത്തിൻെറ ഉല്പത്തിയും വളച്ചയും ഇവിടെ പ്രതിപാദിക്കുന്നതു അസമീചിനമായിവരുന്നതല്ലല്ലൊ.

വൈഷ്ണവമതക്കാർ വിഷ്ണുവിനെ ഏകദൈവമായി വിചാരിച്ചാരാധിച്ചുവരുന്നു. “പിതാ മാതാ ച സർവസ്യ ജഗതഃ ശാശ്വതോ ഗുരുഃ” എന്ന മഹാഭാരതശ്ലോകം തന്നെ ഇതിനു പ്രമാണം. അധർമ്മം വർദ്ധിക്കുകയും ധർമ്മത്തിനു ലോപം സംഭവിക്കുകയും ചെയ്യുമ്പോൾ വിഷ്ണു ധർമ്മസ്ഥാപനത്തിനായിക്കൊണ്ടു ഭൂമിയിൽ അവതാരംചെയ്യുന്നു. ഈ അവതാരങ്ങളിൽ പൂർണ്ണത്വം കൽപിക്കപ്പെട്ടിരിക്കുന്നതു രാമാവതാരത്തിനും കൃഷ്ണാവതാരത്തിനുമാണ്.

പ്രകൃത്യാരാധനക്കാരായ ആര്യന്മാരുടെ ദേവതകളിൽ നിന്നും മേൽ പ്രസ്താവിക്കപ്പെട്ടവിധമുള്ള ഏകദൈവം ഉത്ഭവിച്ചതെങ്ങിനെയെന്നു ഇതിനുപരി ചിന്തിക്കാം.

ഋഗ്വേദത്തോളംതന്നെ “വിഷ്ണു”വിനും പഴക്കമുണ്ടെന്നുള്ളതു നിശ്ചയംതന്നെ. വിഷ്ണുശബ്ദംതന്നെ “വിയൽ”ശബ്ദജന്യമാണ്. വിഷ്ണുവിനെ ഒരാദിത്യനായിട്ടാണ് വേദങ്ങളിൽ വിവരിച്ചുകാണുന്നതു്. വേദങ്ങളിൽ വിഷ്ണു ദേവന്മാരുടെ സേനാനായകനായും വർണ്ണിക്കപ്പെട്ടിട്ടുണ്ട്. “ഇന്ദ്രസ്യയുജ്യാഃ സഖാ” എന്ന വേദവചനപ്രകാരം വിഷ്ണു ഇന്ദ്രസഖാവാണെന്നും തെളിയുന്നു

വിഷ്ണുവിൻെറ സ്വഭാവം ബ്രാഹ്മണകാലത്തു സ്വല്പം മാറിയിട്ടുള്ളതായിക്കാണാം. “ശതപഥ”ത്തിൽ വിഷ്ണുവിനെ യജ്ഞമൂർത്തിയായികല്പിച്ചിരിക്കുന്നു. “നാരായണൻ” എന്ന നാമം വിഷ്ണുവിനു ആദ്യമായി നാം കാണുന്നതും “ശതപഥ”ത്തിലാണ്. എന്നാൽ ഈ ബ്രാഹ്മണങ്ങളിലൊന്നിലുംതന്നെ വിഷ്ണുവിനും ഭക്തിമാർഗ്ഗത്തിനും തമ്മിൽ പിൽക്കാലങ്ങളിൽ കാണുന്ന അഭേദ്യമായ ബന്ധം, നമുക്കു് ഒട്ടുംതന്നെ കാണാൻ കഴിയുന്നില്ല. ചില പാശ്ചാത്യപണ്ഡിതന്മാർ ഇതിൽനിന്നും അനുമിക്കുന്നതു ഭക്തിമാർഗ്ഗം ക്രിസ്തുമതത്തിൽനിന്നും ഇങ്ങോട്ടു സംക്രമിച്ചിട്ടുള്ളതാണെന്നാണ്. എന്നാൽ ക്രിസ്തുമതത്തിനു വളരെ മുൻപുതന്നെ ഭക്തിമാർഗ്ഗം വൈഷ്ണവമതത്തിൽ കാണാൻ സാധിക്കുമെന്നുള്ള ഏകവസ്തുത കൊണ്ടു മാത്രം തന്നെ മുൻപറഞ്ഞ വാദം ശിഥിലീകൃതമാവുന്നതാണ്.

“ബെസ്നഗർ” എന്ന സ്ഥലത്തു കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ലിഖിതങ്ങളിൽനിന്നും “ആൻറാൽക്കിഡാസ്” എന്ന ഗ്രീക്കരാജാവിൻെറ ആവശ്യപ്രകാരം Helisdorus എന്ന സ്ഥാനപതി ഒരു തൂണും അതിൻെറ മകുടഭൂഷണമായി ഒരു ഗരുഡവിഗ്രഹവും ഉണ്ടാക്കി “വാസുദേവ”നു സമർപ്പിച്ചതായി പ്രത്യക്ഷമാകുന്നുണ്ട്. ഇതിൻെറ കാലം ബി. സി. 140.നും 150-നും മദ്ധ്യേയാണെന്നു ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. Ghasundi എന്ന സ്ഥലത്തെ ശിലാഭിത്തി കുറേക്കൂടി പ്രാചീനമാണ്. “വാസുദേവനും” “സംകർഷണനു”മാണ് അതു സമർപ്പിക്കപ്പെട്ടിട്ടുള്ളതു്.

ഈ രേഖകളെല്ലാംതന്നെ ഉത്തരേന്ത്യയിൽ ഭാഗവതന്മാരെന്ന ഒരു വർഗ്ഗക്കാർ ഉണ്ടായിരുന്നുവെന്നും അവർ വാസുദേവഭക്തന്മാരായിരുന്നുവെന്നും വെളിവാക്കുന്നു. “വാസുദേവക”ന്മാരെപ്പററി പാണിനിയും പറയുന്നുണ്ട്. വാസുദേവനിൽ കേന്ദ്രീകൃതമായ ഭക്തിയോടുകൂടിയവർ വാസുദേവകന്മാരാണെന്നു പാണിനി തെളിച്ചുപറയുന്നു. പാണിനിയുടെ കാലം പാശ്ചാത്യപണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം ബി. സി. നാലാംശതകത്തിലാണ്. ബണ്ഡാർക്കറുടെ അഭിപ്രായം പാണിനിയുടെ കാലം ബി. സി. 7-ാംശതകത്തിലെന്നുമാണ്.

ബി. സി. ഏഴാംശതകംമുതൽ വാസുദേവാരാധന തുടങ്ങിയിരിക്കുന്നതായി മേൽ വിവരിച്ച സംഗതികളിൽനിന്നും അനുമിക്കാവുന്നതാണ്. തൈത്തരീയാരണ്യകത്തിൽ വാസുദേവശബ്ദം വിഷ്ണുപര്യായമായി പ്രയോഗിച്ചുകാണുന്നു.

വൃഷ്ണീനാം വാസുദേവോസ്മി
പാണ്ഡവാനാം ധനഞ്ജയഃ

എന്ന ഗീതാവാക്യപ്രകാരം വാസുദേവൻ വൃഷ്ണിവംശജനാണെന്നുംപ്രത്യക്ഷമാണ് മഹാഭാരതത്തിൽ പൗണ്ഡ്രകനെന്ന ഒരു വ്യാജവാസുദേവനെപ്പററി പ്രസ്താവിച്ചുകാണുന്നു. യഥാർത്ഥവാസുദേവൻ സംകർഷണസോദരനായ വാസുദേവനാണെന്നു മേൽ വിവരിച്ച ശിലാലിഖിതങ്ങൾ സാക്ഷ്യംവഹിക്കുന്നു. പതഞ്ജലിയുടെ മഹാഭാഷ്യത്തിൽ വാസുദേവൻ പുരാതനകാലത്തു് കംസവധം ചെയ്തതായി പറയുന്നുണ്ട്. ഇതു് കൃഷ്ണവാസുദേവന്മാരുടെ ഐക്യം സാധിക്കുന്നു. ഛന്ദോഗ്യോപനിഷത്തിൽ കൃഷ്ണൻ ദേവകീപുത്രനായും, ഘോര അംഗിരസ്സെന്ന മഹർഷിയുടെ ശിഷ്യനായും വർണ്ണിതനായിരിക്കുന്നു. കൃഷ്ണനെ ഗോപാലകനായിക്കാണുന്നതിനു കാരണം വിഷ്ണുവിനെ വേദത്തിൽ “ഗോപ”നെന്നു പരാമർശിച്ചിട്ടുള്ളതാണെന്നാണ് പണ്ഡിതമതം.

വിഷ്ണു, വാസുദേവനായും കൃഷ്ണനായും തിന്നതിനെ പററി പ്രതിപാദിച്ചുകഴിഞ്ഞുവല്ലൊ. ഇനി നമുക്കു നോക്കുവാനുള്ളതു് കൃഷ്ണൻ ഒരു യഥാർത്ഥപുരുഷനാണോയെന്നും ആണെങ്കിൽ കൃഷ്ണൻെറ കാലമേതെന്നുമാകുന്നു

പരീക്ഷിത്തിൻെറ ജനനത്തിനും നന്ദവംശസ്ഥാപനത്തിനും മദ്ധ്യേയുള്ള കാലം 1015 സംവത്സരമാണെന്നു മിക്കപുരാണങ്ങളും സമ്മതിക്കുന്നുണ്ട്. ജൈനഗ്രന്ഥങ്ങളിൽ കൃഷ്ണൻ 22-ാമത്തെ തീർത്ഥങ്കരൻെറസമകാലീനനായി പരാമർശിതനായിരിക്കുന്നു. നന്ദവംശസ്ഥാപനം ബി-സി 413-നോടടുപ്പിച്ചാണ്. അപ്പോൾ കൃഷ്ണൻെറ കാലം ബി- സി 1428-നിടയ്ക്കാണെന്നുവരും. കൃഷ്ണൻ ഘോരഅംഗിരസ്സിൻെറ ശിഷ്യനായി ബാല്യദശ കഴിച്ചുകൂട്ടി പ്രായപൂർത്തി വന്നതിനുശേഷം മധുരയിലെത്തിച്ചേർന്നിരിക്കണം. വേദങ്ങളിൽ വിഷ്ണു “ഗോപ”നെന്നു വർണ്ണിക്കപ്പെട്ടിട്ടുണ്ടെന്നുപറഞ്ഞിട്ടുണ്ടല്ലൊ അതിൽനിന്നും ഉത്ഭവിച്ചതായിരിക്കണം, അനന്തരകാലങ്ങളിൽ കൃഷ്ണനേയും ഗോപഗോപികളേയും സംബന്ധിപ്പിച്ചുള്ള നിരവധി കഥകൾ. ഭഗവൽഗീതയ്ക്കുതന്നെ ബി-സി. 4-ാം ശതവർഷത്തോളം പഴക്കമുണ്ടെന്നാണ് പണ്ഡിതമതം. വിഷ്ണുവിൻെറ ആയുധങ്ങളായ താമരയും ചക്രവും, സൂര്യസംബന്ധികളാണ്. ഈ വസ്തുതയും വിഷ്ണു ആദിത്യദേവതയായിരുന്നുവെന്നുള്ള ഊഹത്തിനു താങ്ങായിനിൽക്കുന്നു.

കൃഷ്ണനാൽ പഠിപ്പിക്കപ്പെട്ട ഈ പുതിയ മതം തൻെറ വംശക്കാരായ യാദവന്മാർതന്നെ ആദ്യമായി സ്വീകരിച്ചിരിക്കാം നാലാംശതകത്തിൽ മെഗസ്തനീസ്, അദ്ദേഹത്തിൻെറ പുസ്തകമെഴുതിയപ്പോൾ വാസുദേവാനുയായികളുടെ പ്രധാനകേന്ദ്രം മധുരയായിരുന്നുവെന്നു കാണാം. Ghasundi, Besngar, എന്നീ സ്ഥലങ്ങളിലെ രേഖകളിൽനിന്നും ഒരു കാര്യം വ്യക്തമാണ്. അതു് ബി. സി. രണ്ടാംശതകത്തിൽ ഭാഗവതമതം ഉത്തരേന്ത്യ മുഴവൻ വ്യാപിച്ചിട്ടുണ്ടായിരുന്നുവെന്നാണ്. ശാന്തിപർവ്വത്തിൽ വാസുദേവൻ പരമാത്മാവായും സംകർഷണൻ ജീവാത്മാവായും രൂപണം ചെയ്തിരിക്കുന്നു ക്രിസ്ത്വബ്ദത്തോടുകൂടി വിഷ്ണുമതം ഇന്ത്യ മുഴവൻ പടന്നു പിടിച്ചുകഴിഞ്ഞു. ഭാഗവതമതം വിഷ്ണുമതമായി രൂപാന്തരപ്പെടുകയും ചെയ്തു.

വൈഷ്ണവമതത്തിൽ ലക്ഷ്മ്യാരാധനവും പ്രധാനമാണ്. ഗ്രീക്കുകാരുടെ “പാല്ലസ്സ് അത്തിനി” ലക്ഷ്മിയായി രൂപാന്തരപ്പെട്ടതാണെന്നൊരു പക്ഷമുണ്ട്. രജ്ജുവേല

(Rajuvelas coins) ൻെറ നാണയങ്ങളിൽ ഒരു ഭാഗത്തു ലക്ഷ്മീരൂപവും മറുവശത്തു "അത്തീനി"യുടെ രൂപവും കൊത്തിയിരിക്കുന്നതു ഈ അഭിപ്രായത്തിന്നു ഉപോൽബലകമായി നിൽക്കുന്നു.

ഗുപ്തരാജാക്കന്മാരുടെ കാലം വൈഷ്ണവമതത്തിൻെറ സുവർണ്ണദശയായിരുന്നു. വൈഷ്ണവപുരാണങ്ങൾ പലതും ഇക്കാലത്തു എഴുതപ്പെട്ടു. രാജാക്കന്മാരെല്ലാവരുംതന്നെ വിഷ്ണുഭക്തന്മാരായിരുന്നു. ഗുപ്തവംശത്തിൻെറ അധഃപതനത്തിനുശേഷം ഉത്തരേന്ത്യയിലെ പ്രബലരാജാക്കന്മാരായ "മിഹിരാഗുലൻ" 'യശോധർമ്മൻ' "ഹർഷൻ" എന്നിവർ ഭാഗവതമതക്കാരായിരുന്നില്ല. തന്മൂലം വൈഷ്ണവമതത്തിനു തെല്ലു കോട്ടം സംഭവിച്ചതായി തോന്നുന്നു. ഇക്കാലത്തു വൈഷ്ണവമതത്തിൻെറ പ്രബലഃകന്ദ്രം തമിഴനാടായരുന്നു. ആൾവാരന്മാരുടെ കാലവും ഇതായിരുന്നു. ഇവരിൽ ഒരാൾ ഒരു തിരുവിതാംകൂർ രാജാവാണെന്നുള്ളതു തിരുവിതാംകൂർകാർക്കും ഒന്നിലധികംപേർ നായന്മാരായിരുന്നുഎന്നുള്ളതു നായന്മാർക്കും അഭിമാനജനകമാണു.

ആൾവാരന്മാരിൽ അവസാനത്തെ ആൾ എ. ഡി. എഴാംശതകത്തിലാണു ജീവിച്ചിരുന്നതു.

ആൾവാരന്മാരെ പിൻതുടൎന്നു ആചാര്യന്മാർ വൈഷ്ണവമതത്തെ പോഷിപ്പിച്ചുതുടങ്ങി. ഈ വകുപ്പിൽ ആദ്യത്തെ ആചാര്യൻ നാഥമുനി എന്ന തെലുങ്കുപണ്ഡിതനായിരുന്നു. നാഥമുനിയെ തുടൎന്നു പുണ്ഡരികൻ, രാമമിശ്രൻ എന്നീ ആചാര്യന്മാർ വൈഷ്ണവമതത്തെ പരത്തി. യമുനാചാര്യൻ വിസ്മരിക്കാൻ വഹിയാത്ത ഒരു നാമധേയമാണു സിദ്ധിത്രയം, ഗീതാൎത്ഥസംഗ്രഹം, സ്തോത്രരത്നം മുതലായി അനവധി വൈഷ്ണവഗ്രന്ഥങ്ങളുടെ കൎത്താവായ ഈ മാന്നാർകുടിബ്രാഹ്മണനാണു രാമാനുജാചാൎയ്യൎക്കുള്ള വഴിതെളിച്ചുകൊടുത്തതു. മീമാംസകന്മാരുടെ കർമ്മമാൎഗ്ഗത്തെ ഇവർ പാടേ നിഷേധിച്ചു. ജ്ഞാനമാൎഗ്ഗത്തിൽ അടിയുറപ്പിച്ച ശങ്കരപ്രഭൃതികളെയും അവർ ധിക്കരിച്ചു; എന്തെന്നാൽ ശങ്കരൻെറ "ഏകമേവാദ്വിതീയ" സിദ്ധാന്തത്തിൽ ഭക്തിക്കു തീരെ സ്ഥാനമുണ്ടായിരുന്നില്ല. അദ്വൈതസിദ്ധാന്തത്തിനെതിരായ പ്രചരണങ്ങൾ 13-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന മധ്വാചാൎയ്യർ തുടൎന്നുകൊണ്ടുപോയി. ആചാൎയ്യന്മാരെല്ലാവരുംതന്നെ വർണ്ണാശ്രമനിഷ്ഠന്മാരായിരുന്നു. ജാതിയേയും ശാസ്ത്രങ്ങളേയും പ്രബലമായി പിൻതാങ്ങുന്നവരായിരുന്നു അവർ. ഈ ആചാൎയ്യന്മാരുടെ വംശാവലിയിൽപെട്ട "രാമാനന്ദൻ" ആഭിജാത്യം അല്പം കുറഞ്ഞവനായിരുന്നതിനാൽ കൂട്ടുകാരാൽ പുച്ഛിക്കപ്പെട്ടുവെന്നും തന്മൂലം കുപിതനായി ഉത്തരേന്ത്യയിലേക്കു തിരിച്ചു ജാതിനിഷ്ഠമല്ലാത്ത വൈഷ്ണവമതത്തെ പ്രചരിപ്പിച്ചുവെന്നും പറയപ്പെടുന്നു. കബീർ, തുളസീദാസ്, ചൈതന്യൻമുതലായവർ ഇദ്ദേഹത്തിൻെറ ശിഷ്യന്മാരും പ്രശിഷ്യന്മാരുമാകുന്നു. അനന്തരമുള്ള വൈഷ്ണവമതത്തിൻെറ കഥ സുവിദിതവുമാണല്ലോ.

---

# കരുമ്പി.

തൈക്കാട്ടു ചന്ദ്രശേഖരൻനായർ.

I

അവളെക്കരുമ്പി കരുമ്പിയെന്നാ-
ണിവിടെപ്പലരും വിളിച്ചുകേൾപ്പൂ.
കുവലയമൊട്ടവളെൻെറഹൃത്താം
നവമലർപ്പൊയ്കകൊതിച്ചപുഷ്പം!
ശകലം നിറപ്പകിട്ടില്ല, പക്ഷേ-
യകമക്കമെനിക്കു പാട്ടിലായി!!

വയലിൻനടുക്കു ഞാനാദ്യമന്നാൾ
പ്രിയയെസ്സമീക്ഷിച്ചനന്നാനേരം
പുലർവെട്ടം നീരദത്തൊങ്ങൽവിട്ടി-
യുലകത്തെപ്പൊൻപൂശാനെത്തിനോക്കി.

പുരികുഴൽകെട്ടഴിഞ്ഞോമലാളിൻ
പുറകിൽ ചിതറിപ്പറന്നിരുന്നു,
തരിവളയിട്ടു പഴകിടാത്ത
കരവല്ലി പുൽക്കുട്ടയാന്നിരുന്നു,
പകുതിവെളുപ്പിലേ മഞ്ഞണിഞ്ഞ
തുകിലൊട്ടിപ്പൂന്തനു കണ്ടിരുന്നു.

അരുവയർമുത്തു കരുമ്പിയാവാം
ശരി,യെന്നാൽ കൗതുകമക്കരിങ്കൺ!

II

തരളഹൃദയ യഥാസ്ക്കുമാരി
വിരവിൽകൊടുങ്കാററിൻദ്ദുതുണർത്തി;
അമിതം തൻപുള്ളിപ്പശുക്കിടാവ-
ന്നമറുന്നതുകേട്ടു വെമ്പലോടെ
ചടുലാക്ഷിയോടിവരമ്പുകേറി
ക്കുടിലിൻെറ മുററമണഞ്ഞുവേഗം
വിടരും നയനങ്ങൾപൊക്കി, മാരി
തുടരും പകിട്ടുകൾപാൎത്തുവാനിൽ!

അറികത്തുഞാററടിയ്ക്കുക്കരയി-
ലറിയാതമട്ടു ഗമിയ്ക്കയായ്ഞാൻ;
അവളെന്നെനോക്കിയോ, നോക്കിയെങ്കി-
ലവൾമാത്രം—ഞാനും അറിഞ്ഞിരിക്കും

വരളുന്ന കന്നിവെറിയമത്താ-
നിരുൾകൊണ്ടുകൊണ്ടൽപരന്നപോലെ,
അലരിട്ടകാനനമുച്ചവെയ്ലിൽ-
ക്കലരും തളിർത്തണലെന്നപോലെ,
പരിചിന്തചിന്തുംവസന്തരാവി-
ലപരിചിതാന്ത രാഗാശപോലെ,
നിരുപിയ്ക്കിലേഴഴകുംചൊരിഞ്ഞു
തരുണിയ്ക്കു കായകായാമ്പുകാന്തി!

ശകലം നിറപ്പകിട്ടില്ല,പക്ഷേ-
യകമക്കരുമ്പിയ്ക്കുഞാൻകൊടുത്തു!!

---


## പ്രചാരത്തിനായിമത്സരവില.



വളരെ ബലമുള്ള വെള്ളവല കൊണ്ടുണ്ടാക്കപ്പെട്ടതോ മനോഹര വർണ്ണങ്ങളിലുള്ളതോ ആയതും വളരെ ഈടുള്ളതുമായ സ്വദേശി കൊതുകുവലകൾ, ഒരേവിലയ്ക്കു വിൽക്കപ്പെടുന്നു. ഇഷ്ടമുള്ള ഏതു വലിപ്പത്തിലും ആർഡർ കിട്ടിയ 4 മണിക്കൂറിനകം ചെയ്തുതരുന്നതാണു.

| നീളം. | വീതി. | ഉയരം. | | വില. | |
|---|---|---|---|---|---|
| 6 | $3\frac{1}{2}$ | $2\frac{1}{2}$ | 1 | 14 | 0 |
| 6 | 4 | 4 | 2 | 0 | 0 |
| $6\frac{1}{2}$ | $4\frac{1}{2}$ | $4\frac{1}{2}$ | 2 | 8 | 0 |
| 7 | 5 | 5 | 3 | 0 | 0 |
| $7\frac{1}{2}$ | 6 | 6 | 4 | 0 | 0 |

ഏതെങ്കിലും നാലുവലകൾ ഒരുമിച്ചു വാങ്ങുന്നവൎക്കു തപാൽചിലവും 6 എണ്ണം വാങ്ങുന്നവൎക്കു ഇക്കാണുന്ന മനോഹരമായതും ൪ വർഷത്തെ ഗാറൻറിയുള്ളതുമായ നിക്കൾ റിസ്റ്റവാച്ചും ഇനാം. മാതൃക കട്ടിംഗ്സിനു അപേക്ഷിക്കുക.

Bijaya Shambhu & Co
Baralazar, Calcutta.

## സൈൻറിഫിക്ക് സ്വർണ്ണാഭരണങ്ങൾ

— ❋ —

(തനി സ്വർണ്ണത്തിനു പകരമുള്ളതു)

ഹൈക്കോടതിജഡ്ജിമാർ, ഗവൎമ്മെൻറിൻെറ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു.




പുതിയ ക്യാററലാഗ് ഇനാം.

**The Scientific Gold Bangles Co., Ltd,**
Head Office:- 43, Byragimatam Street,
Post Box No. 203. MADRAS

## അമരസിംഹൻ.

രജപുത്രരാജാക്കന്മാരുടേയും, രാജ്ഞികളുടെയും വീരകൃത്യങ്ങളെക്കൊണ്ടു നിബിഡമായ ഒരു നോവൽ. വില അണ 12.

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ് — കൊല്ലം

# പ്രപഞ്ചം.

കെ. രാമകൃഷ്ണൻ നായർ ബി. ഏ.

ഈ പ്രപഞ്ചം ജ്വലിച്ചുകൊണ്ടിരുന്ന ശൂന്യതയിൽ നിന്നും ഏതൊ കാരണവശാൽ ഘനീഭവിച്ച വസ്തുരൂപത്തിൽ പരിണമിച്ചതാണെന്നാണു് വിചാരിക്കപ്പെടുന്നതു്. സൌരയൂഥത്തിൽപെട്ട ഗ്രഹങ്ങൾതന്നെ ഒരു ഭീമഗോളമായിരുന്നു എന്നും മററു ഗ്രഹസമൂഹങ്ങളുമായുണ്ടായ സംഘർഷണഫലമായിട്ടാണു് ഇന്നു കാണുന്നവിധത്തിൽ സ്വകാര്യവർത്തികളായി ഭിന്നരൂപത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നതെന്നും ശാസ്ത്രം അനുമാനിച്ചിരുന്നു ചന്ദ്രഗ്രഹം ഭൂമിയുടെ ഒരു ഭാഗമായിരുന്നതായും അതു പൊട്ടിത്തെറിച്ചുപോയപ്പോഴാണു പെസഫിക്ക് മഹാസമുദ്രം ആവിർഭവിച്ചതെന്നും സൗകര്യമായി ഊഹിക്കപ്പെട്ടിരുന്നു. 'ഒന്നായിനിന്ന' ഈ ഗ്രഹങ്ങൾക്കുതന്നെ വിരുദ്ധഭാവങ്ങളും വിരുദ്ധധർമ്മങ്ങളും ഉണ്ടായതെങ്ങിനെ എന്നുള്ള ചോദ്യത്തിനുത്തരം ആധുനികശാസ്ത്രം കണ്ടെത്തിയിട്ടില്ല. ശൂന്യതയിൽനിന്നു ഉണ്ടായതാണെങ്കിൽ വസ്തുരൂപത്തിൽ ഈ പ്രപഞ്ചം ആവിർഭവിക്കുന്നതിനു കാരണമായി പിന്നിൽനിന്ന ശക്തിയെന്തെന്നുപോലും ശാസ്ത്രം തീർത്തുപറയുന്നില്ല. മതശാസ്ത്രങ്ങളാകട്ടെ വിശേഷാൽപത്തി പ്രപഞ്ചശില്പിയുടെ അപ്രമേയപ്രഭാവത്തിലാണെന്നു പറഞ്ഞു് മനുഷ്യന്റെ ജിജ്ഞാസയെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നു. സയൻസിന്റെ സാമഗ്രികൾക്കുള്ളിൽ വെളിപ്പെടാത്തതുകൊണ്ടു് അതൊന്നും ശാസ്ത്രലോകം അംഗീകരിക്കുന്നില്ല.

മനുഷ്യദൃഷ്ടിക്കു ഗോചരമായ പരിധിക്കപ്പുറം യാതൊന്നുമില്ലെന്നുള്ള വിശ്വാസം കുറച്ചു മുൻപുവരെ പ്രബലമായിരുന്നു. ദൂരദർശിനിയന്ത്രത്തിന്റെ ആവിർഭാവത്തിനു ശേഷം വേറെയും അനവധിഗ്രഹസമൂഹങ്ങളുണ്ടെന്നു കണ്ടുപിടിക്കപ്പെട്ടു. അതിൽപിന്നീടാണു് ഈ അനന്തവിസ്തൃതിക്കുള്ളിൽ ഭൂമി ഒരു അണു മാത്രമെ ആകുന്നുള്ളു എന്നു വിശ്വസിക്കാൻ തുടങ്ങിയതു്. എങ്കിലും പ്രകൃതിനിയമങ്ങൾ ഈശ്വരകല്പിതങ്ങളെന്നും മനുഷ്യമോഹങ്ങളെന്നും വിചാരിച്ചിരുന്നു. ന്യൂട്ടനുശേഷം കേന്ദ്രാകൃഷ്ടി (gravitation) ഈശ്വരതുല്യം ശാസ്ത്രലോകത്താൽ ആരാധിക്കപ്പെട്ടു ആ തത്വത്തെ അടിസ്ഥാനപ്പെടുത്തി ശാസ്ത്രം പലസിദ്ധാന്തങ്ങൾക്കും വഴിതെളിച്ചു. സർവ്വപ്രതിബന്ധങ്ങളേയും കടന്നും ശൂന്യതയിൽ കൂടിയും ആകർഷണശക്തിപ്രകടമാകുന്നതിനുള്ള കാരണങ്ങളാണു കൂടുതൽ ശ്രദ്ധയെ ആകർഷിച്ചതു്. ഓരോ ഗ്രഹങ്ങൾക്കും സ്വതഃസിദ്ധമായ ഒരു ആകർഷണശക്തിയുണ്ടെന്നുംഅതുമൂലമാണുസ്വസ്ഥാനത്തിൽനിന്നു അവ വ്യതിചലിക്കാത്തതെന്നുംതെളിയിച്ചു. പരീക്ഷണങ്ങൾക്കു അത്ര വേഗം വഴങ്ങിക്കൊടുക്കാത്ത പ്രപഞ്ചത്തെപ്പററിയുള്ള വാസ്തവങ്ങളും സത്യങ്ങളും ക്രമേണ ശാസ്ത്രത്തിന്റെ വളർച്ചയിൽ 'സൌകര്യങ്ങൾ' മാത്രമായിത്തീർന്നു.

ന്യൂട്ടന്റെ കാലം കഴിഞ്ഞു. പ്രപഞ്ചത്തെപ്പററിയുള്ള പ്രായോഗികപരീക്ഷണങ്ങളും നിലച്ചു. ഇപ്പോൾ ശാസ്ത്രത്തിന്റെ വളർച്ച മാനസികമാണെന്നുതന്നെ പറയാം. മനസ്സുതന്നെ വസ്തുവിൽനിന്നു ഭിന്നമല്ലെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ടു്. വിദ്യുച്ഛക്തിതന്നെ അപചയം ചെയ്യാൻ പാടില്ലാത്തകേവലവസ്തുക്കളുടെ (Irreducible elements) കൂട്ടത്തിൽ ഉൾപ്പെട്ടുകഴിഞ്ഞിരിക്കുന്നു. Electron-ന്റെ ഭാരം മുഴുവൻ വിദ്യുച്ഛക്തികൊണ്ടുള്ളതാണെന്നു കണ്ടുപിടിച്ചിരിക്കുന്നു.

എയിൻസ്റ്റീൻ (Einstein) എന്ന ആധുനികശാസ്ത്രജ്ഞനാണു് പ്രപഞ്ചത്തിനു് പുതിയ രൂപവും സ്വഭാവവും കല്പിച്ചതു്. ഏററവും സ്വതന്ത്രമായി അദ്ദേഹം കണ്ടുപിടിച്ച വിശ്വസ്ഥിതിനിയമങ്ങൾ അധൃഷ്യമായി വിചാരിക്കപ്പെട്ടിരുന്ന ശാസ്ത്രത്തിന്റെ ചില മൂലതത്വങ്ങളെക്കൂടി സ്തംഭിപ്പിച്ചു. കേന്ദ്രാകൃഷ്ടി എന്നൊന്നില്ലെന്നു അദ്ദേഹം തീർത്തുപറഞ്ഞു: സ്ഥലകാലദൈർഘ്യം (space time continuum എന്നൊരു മാനദണ്ഡത്തിലാണു് അദ്ദേഹത്തിന്റെ തത്വങ്ങൾ അധിഷ്ഠിതമായിരിക്കുന്നതു്. അതിന്റെ സ്വാഭാവികമായ വളവാണു് പ്രപഞ്ചത്തെ ഗോളരൂപത്തിൽ നിവർത്തിപ്പിച്ചതു് ഇതുതന്നെയാണു് ആകർഷണഭാവത്തിൽ പ്രകാശിക്കുന്നതു്. ഗ്രഹങ്ങളുടെ സംക്രമണമാർഗ്ഗം അവയെ ആവരണം ചെയ്യുന്ന സ്ഥലകാലദൈർഘ്യത്തിൽ കൂടിയുള്ള എളുപ്പവഴികൾ മാത്രമാണു്. അവ അതിൽകൂടി സ്വാഭാവികമായുള്ള നേർമാർഗ്ഗങ്ങളാണു് സാധാരണ സ്വീകരിക്കുന്നതു്.

ഇന്നത്തെ ശാസ്ത്രദൃഷ്ടിയിൽ സ്ഥലത്തിനും കാലത്തിനും യാതൊരർത്ഥവുമില്ലാത്തവിധത്തിൽ പ്രപഞ്ചം മഹത്തും ഭീമവുമായി കാണപ്പെടുന്നു. ഏതെങ്കിലും ഒന്നിനെ നിർണ്ണയിക്കുന്നതിനു മനുഷ്യനു പരിചിതമായ സ്ഥലകാലവ്യവസ്ഥകളാണു ഇന്നു ശാസ്ത്രാഭിവൃദ്ധിക്കും പ്രപഞ്ചസ്ഥിതിയുടെ ഗ്രഹണത്തിനും ബാധകമായി നിൽക്കുന്നതു്. ഈ പ്രപഞ്ചത്തിൽ യാതൊന്നും യാതൊരുനേരത്തേക്കും നിശ്ചലമായി നില്ക്കുന്നില്ല. അതിനാൽ സമയവും സ്ഥലവും പൂർണ്ണമായി അളക്കുന്നതിനു സാദ്ധ്യമല്ല. ഏതൊരു വസ്തുവും സ്ഥലകാലങ്ങളിൽനിന്നു സ്വതന്ത്രമായ ഒരു യാഥാർത്ഥ്യമല്ലെന്നു വ്യക്തമായിട്ടുണ്ടു്. നമുക്കു പരിചിതമായവിധത്തിൽ വസ്തുവിനു സ്ഥിരമായ ഭാരം എവിടേയും ഉണ്ടെന്നു വിചാരിക്കാൻ നിവൃത്തിയില്ല. അതിന്റെ സ്ഥൂലസ്വരൂപംതന്നെ അക്ഷയമല്ലെന്നാണു ശാസ്ത്രം പഠിപ്പിക്കുന്നതു്.

സൌരയൂഥത്തിൽ സൂര്യനാണല്ലോ നായകസ്ഥാനീയനായി നിൽക്കുന്നതു്. സൂര്യനേക്കാൾ ഉഷ്ണാവുള്ളതും വലിപ്പമുള്ളതുമായ നക്ഷത്രങ്ങൾ അനവധിയുണ്ടു അവയ്ക്കും അന്തേവാസികളായി അന്യോന്യാലംബികളായ ഗ്രഹങ്ങളുമുണ്ടു്. അങ്ങിനെയുള്ള ഓരോ ഗ്രഹസമൂഹങ്ങൾക്കു് വിശ്വദീപങ്ങൾ (Island Universes orgalaxies or spiral nebulae) എന്നു നാമകരണം ചെയ്തിരിക്കുന്നു. എഡിങ്ടന്റെ (Edington) ഗണനയനുസരിച്ചു ഏകദേശം ആയിരംകോടി വിശ്വദീപങ്ങളുണ്ടെന്നു അറിഞ്ഞിട്ടുണ്ടു്. ഓരോന്നിലും ശരാശരി അത്രയുംതന്നെ നക്ഷത്രങ്ങളും ഉണ്ടെന്നു ഊഹിക്കപ്പെടുന്നു. ഇന്നുള്ള അതിശക്തമായ ദൂരദർശിനിക്കു കാണാവുന്നതിൽ ഏററവും ദൂരെയുള്ളതു 150 തേജോവത്സരങ്ങൾഅകലെയാണു്. (നിമിഷമൊന്നിനു 186 മൈൽ വീതം പായുന്ന രശ്മി ഒരുകൊല്ലംകൊണ്ടു പോകുന്ന ദൂരത്തിനു തേജോവൽസരങ്ങൾ എന്നു പറയുന്നു.) ആ ഗ്രഹംതന്നെ സെക്കന്റൊന്നിനു് 15000 മൈൽ വേഗത്തിൽ അകന്നുകൊണ്ടിരിക്കുന്നു. ക്ലിപ്തമെന്നു വിചാരിച്ചിരുന്ന ഈ പ്രപഞ്ചത്തിലെ ഗ്രഹസമുച്ചയങ്ങൾ ഇങ്ങിനെ അതിവേഗത്തിൽ അകന്നുകൊണ്ടാണിരിക്കുന്നതു്. അവയുടെ അകൽച്ചാക്രമം പ്രപഞ്ചവികാസത്തിന്റേയും മാനദണ്ഡമായി ഗണിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഈ വിശ്വത്തിനു യാതൊരു പരിധിയും കല്പിക്കാൻ നിവൃത്തിയില്ലാത്തവിധത്തിലാണു് ശാസ്ത്രജ്ഞാനം നിൽക്കുന്നതു്. അവയെ ആകാശസംബന്ധിയായി നിർണ്ണയിക്കുന്നതും അസാദ്ധ്യമെന്നു വന്നുകഴിഞ്ഞു സൌരയൂഥംതന്നെ വിഗാ (Viga) എന്ന നക്ഷത്രത്തേ ലക്ഷ്യമാക്കി പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ ആ നക്ഷത്രവും പ്രപഞ്ചദീപങ്ങളുടെ സാമാന്യഭ്രമണത്തിൽ ഉൾപ്പെട്ടുമിരിക്കുന്നു. അങ്ങനെ എത്ര പോയാലും ആപേക്ഷികസ്പന്ദമല്ലാതെ സ്വതന്ത്രമായ ഗതി കാണുകയില്ല. സമയം, സ്ഥലം, വസ്തു, ഗതി എന്നു പറയുന്നതെല്ലാംതന്നെ സർവ്വസ്ഥിതമായും സർവ്വഗ്രാഹിയായുമുള്ള സ്ഥലകാലദൈർഘ്യം എന്ന സംപൂർണ്ണയാഥാർത്ഥ്യത്തിന്റെ സ്വഭാവങ്ങൾ മാത്രമെ ആകുന്നുള്ളു. സ്ഥലത്തിന്റെ മൂന്നളവുകൾ (നീളം, വീതി, ഘനം) സമയത്തിന്റെ ഒരളവിനോടു ചേർത്തുള്ള മാനദണ്ഡമാണു് സ്ഥലകാലദൈർഘ്യം. ഇതു് ഒരു ഭൂമിതിക്കു് (geometry) വിധേയമാകുന്നു. ഈ ഭൂമിതിയാണു പ്രകൃതിനിയമങ്ങളെന്നു നാം വ്യാഖ്യാനിക്കുന്നതു്. ആകൃഷ്ടിയും ഇതിന്റെ ഒരു സ്വഭാവം മാത്രമാണെന്നാണു കണ്ടുപിടിച്ചിരിക്കുന്നതു്. അതിനാൽ ഈ പ്രപഞ്ചത്തിന്റെ പരിധികൾ മാനുഷികമായ കാലത്തിന്റേയും സ്ഥലത്തിന്റേയും ബോധത്തിൽനിന്നു് അകന്നും അതിലെ വസ്തുസമൂഹത്തിന്റെ സ്ഥിതിഗതികൾ വെറും സമയത്തിന്റേയും കാലത്തിന്റേയും അളവുകളിൽ ഒതുങ്ങാത്തതായും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഇന്നു പ്രപഞ്ചത്തിൽ വസ്തുരൂപത്തിൽ കാണുന്ന പദാർത്ഥങ്ങളെല്ലാംതന്നെ സർ

ഗ്രാഹിയായും സഞ്ചാരമായുമുള്ള ജഗൽപ്രാണച്ചുഴലിയുടെ അസ്ഫുടസ്ഫുലിംഗങ്ങളായിരുന്നു എന്നാണ് ശാസ്ത്രം ആദ്യം ഊഹിച്ചതു്. യാതൊന്നു ഈശ്വരന്റെ പ്രത്യേകസൃഷ്ടിയല്ലെന്നും പ്രകൃതിനിയമങ്ങൾക്കിടയ്ക്കുണ്ടായ യാദൃശ്ചികസംഭവങ്ങളാണ് ഇന്നത്തെ വസ്തുവും ജീവനും ഉണ്ടാകുന്നതിനു കാരണമെന്നും പറയപ്പെടുന്നു. വസ്തുവിൽനിന്നും ജീവനുണ്ടായതെങ്ങിനെയെന്നുള്ള വിഷമപ്രശ്നത്തിനു രണ്ടും സമകാലികമാണെന്നുതന്നെയാണു സമാധാനം ചില തെളിവുകളിൽനിന്നു ഭൂമിക്ക് ഇരുപതിനായിരംകോടി വർഷത്തെ പഴക്കമുണ്ടെന്നാണു പറയുന്നതു്. പ്രകൃതി സ്ഥലകാലപരിധിക്കുള്ളിലുള്ള വസ്തുസമൂഹമാണെന്നായിരുന്നുവല്ലോ ആദ്യം വിചാരിച്ചിരുന്നതു്. എന്നാൽ യൂക്ലിഡിന്റെ (Euclid) ഭൂമിതിയിൽനിന്നു ഭിന്നമായ ഒരു ജ്യാമിതി (Geomety) യിൽ അധിഷ്ഠിതമായ ഗണിതശാസ്ത്രമാണു് മനുഷ്യന്റെ ബുദ്ധിചരിത്രത്തിൽ നവ്യപ്രകാശം പ്രസരിപ്പിച്ചതു്. അതിനുശേഷം പ്രകൃതിയുടെ പ്രാഥമികസാധനങ്ങൾ സ്ഥലകാലങ്ങളിൽ സ്ഥൂലരൂപത്തിൽ വർത്തിക്കുന്നില്ലെന്നു തീർച്ചപ്പെടുത്തി. അതിന്റെ രൂപം അർത്ഥമില്ലാത്ത കാലത്തിന്റെ പോക്കനുസരിച്ച് സംയോജിപ്പിക്കപ്പെടുന്നുമില്ല യഥാർത്ഥത്തിൽ അവയെല്ലാം സ്ഥലകാലദൈർഘ്യത്തിലെ സംഭവങ്ങൾ മാത്രമാണ്. ആധുനികശാസ്ത്രദൃഷ്ടിയിൽ വസ്തുക്കൾക്കല്ല സംഭവങ്ങൾക്കാണ് പ്രതിഷ്ഠയും രൂപവും ഉള്ളതു്. അതിൽ (സ്ഥലകാലദൈർഘ്യത്തിൽ) ഭൂതകാലസംഭവങ്ങളെപ്പോലെതന്നെ ഭാവിസംഭവങ്ങൾക്കും സ്ഥാനവും നിശ്ചിതത്വവും ഉണ്ടു്. നമ്മുടെ കണ്ണുകൊണ്ടു കാണുന്നതല്ല വാസ്തവമെന്നുള്ള ശാസ്ത്രഘോഷം 'മായ' എന്ന തത്വചിന്തയുടെ ഭാഗങ്ങളേയും പോഷിപ്പിച്ചു എന്നു വരാം. ഭാവിയുടെ നിശ്ചിതത്വം വിധിവിശ്വാസികളേയും ആശ്വസിപ്പിക്കുന്നുണ്ടാവും ഏതെങ്കിലും ആധുനികശാസ്ത്രത്തിന്റെ ഗതി തത്വചിന്താനുബന്ധിയായ മാറ്റത്തിലും പരീക്ഷണപരിധിയെ കടന്നുള്ള മണ്ഡലത്തിലും ആണെന്നുള്ളതിൽ തർക്കമില്ല എന്നാലും ശാസ്ത്രത്തിനു് ഇന്നു മുൻപുണ്ടായിരുന്നതിൽക്കൂടുതൽ സംശയങ്ങളും അനിശ്ചിതത്വവും ഉണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു

ഇനിയും പ്രപഞ്ചത്തിന്റെ ശക്തിസമുച്ചയത്തെപ്പററി ശാസ്ത്രാഭിപ്രായമെന്തെന്നു നോക്കാം. സൂര്യൻതന്നെ മിനിട്ടൊന്നിനു അതിന്റെ വസ്തുസമൂഹത്തിൽനിന്നും 250 ടൺ വീതം വസ്തുശക്തിരൂപത്തിൽ ഉൽസർജ്ജിക്കുന്നു. അങ്ങിനെ അതിന്റെ ഊഷ്മാവ് ക്രമേണകുറഞ്ഞും ശൂന്യസ്ഥലത്തിന്റെ ചൂടു് വർദ്ധിച്ചുംവരുന്നു. മററു നക്ഷത്രങ്ങളുടേയും സ്ഥിതി ഇതുതന്നെ ചില നക്ഷത്രങ്ങൾ നശിപ്പിക്കുന്ന ചൂടും വെളിച്ചവും സൂര്യനേക്കാൾ സഹസ്രഗുണം കൂടുതലാണു്. പ്രപഞ്ചത്തിന്റെ ശക്തി സ്ഥിരമായി നിൽക്കുന്നു എങ്കിലും ഗ്രാഹ്യാംശം കുറഞ്ഞുതന്നെയാണു വരുന്നതു്. പലരൂപത്തിൽ വർഷിക്കപ്പെട്ടുപോകുന്ന ശക്തി പൂർവ്വസ്ഥിതിയിൽ സമാഹരിക്കുന്നതിനു (സാന്ദ്രീകരിക്കുന്നതിനു) (concentrated form) യാതൊരു പ്രവൃത്തിയും നടക്കുന്നില്ലെന്നുതന്നെ വിചാരിക്കാം അങ്ങിനെയാണെങ്കിൽ പ്രപഞ്ചത്തിലുള്ള സർവ്വവസ്തുക്കളും ശക്തിരൂപത്തിൽ അലിഞ്ഞുതേഞ്ഞുപോവുകയോ എല്ലാം ഒരു നിർജ്ജീവപരിമാണത്തിൽ പരിണമിക്കുകയോ ചെയ്യേക്കാം. അപ്പോൾ നാം നാശോന്മുഖമായ ഒരു പ്രപഞ്ചത്തിൽ ജീവിക്കുകയാണു ചെയ്യുന്നതു്. ആ തെളിവുകളിൽനിന്നാണു വിശ്വത്തിനു് ഒരു നിശ്ചിതമായ ആദിയുണ്ടായിരുന്നു എന്നു തെളിയിക്കുന്നതു്. അതോ പൂർണ്ണതയിലേക്കു പരിണാമഫലമായി വളർന്നുവന്നതാണോ. അങ്ങിനെയാണെങ്കിൽ പൂർണ്ണതയിൽനിന്നുള്ള ക്ഷണികമായ ക്ഷയകാലം എന്നുതുടങ്ങി. ഈ ബ്രഹ്മാണ്ഡം പൂർണ്ണമായിത്തന്നെ പെട്ടെന്നു് ആവിർഭവിച്ചുഎന്നോ അനന്തനാശത്തിലേക്കു ജ്വലിച്ചു പായുന്നതിനു മാത്രം സമഗ്രസന്നദ്ധമായി ശൂന്യതയിൽനിന്നു ഇങ്ങു പൊങ്ങിവന്നതാണെന്നോ വിചാരിക്കുന്നതു സാഹസമാണ്. ഒരു പക്ഷെ ശാസ്ത്രത്തിൽ കാണുന്ന സമയംതന്നെ ഒരു വെറും മായയാണെന്നു വന്നേക്കാം ഏതെങ്കിലും ശാസ്ത്രാഭിപ്രായം പൂർണ്ണമായ വാസ്തവമാണെന്നു ഗണിക്കാൻ തരമില്ല.

ജീവൻ പദാർത്ഥചരിത്രത്തിൽ എവിടെയോ ഉണ്ടായ നിരർത്ഥകവും യാദൃച്ഛികവുമായ ഒരു കഥ മാത്രമാണെന്നു വിശ്വസിക്കുന്ന ആളുകൾ ഉണ്ടു. ആ അഭിപ്രായങ്ങൾക്കുതന്നെ മാററം വന്നിട്ടുണ്ടെങ്കിലും ബർട്രൻഡ് റസ്സൽ (Bertrand Russel) "പദാർത്ഥവും സ്പന്ദനവുമാണ് ഏകയാഥാർത്ഥ്യ"മെന്നു് ഒരിക്കൽ പറഞ്ഞിട്ടുണ്ടു്. (The sole reality is matter and motion) ജീവൻ യാദൃച്ഛികമായുണ്ടായതാണെങ്കിൽ വേറെ ബഹുലക്ഷം ഗ്രഹങ്ങളിലും ജീവികളുണ്ടെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു അവയിൽ ഭൂമി ഏററവും ബാല്യദശയിലാണെന്നു വിചാരിക്കാനും ന്യായങ്ങളുണ്ടു്. എന്നാൽ ഇതേവരെ 'ചൊവ്വാ'യിൽമാത്രമേ ജീവികളുള്ളതായി വിശ്വസിക്കപ്പെടുന്നുള്ളൂ. ചന്ദ്രനിലും ജീവസാദ്ധ്യമായ തണുപ്പുമാത്രമേ ഉള്ളൂ എന്നും പറയപ്പെടുന്നു. ഭൂമിയോടടുത്തുള്ള ഗ്രഹങ്ങളെയെങ്കിലും പ്രാപിക്കുന്നതിനുള്ള ശാസ്ത്രത്തിന്റെ ശ്രമങ്ങൾ പ്രായോഗികമായിത്തീർന്നിട്ടില്ല. എത്രക്കു ദ്രവ്യയമാണു പ്രകൃതി സ്വകാമസിദ്ധിക്കുവേണ്ടി ചെയ്യുന്നതു് എത്രകോടി നക്ഷത്രങ്ങളാണു് കോടാനുകോടിവർഷങ്ങളായി ക്ഷണഭംഗുരവും അപ്രത്യക്ഷവുമായ കുറച്ചു ജീവനുണ്ടാകുന്നതിനുവേണ്ടി ദഹിച്ചുപോകുന്നതു. ഇതിനുള്ള കാരണങ്ങൾ ഇപ്പോഴും അജ്ഞേയമായിട്ടാണിരിക്കുന്നതു്. ഒരു കുമ്പിൾ മണ്ണിന്റെ ക്ഷയംകൊണ്ടു് ഒരു വലിയ കപ്പൽ അററ്ലാൻറിക്കുസമുദ്രത്തെ തരണംചെയ്യുന്നതിനു വേണ്ട ശക്തി ഉണ്ടാകുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്- ഇങ്ങനെ ഒരേവിധത്തിൽ അതിക്രമമായി നടക്കുന്ന പദാർത്ഥനാശംകൊണ്ടാണു് (Annihilation of matter) ജീവനുണ്ടാകുന്നതെങ്കിൽ അതിന്റെ മഹത്വം പ്രപഞ്ചത്തേയും അതിക്രമിക്കുന്നുണ്ടു്. പ്രപഞ്ചത്തിലുള്ള പദാർത്ഥങ്ങളെല്ലാംതന്നെ നശിച്ചുകൊണ്ടിരിക്കുകയാണോ അതോ വസ്തുരൂപത്തിൽ പരിണമിച്ചുകൊണ്ടിരിക്കുകയാണോ എന്നു തീർച്ചയില്ല. അതോ രണ്ടും ഒരേസമയം നടക്കുന്നുണ്ടോ എന്നു പറവാൻ പ്രയാസം. ജീവോല്പത്തിക്കുള്ള കാരണം എന്തായിരുന്നു എന്നു ഇപ്പോഴും തീർച്ചപ്പെട്ടിട്ടില്ല. "ആധുനികശാസ്ത്രോപപത്തിയുടെ ആദാനങ്ങളിൽ മിക്കവയും പൂർവ്വശതകങ്ങളിലെ തത്വശാസ്ത്രങ്ങളിൽ ചർച്ചചെയ്തിട്ടുള്ളവയാണെ"ന്നു് ബ്രാഡ്ളി (Braudly) എന്ന ചിന്തകൻ അഭിപ്രായപ്പെടുന്നു.

ഭൂതാത്മികമായിരുന്ന ഈ പ്രപഞ്ചത്തിൽ അചേതനവസ്തുക്കളിൽനിന്നു് ചേതനയുണ്ടായി എന്നുള്ള ലോകായതമായ (Materialistic) വാദങ്ങൾക്കു കോട്ടംതട്ടിയിട്ടുണ്ടു്. ഉല്പത്തിവാദംതന്നെ (Theory of natural selection) ഈശ്വരനെ കളഞ്ഞുകുളിക്കുന്നതിനുള്ള എളുപ്പവഴി മാത്രമായിരുന്നു. ഭൗതികപദാർത്ഥങ്ങൾക്കും സജീവവസ്തുക്കൾക്കുംതമ്മിലുള്ള 'വ്യത്യാസം ക്ഷയിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. ഒന്നിൽനിന്നു മറെറാന്നുണ്ടായതെങ്ങനെയെന്നുള്ള സംശയങ്ങൾ പ്രബലമായിത്തീരുകയാണ് യഥാർത്ഥത്തിൽ ചെയ്തതു്. രണ്ടും സർവ്വവ്യാപകമായ ഒരു ചൈതന്യത്തിന്റെ ഭാവഭേദങ്ങളും രൂപവിശേഷങ്ങളും മാത്രമാണെന്നു വിചാരിക്കാനേ ഇപ്പോൾതരമുള്ളു. വസ്തു, സ്ഥലം, കാലം ഇവ മൂന്നിനെയുംപ്രത്യേകിച്ചല്ലാതെ ഏകാവസ്ഥയിൽ മാത്രമേ ജീവൻ വാസ്തവമായി അറിയുന്നുള്ളു. ഈ ഗ്രഹത്തിൽനിന്നുള്ള മാററം അവയവങ്ങളുടെ പ്രവൃത്തിയേയും പ്രയോജനത്തേയും മാത്രമല്ല ചിത്തവൃത്തിയുടെ മൂലഭാവങ്ങളെക്കൂടി സാരമായി സ്പർശിക്കുന്നതാണു്. അനന്താകാശത്തിൽ സ്ഥൂലസ്വരൂപം വിട്ടു് ജഡംതന്നെ അലിഞ്ഞുവർത്തിക്കുകയില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഭൂമിയെ ചുററിയുള്ള സമയബോധമോ ജയഭേരികളോ യാതൊരുവിധത്തിലും പ്രയോജകീഭവിക്കുന്നതല്ല ഭൂമിയുടെ അണുസ്വരൂപവും അതിൽ ഒരൊററമനുഷ്യൻ എത്രകൂടി ചെറുതാണെന്നുള്ള ബോധവും അത്ഭുതപ്പെടുത്തുകയേ ഉള്ളൂ. നമുക്കു ചുററും ആശ്ലേഷോത്സുകമായി ആവരണംചെയ്യുന്ന അനന്തവിസ്തൃതിമാത്രം ഉണ്ടായിരിക്കും. ലയമില്ലാത്ത ആ സത്തയാണു് പ്രപഞ്ചോത്ഭവത്തിനുമുൻപുണ്ടായിരുന്നതും അതിന്റെ നാശത്തിനുശേഷം വിജയിക്കുന്നതും. ആബ്രഹ്മാണ്ഡചൈതന്യത്തിൽ മനുഷ്യജീവനും സർവ്വപ്രകാശങ്ങളും ക്ഷണപ്രഭാചഞ്ചലങ്ങളായിമാത്രം ശേഷിക്കുന്നു. നിസ്തബ്ധശീതളമായി നിസ്സീമനിശ്ചലമായുള്ള ആകാശതമസ്സിൽ എല്ലാംതന്നെ ലയിച്ചുവർത്തിക്കുന്നുണ്ടു്. വസ്തു സ്ഥലരഹിതമായിട്ടിരിക്കുന്നില്ലെന്നു ന്യൂട്ടൻ വിധിച്ചു. ഇപ്പോൾ വസ്തുവില്ലാതെ സ്ഥലമില്ലെന്നു ഐൻസ്റ്റീൻ ഘോഷിക്കുന്നു. മനുഷ്യന്റെ മുൻപിൽനിന്നു തമസ്സിന്റെ ഹൃദയത്തിലേക്കോടിക്കുന്ന സൂര്യരശ്മിതന്നെ വസ്തുവിന്റെ കുറച്ചുകൂടി യാഥാർത്ഥ്യത്തോടടുത്ത ഒരു രൂപമാണെന്നു കണ്ടിരിക്കുന്നു. ചിത്തവും വസ്തുവും ഭിന്നമല്ലെന്നു പറയുന്നതിനും കാരണം ഇതുതന്നെ. എല്ലാംകൊണ്ടും "പ്രപഞ്ചംമുഴുവൻതന്നെ അതിശ്രേഷ്ഠനായ ഒരു ഗണിതജ്ഞന്റെ ചിത്തത്തിലുള്ള ഒരു വിചാരംമാത്രമാണ്." "The universe is a thought in the mind of a supreme mathematican."

# ഉദയശങ്കർ.

## ഒരു ആസ്വാദനം.

വട്ടപ്പറമ്പിൽ എം. കെ. കേശവൻനായർ.



നൃത്തകലാവിശാരദനായ ശ്രീ. ഉദയശങ്കർ.

നൃത്തകലയിൽ സാർവലൗകികമായ പ്രശസ്തി സമാർജ്ജിച്ച ഉദയശങ്കരും അദ്ദേഹത്തിന്റെ സഹോദരൻ രാജേന്ദ്രശങ്കരും രാജധാനിയിൽ നടക്കുന്ന കലോത്സവപ്രകടനങ്ങൾ സംബന്ധിച്ചു അതിലെ വിവിധ ചടങ്ങുകളിൽ പങ്കുകൊള്ളുന്നതിനായി ഇപ്പോൾ തിരുവനന്തപുരത്തു എത്തിയിരിക്കുകയാണല്ലോ. ഉദയശങ്കരിന്റെ കാര്യപരിപാടി നിബിഡമായിരുന്നതിനാൽ കലോത്സവക്കമ്മിററിക്കാരുടെ ക്ഷണംസ്വീകരിക്കുന്നതിനു സൗകര്യമില്ലായിരുന്നു എങ്കിലും കലോത്സുകനായ മഹാരാജാവു തിരുമനസ്സിലെ പ്രത്യേകക്ഷണത്തെ ആദരിച്ചാണു് അദ്ദേഹം തിരുവിതാംകൂറിൽ ആഗതനായി തന്റെ കലാപ്രകടനങ്ങൾ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളതു് ഉദയശങ്കരിന്റെ കലാപ്രകടനവൈദഗ്ദ്ധ്യവും നൃത്തനിപുണതയും കണ്ടു ആനന്ദിക്കുന്നതിനു തിരുവിതാംകൂറിലെ കലാപ്രിയന്മാൎക്കു ഒരവസരമുണ്ടാക്കിക്കൊടുത്ത തിരുമനസ്സിനോടു അവൎക്കുതോന്നിയിരിക്കുന്ന കൃതകേതരമായ കൃതജ്ഞതയും ആധമൎണ്ണ്യവും വാക്കുകളാൽ രേഖപ്പെടുത്തുവാൻ സാദ്ധ്യമല്ല.

വളരെ ചെറുപ്പത്തിലേതന്നെ സുയശസ്സിനു പാത്രീഭൂതനായ ഉദയശങ്കർ ഒരുവംഗദേശിയാണു്. ജലവാർ എന്ന രാജപുട്ടാണയിലെ ഏതദ്ദേശീയസംസ്ഥാനത്തിലെ മന്ത്രിപീഠത്തെ സർവപ്രകാരേണയും തന്റെ ഭരണകുശലതയാൽ ഭാസ്വത്താക്കിയ ഉമാശങ്കരിന്റെ സീമന്തപുത്രനാണു് ഉദയശങ്കർ കൌമാരകാലങ്ങളിൽതന്നെ വ്യക്തമായി പ്രകാശിച്ചുകണ്ട കലാവാസനയും ചിത്രരചനാപാടവവും കാലക്രമേണ ഉൽഫുല്ലമാകുകയാൽ കലകളിൽ ഉപരിവിദ്യാഭ്യാസം നടത്തുന്നതിനു ഉദയശങ്കർ ആഗ്രഹിച്ചു. ഉദയശങ്കരിന്റെ ഈ അഭിലാഷം മഹാരാജാവായ റാണാ സർ ഭവാനിസിംഗ് ബഹദൂർ അറിയുന്നതിനിടയാകുകയും ഉത്തിഷ്ഠമാനനായ ഉദയശങ്കരിന്റെ ഭാവിശ്രേയസ്സുകളിലും പരിണതവൈഭവത്തിലും അതിതല്പരനായ അദ്ദേഹം പാശ്ചാത്യരാജ്യങ്ങളിൽ സഞ്ചരിച്ചു കലാഭ്യസനം നടത്തുന്നതിനു വേണ്ട സഹായങ്ങൾ നൽകുകയും ചെയ്തു. മുക്തഹസ്തമായ ഈ സംഭാവന ഉദയശങ്കരിനെ അത്യന്തം തൃപ്തനാക്കി. ലണ്ടനിൽഎത്തി അവിടത്തെ രാജകീയകലാലയത്തിൽ പ്രവേശിച്ചു അദ്ദേഹം കുറച്ചുകാലം അദ്ധ്യയനം ചെയ്യുകയും പരിമിതമായകാലത്തിനുള്ളിൽ കലാവിശാരദന്മാരായ ഗുരുജനങ്ങളുടെ നിസ്തുലമായ പ്രശംസക്കും അഭിനന്ദനത്തിനും പാത്രമാകുകയും ചെയ്തു.

ഇംഗ്ലണ്ടിലെ താമസകാലത്തു അവരുടെ നൃത്തരീതികൾകണ്ടു മനസ്സിലാക്കിയതുകൂടാതെ അതു പ്രകടിപ്പിക്കുന്നതിനും സമൎത്ഥനായിഭവിച്ചു. ഇംഗ്ലണ്ടിലെ കലാഭ്യസനം അദ്ദേഹത്തിനു തൃപ്തിയുളവാക്കിയില്ല. അതിനാൽ അവിടംവിട്ടു ഫ്രാൻസിൽഎത്തി പാരീസിലെ കലാസങ്കേതങ്ങൾ സന്ദർശിച്ചു അഭ്യസനം നടത്തി. പാരീസിലുള്ള താമസവേളയിൽ ലോകപ്രസിദ്ധിസിദ്ധിച്ച നൃത്തനിപുണയായ അന്നാ പാവ്ലോവായുമായി പരിചയം സമ്പാദിക്കുകയും പരസ്പരം ആകൃഷ്ടരാവുകയുംചെയ്തു ഉദയശങ്കരിന്റെ രൂപസൗഭാഗ്യവും ജന്മസിദ്ധമായികണ്ട നൃത്തകലാകുശലതയും മെയ്സ്വാധീനവും നിമിത്തം പാവ്ലോവായുടെ നൃത്തപരിപാടിയിൽ ഉദയശങ്കരിനെ ഒരു പ്രധാനഭാഗമാക്കായി അവർ സ്വീകരിച്ചു. യഥാൎത്ഥത്തിൽ ഉദയശങ്കരിന്റെ പ്രശസ്തിയും പ്രാധാന്യവും ഈ കാരണത്താൽ ലോകമാകെ പരന്നു. എന്തെന്നാൽ നൃത്തകലയിൽ ആൎക്കും ദ്വിതീയയല്ലാതിരുന്ന പാവ്ലോവായുടെ സമ്മതി അത്രമേൽ അനൎഘമായിരുന്നു അന്നാ പാവ്ലോവ റഷ്യാക്കാരിയായിരുന്നെങ്കിലും അവരെ സാർവരാഷ്ട്രീയസ്വത്തായി കരുതിയിരുന്നു. നൃത്തകലയിൽ അവൎക്കുണ്ടായിരുന്ന സാമൎത്ഥ്യം ഇതരസാധാരണമല്ലായിരുന്നു.

അന്നാപാവ്ലോവായുടെ നൃത്തസഹചരനായി രസിപ്പിച്ച ഉദയശങ്കരിന്റെ അഭിനയംകാണുന്നതിനു പാശ്ചാത്യലോകം വല്ലാത്തഔൽസുക്യം പ്രകടിപ്പിച്ചു. പാരീസിലെ സുദീർഘമായ താമസത്തിനിടയിൽ നൃത്തത്തിൽ അനുഗൃഹീതയായ സിങ്കി എന്നഫ്രഞ്ചു വനിതയെ തന്റെ നൃത്തഭാഗമാക്കായി ഉദയശങ്കർകൈക്കൊണ്ടു. സിങ്കിയുടെദൃശ്യകലാപ്രകടനവും നിതരാം ആസ്വാദ്യവും നൃത്യകലയുടെമാനദണ്ഡത്തിൽ മികച്ചതുമാണു് ഇവർ രണ്ടുപേരും യൂറോപ്പിന്റെ വിവിധഭാഗങ്ങളിൽ സഞ്ചരിച്ചു അനവധി നൃത്തപ്രകടനങ്ങൾ നടത്തി. ഇവരുടെ ഈ ഉദ്യമങ്ങളിൽ പ്രതീക്ഷാതീതമായ വിജയസിദ്ധി ഉണ്ടായി. യൂറോപ്പിൽ ഇവൎക്കു ലഭിച്ച സ്വീകരണങ്ങളും സൽക്കാരങ്ങളും രാജോചിതമായിരുന്നു. ദേശാന്തരങ്ങളിലെ വിജയവാൎത്ത കേട്ടറിഞ്ഞ ഭാരതീ

യർ ഇവരെ ഇൻഡ്യയിൽ വന്നുചേരുന്നതിന്ന് ക്ഷണിച്ചു. കലാഭിലാഷികളായ സുഹൃത്തുക്കളുടെയും മററസംഖ്യം മാന്യന്മാരുടെയും ആഗ്രഹനിവൃത്തിവരുത്തുന്നതിന്നായി 1930-ൽ ഉദയശങ്കർ സ്വദേശത്തേക്കു മടങ്ങി. ഹർഷപരവശരായ ഭാരതീയർ ധന്യവാദംചെയ്തു അദ്ദേഹത്തെ സ്വീകരിച്ചു.

ഇൻഡ്യയിൽ ഉദയശങ്കർ നടത്തിയ നൃത്തങ്ങളും വലിയ വിജയത്തിൽതന്നെ കലാശിച്ചു. ഇതിന്നിടയിൽ ഭാരതത്തിലെ വിവിധവർഗ്ഗങ്ങളുടെയിടയിൽ നടത്തിപ്പോന്ന നൃത്തരീതികളും അഭിനവമായ ഭാരതീയനൃത്തഗതികളും ഉദയശങ്കർ മനസ്സിലാക്കി. കൃതവിദ്യരും കലാകൌതുകികളും ഉൾപ്പെട്ട ഒരു നടനകലാസമിതി രൂപീകരിക്കുന്നതിന്നും അതു സംഘടനയോടുകൂടി പ്രവർത്തനം നടത്തുന്നതിന്നുമായിട്ടുള്ള ഉദയശങ്കറിന്റെ ഉദ്യമങ്ങൾ ഫലപ്പെട്ടു. ഈ സംഘത്തിൽ നടനകലയിൽ വൈശിഷ്ട്യം നേടിയിട്ടുള്ള പല നടന്മാരും നടികളും ഉണ്ടു്. ഉദയശങ്കറിന്റെ സഹോദരനായ രാജേന്ദ്രശങ്കർ ഈ സംഘത്തിന്റെ ഒരു പ്രധാനനടനാണെന്നുള്ളതും സ്മരണീയമാണു്. സുശിക്ഷിതമായ ഈ നൃത്തസംഘത്തെ ഉദയശങ്കർ പാരീസിലേക്കു നയിച്ചു. ഇവരുടെ പ്രകടനങ്ങൾ പാശ്ചാത്യരുടെയിടയിൽ മുക്തകണ്ഠമായ പ്രശംസകൾക്കും ഉച്ചൈസ്തരമായ ഉൽഘോഷണങ്ങൾക്കും കാരണമാക്കി. യൂറോപ്പിൽ ലഭിച്ച അനസ്യൂതമായ വിജയം അവൎക്കു അമേരിക്കയിലേക്കു പോകുന്നതിന്നു പ്രചോദനമായിതീൎന്നു. അവിടെയും അവരുടെ നേട്ടങ്ങൾ ഗണ്യമായിരുന്നു. ഒടുവിൽ ഇവർ ഇംഗ്ലണ്ടിൽ വന്നുചേൎന്നു ചില പ്രകടനങ്ങൾ നടത്തി. ഉദയശങ്കറിന്റെയും കൂട്ടരുടെയും അഭിനയചാതുര്യം ഇംഗ്ലീഷുകാരെ വളരെ ആനന്ദിപ്പിച്ചു.

സുഗൃഹീതനാമാവായ ഉദയശങ്കറിന്നു ഇപ്പോൾ കഷ്ടിച്ചു അമ്പത്തിനാലുവയസ്സു പ്രായമുണ്ടു്. തന്റെ നൃത്തഭാഗഭാക്കായി സ്വീകരിച്ചിരിക്കുന്ന ഫ്രഞ്ചുവനിതക്കു ഇരുപത്തിരണ്ടുവയസ്സിൽ കൂടുതലില്ല. ഇവർ രണ്ടുപേരുടെയും നൃത്തസമന്വയം (Harmony) വിശേഷാൽ ആകർഷകമാകുന്നു. നൃത്തകലാനഭോമണ്ഡലത്തിന്നു ദീപ്രദീപമായ ഒരു ജ്യോതിസ്സാണു് സിങ്കി പാശ്ചാത്യദൃഷ്ട്യാ നോക്കുകയാണെങ്കിൽ സിങ്കിയുടെ ബാഹ്യസൗന്ദര്യം അഭിനന്ദനാർഹമാണെന്നു പറയപ്പെടുന്നു. ഭാരതീയവസ്ത്രധാരണരീതിയാണു് സിങ്കി സ്വീകരിച്ചിരിക്കുന്നതു എന്നുവരികിലും എല്ലാപദാർത്ഥങ്ങളും 'നല്ലാകാരമതിന്നാലങ്കരണമാ'യി തീരുന്നതുപോലെ അതും സിങ്കിയുടെ സമ്മോഹനമായ നൃത്തസൌന്ദര്യവിലാസത്തിന്റെ ലാവണ്യം വർദ്ധിപ്പിക്കുന്നതേയുള്ളു.

അഞ്ചുവർഷങ്ങൾക്കുമുൻപു അന്നപാവ്ലോവ കൽക്കത്താനഗരം സന്ദർശിക്കയും അവരുടെ പ്രഖ്യാതമായ "ഹംസനൃത്തം" അഭിനയിക്കുകയും ഉണ്ടായി. ഈ നൃത്തം കാണുന്നതിന്നായി നാടകശാലയിൽ കൂടിയ പ്രേക്ഷകരുടെ സംഖ്യ റിക്കാർഡു് ആയിരുന്നു എന്നാണു് പറയപ്പെട്ടതു. പാവ്ലോവായുടെ ഈ പ്രകടനം കാണുന്നതിന്നായി മഹാകവി വള്ളത്തോൾ നാരായണമേനോൻ അവർകളുമൊന്നിച്ചു ഇതു എഴുതുന്നയാളും അവിടെ സന്നിഹിതനായിരുന്നു പാവ്ലോവായുടെ നടനം ഒരു പ്രത്യേകകലയെ അധിഷ്ഠാനമാക്കിയുള്ള തത്വത്തിന്മേൽ ആയിരുന്നു എന്നുവരികിലും അതിലുള്ള ഔപരിഷ്കിതമായ ആനന്ദവും ആസ്വാദ്യതയും അനുഭവിച്ചറിയേണ്ടതാണു്. എന്നാൽ പാവ്ലോവായുടെ അന്നത്തെ കലാപ്രകടനത്തിന്നു ഉദയശങ്കർകൂടി ഉണ്ടായിരുന്നെങ്കിൽ ആ സംഭാവന കൂടുതൽ ആനന്ദഹേതുകമായിരിക്കുമായിരുന്നു. ഉദയശങ്കറിനെപ്പററി മാഡം പാവ്ലോവായ്ക്കു് പ്രശംസാരൂപമായിട്ടല്ലാതെ മറെറാന്നും പ്രസ്താവിക്കുവാനില്ലായിരുന്നു. രണ്ടുമൂന്നുവർഷങ്ങൾക്കു മുൻപുണ്ടായ പാവ്ലോവായുടെ അകാലചരമം ഉദയശങ്കറിനെ വ്രണിതഹൃദയനാക്കിയിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല.

കലാസമ്പന്നമായ ഭാരതവർഷത്തിലെ പുരാതനകലകളെ പുനരുദ്ധരിച്ചു അതിന്റെ അനവദ്യമായ മഹിമാതിശയത്തെ പാശ്ചാത്യൎക്കു ബോദ്ധ്യപ്പെടുത്തി നമ്മുടെ കലകൾക്കു ഒരു പ്രത്യേകസ്ഥാനം അവരുടെമദ്ധ്യേ സൃഷ്ടിക്കുന്നതിന്നുവേണ്ടിയാണു് ഉദയശങ്കർ പരിശ്രമിച്ചതും ഇപ്പോൾ പരിശ്രമിക്കുന്നതും. ഹൈന്ദവകലയുടെ മർമ്മത്തെപ്പററി പാശ്ചാത്യൎക്കു് ഉദയശങ്കർ സമ്യക്കായ വിധത്തിൽ ഉൽബോധനം നൽകിയിട്ടുണ്ടു്. ഹൈന്ദവജനസാമാന്യത്തിന്റെയും ഹൈന്ദവരുടെ ഈശ്വരന്മാരുടെയും ജീവിതത്തിലുള്ള ആന്തരാർത്ഥത്തെ പ്രത്യേകം പ്രദ്യോതിപ്പിക്കുന്നരീതികളെ കേന്ദ്രീകരിച്ചാണു് ഉദയശങ്കറിന്റെ നാട്യങ്ങൾ. ഹൈന്ദവനൃത്തം അന്തരാത്മാവിനെ നമുക്കു ദൃഷ്ടിഗോചരമാക്കി തരുന്നു എന്നാണു അദ്ദേഹത്തിന്റെ അഭിപ്രായം. നൃത്തകലയിൽ വൈദഗ്ദ്ധ്യമുണ്ടെന്നുവരികിൽ ദേഹസൗന്ദര്യത്തെപ്പററി അത്ര ഗൗനിക്കേണ്ടതില്ലെന്നും നൃത്തപ്രകടനത്തിന്നു ഹൃദയാവർജ്ജകത്വവും ആസ്വാദ്യതയും തോന്നുന്നുണ്ടെങ്കിൽ അതു സ്പൃഹണീയമാണെന്നും ഉദയശങ്കറിന്നു പക്ഷമുണ്ടു്. ഇപ്പോൾ ഭാരതത്തിൽ പ്രചാരത്തിൽ വർത്തിക്കുന്ന നൃത്തരീതികളിലെ ആസ്വാദ്യാംശങ്ങൾ ഗ്രഹിച്ചു അവയെ സാത്മീകരണംചെയ്തു് ആധുനികഭാരതത്തിലെ ജീവിതഗതിയെ നൃത്തത്തിൽ പ്രതിഫലിപ്പിച്ചു അവയുടെ നിഗൂഢാർത്ഥം ലോകത്തെ അറിയിക്കുന്നതിന്നു ഉദയശങ്കർ അവിശ്രമശ്രമങ്ങൾ ചെയ്തുവരുന്നുണ്ടു്.

ഉദയശങ്കറിന്റെ നൃത്തങ്ങളിൽ രാധാകൃഷ്ണന്മാരുടെ "വൃന്ദാവനലീലാവിലാസനൃത്ത"വും മഹേശ്വരന്റെ "താണ്ഡവനൃത്ത"വും പ്രാധാന്യത്തെ അർഹിക്കുന്നു. സൃഷ്ടിസ്ഥിതിസംഹാരകർത്താക്കളായ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടെ അനുഷ്ഠേയധർമ്മങ്ങളിൽ സംഹാരകർമ്മബദ്ധനാണു് മഹേശ്വരൻ. കിൽബിഷകലുഷിതവും ജാൽമജഡിലവുമായ സ്വാധീനശക്തിക്കു ഈ പ്രപഞ്ചം വിധേയമായി നിഷിദ്ധകൃത്യങ്ങളും ദുഷ്കർമ്മങ്ങളും പ്രത്യക്ഷപ്പെട്ടപ്പോൾ ലോകോദ്ധാരണത്തിന്നായി ശക്തിസ്വരൂപിണിയായ പാർവ്വതി മഹേശ്വരനൊന്നിച്ചു താണ്ഡവനൃത്തം ചെയ്യുന്നു. ഈ താണ്ഡവനൃത്തത്തിൽ അന്തഃസ്ഥിതമായസാരം ഉദയശങ്കർ പാശ്ചാത്യലോകത്തെ മനസ്സിലാക്കി. രാധാകൃഷ്ണനൃത്തം ഒരു ആത്മാവിന്നു മറെറാരാത്മാവിനോടുള്ള അഭേദ്യമായബന്ധം ആനന്ദാനുഭൂതി എന്നിവയെസ്ഫുടമാക്കുന്നു. ഹൈന്ദവമനോഭാവവിക്ഷണത്തിൽ അന്തർലീനമായ കലാപ്രതീതി പാശ്ചാത്യരുടെ അമിതമായ സ്തുതിഗീതങ്ങൾക്കു പാത്രമായി.

ഇംഗ്ലണ്ടിൽവച്ചു് ഉദയശങ്കറിന്റെ നേതൃത്വത്തിൽ അഭിനയിക്കപ്പെട്ട "കർമ്മ" എന്ന ഭാരതീയനാടകത്തിൽ ഉദയശങ്കർ പ്രദർശിപ്പിച്ച അഭിനയപാടവം പൂർവ്വൽ സ്തുത്യർഹമായിരുന്നു. ആ നാടകത്തിൽ ഒരു പ്രധാനഭാഗംവഹിച്ചു പ്രേക്ഷകലോകത്തെ പ്രഹൃഷ്ടമാക്കിയ സത്രുപറാണിയും നടനകലയുടെ അനുഗൃഹീതമൂർത്തിയാകുന്നു. ഉദയശങ്കറിന്റെ നടനസംഘത്തിൽപെട്ട കനകലത എന്ന സ്ത്രീയും നാട്യകലയിൽ അതിചതുരയാണു്. ഭാരതീയനാടകത്തെ കാലാനുസൃതമായി പരിഷ്കരിച്ചു പരിപോഷിപ്പിക്കണമെന്നുള്ള ഉദയശങ്കറിന്റെ മഹത്തായ അഭിലാഷം സാകല്യേന സഫലമായിരിക്കുന്നു എന്നുതന്നെ പറയാം. എന്നാൽ വൈദേശീയമാതൃകകളെ അപ്പാടെ സ്വീകരിക്കുന്നതിൽ ഉദയശങ്കർ വിമുഖനാണു്. പ്രത്യുത വിദേശീയകലകളിലെ സ്വീകാര്യയോഗ്യമായ വശങ്ങളെ സ്വാഗതംചെയ്യുന്നുണ്ടു്. എട്ടാമത്തെ കലോത്സവപ്രകടനങ്ങൾ ഉദ്ഘാടനംചെയ്ത സന്ദർഭത്തിൽ കാർത്തികതിരുനാൾ തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചതുപോലെ "നമ്മുടെ ബഹുമുഖമായ കലകളെ പരിരക്ഷിക്കുവാനും വിദേശീയകലകളിൽ സമീചീനമായിട്ടുള്ളതിനെ സ്വീകരിച്ചു സാത്മീകരിക്കുവാനു"മുള്ള ശ്രമങ്ങൾ നടത്തുന്ന ഉദയശങ്കറിന്റെനേട്ടം ഇൻഡ്യയുടെ നേട്ടമാകുന്നു.

ഭാരതവർഷത്തിന്റെ അഭിമാനപുഞ്ജവും വിശ്വോത്തരവിഖ്യാതിസമ്പന്നനും ഹൈന്ദവകലയുടെ സമുദ്ധാരകനുമായ ശ്രീജിത് ഉദയശങ്കർ ആരോഗ്യശ്രീമാനായി വളരെനാൾ ജീവിച്ചിരിക്കുമാറാകട്ടെ.

—o—

# മധുരപ്രതീക്ഷ.

[വി. വി കെ നമ്പ്യാർ.]

ശീതളശാന്തിതൻ കാന്തിപൂര-
മാദരാൽത്തൂകിടും കാല്യതാരം
കൂരിരുൾക്കുന്നിനു പൊൻകിരീടം
നേരിലരുളും നിയതി നിത്യം.
ആനന്ദമോഹനലോലലോലം
ഗാനങ്ങൾപാടും പറവജാലം.
ഭാസുരമാകുമപ്പൊന്നൊളിയിൽ,-
വാസരസുസ്മേരമാധുരിയിൽ;
പൂക്കമ്പിളേന്തിപ്പുലരിനിൽക്കും
പൂതപ്രണയകണികയേല്പാൻ.
ഞാനുമെൻകൈക്കുമ്പിൾ കാട്ടുമപ്പോ-
ളാനന്ദത്തിൻപുറവാതിലിങ്കൽ!
ഇങ്ങിനെമഞ്ജുളവേളയെത്ര
മങ്ങിമറഞ്ഞുകഴിഞ്ഞെന്നാലും
മാമകജീവിതയാമിനിയ്ക്കോ-
രോമനവെള്ളിയുദിക്കില്ലെന്നോ?
ആകട്ടെ!യാകട്ടെ!യെങ്കിലുംഞാ-
നേകാന്തമൊന്നിനായ്ക്കാത്തിരിപ്പൂ;
പാവനമപ്രേമഗാനമെന്റെ
ജീവനിൽത്തൂമപകൎന്നുകൊള്ളും.

# അങ്ങ് എവിടെ?

ആയാംകുടി പി. ആർ. ശങ്കരപ്പിള്ള.

ഹാ! ഞാൻ അന്തർദാഹംകൊണ്ടു വിവശനായി. അങ്ങയെ—ദിവ്യാനന്ദപൂർണ്ണവും കാരുണ്യാത്മകവുമായ നിർഝരവയെ—ത്തേടി ഞാൻ പലസ്ഥലത്തും അലഞ്ഞുതിരിഞ്ഞു. പലപ്രാവശ്യം തിരക്കി. ഒരു ഫലവുമുണ്ടായില്ല. എനിക്കു് അന്തർദാഹം അത്രയ്ക്കുണ്ടായിരുന്നു. അതിനു് അല്പംപോലും ശമനം ഇപ്പോഴും ഉണ്ടായിട്ടില്ല.

വീചികളാകുന്ന വീണക്കമ്പികൾ മീട്ടി സംഗീതാലാപത്തോടുകൂടി പ്രേമപുരസ്സരം ഭർത്തൃസവിധത്തിലേക്കു പാഞ്ഞണയുന്ന വാഹിനികളോടു ഞാൻ അങ്ങയെക്കുറിച്ചു ചോദിച്ചു. ആ കാമിനികൾ, അപഹാസസൂചകമായ ഫേനപ്പുഞ്ചിരി പൊഴിച്ചുകൊണ്ടു്, യാതൊന്നുംസംസാരിക്കാതെ, എന്നെ വിട്ടുകന്നുകളഞ്ഞു. ഞാൻ വിവശനായി.

ശ്യാമളപത്രങ്ങളോടു മഞ്ജുളമർമ്മരാമന്ത്രണത്തിനു പാഞ്ഞുപോകുന്ന മന്ദപവനനെ ഞാൻ വിളിച്ചു ചോദിച്ചു. ആ വാതപോതവും എനിക്കു വഴികാണിച്ചുതന്നില്ല. അവനും ഹാസ്യദ്യോതകമായ ഒരു നെടുവീർപ്പോടുകൂടി എന്നെ വിട്ടുകന്നുകളഞ്ഞു. ഞാൻ വിഷണ്ണനായി.

സാനുരാഗം സൌരഭ്യം ചിന്തുന്ന കോമളപ്പൂവല്ലികളും മഞ്ജുളകുഡ്മളങ്ങൾ കാട്ടി മന്ദഹസിച്ചതല്ലാതെ എനിക്കു മാർഗ്ഗനിർദ്ദേശംചെയ്തില്ല. ഞാൻ കുണ്ഠിതപ്പെട്ടു.

സൌവർണ്ണവർണ്ണങ്ങളും തൂമധു തുളുമ്പുന്നവയുമായ നറുമലരുകൾ കണ്ടു് അന്തർദാഹപൂർവം ഞാൻ പാഞ്ഞടുത്തു. നിശ്ചയമായും ആ ദിവ്യനിർഝരം അവിടെ കാണപ്പെടുമെന്നു വിശ്വസിച്ചു. വിശ്വാസം വ്യർത്ഥമായി. അവയാകട്ടെ, മഞ്ജരീശിരസ്സുകളാട്ടി എന്നെ അപഹസിച്ചതല്ലാതെ സന്ദേഹനിവൃത്തിവരുത്തിയില്ല. ഹാ! ഇനി ഞാൻ അങ്ങയെ എവിടെ തേടുന്നു? ദാഹംകൊണ്ടു് എന്റെ കൈകാലുകൾ തളർന്നു.

ഉഷസ്സുഷമയിൽ കുങ്കുമം ചാർത്തുന്ന ദിങ്നാരികളോടു ഞാൻ ആ ഉറവ എവിടെ എന്നു ചോദിച്ചു. നാരികൾ സ്വതേ കാരുണ്യവതികളാണെന്നുള്ള ധാരണ അബദ്ധമായി. അവൾ സരാഗം കാമുകനെ പ്രാപിക്കുവാൻ വട്ടംകൂട്ടുകയായിരുന്നു. മുഖം ചുവപ്പിച്ചതല്ലാതെ അവൾ തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. എന്റെ ഹൃദയം തകർന്നു. ദാഹംകൊണ്ടു ഞാൻ തളർന്നു.

പുലരിയുടെ പുകഴ്ച്ചയെ പുലർത്തുന്ന പറവകളോടുംഞാൻ ആ പാവനസങ്കേതം എവിടെ എന്നു തിരക്കി. അവ കളകളാരവംകൊണ്ടു അങ്ങയുടെ മാഹാത്മ്യത്തെ കീർത്തിച്ചതല്ലാതെ എവിടെ എന്നു പറഞ്ഞുതന്നില്ല. ഞാൻ ഖിന്നനായി.

പുഞ്ചിരിപ്പാൽ പൊഴിയുന്ന പിഞ്ചുപൈതങ്ങളുടെ ചെഞ്ചുണ്ടുകളിൽ പലവുരു ഞാൻ ചുംബിച്ചു. അവരുടെ ഇളംകവിളുകളിൽ ഞാൻ ഉമ്മവച്ചു. അവിടെയും അങ്ങയെ കണ്ടെത്തിയില്ല. പക്ഷെ അങ്ങു് എവിടെയാണെന്നു് അവർക്കറിയാം. എന്നാൽ അവരും കൈകാലുകൾ കുടഞ്ഞു നുണച്ചുഴികൾ കാട്ടി അവ്യക്ത വർണ്ണാലാപത്താൽ എന്നെ മടക്കിയയയ്ക്കുകയാണു ചെയ്തതു്. ഞാൻ ഇച്ഛാഭംഗപ്പെട്ടു.

ലാവണ്യപീയൂഷമണികുംഭങ്ങളണിയുന്ന ലളിതാംഗികളോടും ഞാൻ ചോദിച്ചു അവർക്കു അങ്ങു് എവിടെയാണെന്നു് ഏതും അറിവില്ല. കടക്കണ്ണേറിനാൽ അവരും എന്നെ ആട്ടിയോടിക്കതന്നെ ചെയ്തു ഹാ! ഇനി ഞാൻ ആരോടു ചോദിക്കേണ്ടു?

വസന്തംവന്നു് വനരാജികളെ പുഷ്പഭൂഷകൾ ചാർത്തിച്ചപ്പോൾ അവിടേയും ഞാൻ ആ പാവന നിർഝരവയെ തിരക്കി. കണ്ടില്ല. പക്ഷെ അങ്ങയുടെ പ്രാഭവത്തെ അവ കീർത്തിക്കയുണ്ടായി. എന്നാൽ എവിടെയാണു് ആ പവിത്രമന്ദിരമെന്നു് അവയ്ക്കും നിശ്ചയമില്ല എന്റെ ഹൃദയം തുടിച്ചു പിടച്ചു.

നറുതേനൊലിക്കുന്ന ചെറുമലരുകൾതോറും പാറിപ്പറന്നു കളിയാടുന്ന പൂമ്പാററകളോടും ഞാൻ ചോദിച്ചു. അവയും ചെറുതായൊന്നു മൂളിക്കൊണ്ടു് എന്നെ വിട്ടുകന്നു. ഞാൻ ഏകനായി. അവിടേയും എനിക്കു നിരാശതന്നെ.

പച്ച വില്ലൂസണിഞ്ഞു ഹിമമൌക്തികങ്ങൾ ചാർത്തുന്ന കേദാരങ്ങളിൽ ഞാൻ അങ്ങയെ ആരാഞ്ഞു. അവ കുളമശിരസ്സുകളാട്ടി കുനിഞ്ഞു നിന്നതല്ലാതെ മറുപടി പറഞ്ഞില്ല. പച്ച നെല്ലോലകൾക്കിടയിൽ തിളങ്ങുന്ന കുളമങ്ങളുടെ പരഭാഗഭംഗിയിൽ അങ്ങു പതുങ്ങിയിരിക്കുന്നതുപോലെ എനിക്കു തോന്നി. ആ കാരുണ്യ നിർഝരവ അവിടെ ഒലിക്കുന്നുണ്ടായിരുന്നില്ല എന്റെ പ്രതീതി കേവലം മൃഗതൃഷ്ണ മാത്രമായിരുന്നു. കഷ്ടം! എന്റെ ദുർദ്ദശ!

മാങ്കനിച്ചെന്തളിർ ആകണ്ഠം അശിച്ചു കളകൂജനംചെയ്യുന്ന കോകിലങ്ങളും ഉറവിന്റെ മഹിമയെ വാഴ്ത്തുന്നുണ്ടു്. പക്ഷേ ആ "പാല്ക്കടൽ" എവിടെഎന്നു് അവയ്ക്കും നിശ്ചയമില്ല. തൻമൂലം കുഹൂരവത്താൽ അവയും എന്റെ അപേക്ഷയെനിരസിച്ചുകളഞ്ഞു. അഹോ! ആശാഭംഗംകൊണ്ടു ഞാൻ അന്ധനായി.

പനിനീർത്തുള്ളികൾതളിച്ചു വാർകുന്തലമേന്തി താരപ്പൂക്കൾചൂടി സുരഭിലസാധനങ്ങൾ പൂശി കാമുകാഗമത്തെ പ്രതീക്ഷിച്ചു നടനംചെയ്യുന്ന രജനിയുടെ സന്നിധിയിലും ഞാൻ എന്റെ അപേക്ഷയെ സമർപ്പിച്ചു. അവളും നക്ഷത്രക്കണ്ണുകൾ മിഴിച്ചുകൊണ്ടുനിന്നതല്ലാതെ മറുപടിപറവാൻ ശക്തയായില്ല. ദുർവിധിയുടെ കടുംശാപം. അവിടേയുംഎന്റെ ആശാവല്ലരി പുഷ്പിച്ചില്ല.

വെള്ളിത്താലത്തിൽ താരത്താരുമേന്തി പ്രേമപുരസ്സരം പ്രാണനാഥനെ പുൽകുന്ന അംബരലക്ഷ്മിയുടെ അടുക്കലും ഞാൻ അപേക്ഷിച്ചു അവിടേയും അനുഭവം ഹാ! മുമ്പോലെതന്നെ അവളും കണ്ണടച്ചു പുഞ്ചിരി പൊഴിച്ചുകൊണ്ടു നിന്നതേയുള്ളു. അന്തർദ്ദാഹംകൊണ്ടു ശരീരം വിറച്ചു.

നാഴിപ്പാലുകൊണ്ടു നാടൊക്കെ കല്യാണമരുളുന്ന അമ്പിളിയോടും ഞാൻ ആ രഹസ്യസങ്കേതം അന്വേഷിച്ചു പാല്ക്കതിർക്കരകന്ദളങ്ങളാൽ പ്രാണവല്ലഭയെ തഴുകി താലോലിച്ചുകൊണ്ടുനിന്നതല്ലാതെ ആ അത്യുദാരനും എന്റെ ജിജ്ഞാസയ്ക്കു പൂർത്തിവരുത്തിയില്ല മൂർഛ എന്റെ പൂമേനിയെ പുൽകുവാൻതുടങ്ങി.

പളുങ്കുമണികളും പേറിഫേനപ്പുഞ്ചിരിയുംതൂകി പ്രാണവല്ലഭനെ പുൽകുവാൻപാഞ്ഞണയുന്ന വാഹിനികാമിനികളെ കല്ലോലകരങ്ങളാൽ തഴുകിസ്സുഖിപ്പിക്കുന്ന ഗംഭീരാശയനായ അംബുധിയും ആ ദിവ്യസങ്കേതപ്പൊന്നുറവയെ എനിക്കു കാണിച്ചുതന്നില്ല. അവിടേയും എനിയ്ക്കു പരാജയം തന്നെപററി. തൃഷ്ണ എന്നെ വിവശനാക്കി.

കനകകാന്തി കളിയാടുന്ന സൌദാമിനിയോടും ഞാൻ അന്വേഷിച്ചു. അവളുംപല്ലിളിച്ചു കാട്ടിക്കൊണ്ടു മേഘമാലകൾക്കിടയിൽ മറയുകയാണുചെയ്തതു്. ഞാൻ വലഞ്ഞു.

വാനത്തെ വാർമഴവില്ലൊളികണ്ടു് വിവശനായി ഞാൻ അവിടേയും അങ്ങയെ തിരക്കി. അതും വ്യർത്ഥമായി.

ഹാ! ഹാ!! ഇനി ഞാൻ എവിടെത്തിരക്കേണ്ടു? അന്തർദാഹം എന്നെ അത്യധികം വിവശനാക്കി. ഞാൻ പൂർവാധികംവലഞ്ഞു. എന്റെ മനഃശരീരങ്ങൾ മങ്ങി. ബുദ്ധിമറിഞ്ഞു. ക്ഷീണാധിക്യത്താൽ ഞാൻ പ്രകൃത്യംബയെ ധ്യാനിച്ചു നിദ്രാദേവി എന്നെ പുൽകി അങ്കതലത്തിൽ ശയിപ്പിച്ചു. ഹാ! അപ്പോൾ അംബ എനിക്കു പ്രത്യക്ഷയായി. വാത്സല്യപൂർവം എന്നോടിങ്ങനെ അരുളിച്ചെയ്തു. "മകനേ! നീ എവിടെയെല്ലാം ആ ദിവ്യനിർഝരത്തെതിരക്കി. നിന്റെ അന്വേഷണം എന്തുകൊണ്ടു വിഫലമായി. നിന്റെ കൈയ്‌വിളക്കിലെ ദീപം മങ്ങിയിരിക്കുന്നതു നീ കാണുന്നില്ലേ? അതു് അല്പമൊന്നു തെളിക്കുക. അപ്പോൾ നീ അന്വേഷിച്ച സ്ഥലങ്ങളിലെല്ലാം വിശിഷ്യ നിന്റെ ഹൃദയത്തിൽ-നിന്നിൽ—തന്നേയും ആ ചാരുകാരുണ്യനിർഝരവയെ നിനക്കു കാണ്മാൻ കഴിയും. അതിലെ പീയൂഷത്തെളിനീർ ആകണ്ഠം പാനംചെയ്തു നിന്റെ അന്തർദാഹത്തെ നശിപ്പിച്ചാലും. വത്സാ! നീ ഒരിക്കലും ഇനി നിന്റെകൈയ്‌വിളക്കു കെടുത്തരുതു്. നിനക്കു മംഗളം. ഞാൻ പോകുന്നു."

അംബ അപ്രത്യക്ഷയായി. നിദ്രാദേവി എന്നെ ഇരുളിൽനിന്നു വെളിച്ചത്താക്കി. ഞാൻ എന്റെ കൈയ്‌വിളക്കുതെളിച്ചു ഹാ! എവിടേയും ആ ഉറവതന്നെ. നോക്കുന്നിടത്തെല്ലാം അങ്ങുതന്നെ. കരതലാമലകം തിരക്കി കാടുകയറിയ ഞാൻ എന്തു ബുദ്ധിശൂന്യൻ. കഷ്ടം! കഷ്ടം! എന്റെ മൌഢ്യത്തെഓർത്തു ഞാൻ ലജ്ജിച്ചു. എന്റെ അന്തർദാഹംതീർന്നു ഞാൻ സന്തുഷ്ടനായി!





വെടിയേററു മൃതിയടഞ്ഞ യുഗോസ്ലേവിയായിലെ അലക്സാണ്ടർ രാജാവു്.

ഇന്നത്തെ കോട്ടാവ്യവസ്ഥകളപേക്ഷിച്ചു പകരം ഇറക്കുമതിത്തീരുവകൾവർദ്ധിപ്പിക്കാൻ ഫ്റഞ്ചുവാണിജ്യമന്ത്രി തീർച്ചയാക്കിയിരിക്കുന്നത്രെ.

*　　*　　*

സെപ്തംബർ 24-ാംനു- അഫ്ഗാൻരാജാവിനു ജനിച്ച പുത്രനു ഷാസദാ അഹമ്മദ്ഷാഖാൻ എന്നു നാമകരണംചെയ്തതായി അറിയുന്നു

*　　*　　*

ഇൻഡോചൈനയുടെ തീരത്തിൽ തുടരെ ഉണ്ടായിക്കൊണ്ടിരുന്ന ചുഴലിക്കാററിൽ അറുപതു മരണങ്ങളും മററു പല അപായങ്ങളും സംഭവിച്ചിരിക്കുന്നു.

*　　*　　*　　*

സ്റ്റേററിൻെറ വകയായി ഭാഗ്യക്കുറി നടത്തുന്നതിനു വേണ്ട സൗകര്യങ്ങളുണ്ടായിരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ബ്രിസ്റ്റാലിലെ യാഥാസ്ഥിതികകാൺഫറൻസ് വലിയ ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസ്സാക്കിയിരിക്കുന്നു.

*　　*　　*　　*

ഹാപ്സ്ബർഗ് രാജകുടുംബത്തിനു ആസ്ത്രിയായിലുള്ള സ്വകാര്യസ്വത്തുകൾ തിരിച്ചുകൊടുക്കുന്നതുസംബന്ധിച്ചു ഗവർമ്മെൻറുമായി ആലോചന നടന്നുവരുന്നതായറിയുന്നു. ഹാപ്സ്ബർഗ് അംഗങ്ങൾക്കു ആസ്ത്രിയായിൽവന്നു താമസിക്കുന്നതിനു അനുവാദത്തിനായുള്ള ആലോചനകൾക്കു ഇതുമായി വളരെ ബന്ധമുണ്ടു്.

*　　*　　*

ലണ്ടൻ ഗാന്ധീയമഠത്തിലെ സ്വാമി ബോണിനെ ഹിററ്ലർ സംസ്ഥാനാതിഥിയായി ക്ഷണിച്ചിരിക്കുന്നു. നവംബർ രണ്ടാംതീയതി ഹിററ്ലർ സ്വാമിക്കു ഒരു ക്രുടിക്കാഴ്ച അനുവദിക്കുമത്രെ. ഹിററ്ലറും അദ്ദേഹത്തിൻെറ സഹചാരികളിൽ പ്രമാണികളും നവംബർ 6-ാംതീയതി സ്വാമി ചെയ്യുന്ന പ്രസംഗം കേൾക്കുന്നതാണു്. ഡൂർണിൽ താമസിക്കുന്ന എക്സ്കൈസറും സ്വാമിയെ അങ്ങോട്ടു ക്ഷണിച്ചിരിക്കുന്നു.

*　　*　　*

ഗ്രീസ സന്ദർശനത്തിനുശേഷം സ്മർണാ ഉൾക്കടലിൽക്രുടി സഞ്ചരിച്ചുകൊണ്ടിരുന്ന രണ്ടു ഫ്റഞ്ചുപടക്കപ്പലുകളുടെനേരെ തുർക്കികൾ വെടിവയ്ക്കുകയുണ്ടായി. പടക്കപ്പലുകളും തിരിച്ചു വെടിവച്ചു. ജീവനാശം സംഭവിച്ചിട്ടില്ലെന്നു വിചാരിക്കപ്പെടുന്നു. നിരോധിക്കപ്പെട്ട സ്ഥലങ്ങളിൽക്രുടി കപ്പൽ സഞ്ചരിച്ചതിനെ തുർക്കിഗവർമ്മെൻറു പ്രതിഷേധിക്കുന്നു എങ്കിലും രമ്യമായ ഒരു തീരുമാനത്തെ അവർ കാംക്ഷിക്കുന്നു. കഴിഞ്ഞ ജൂലായി 14-ാംതിയതി ഇംഗ്ലീഷ്കപ്പലുകളുടെ നേരെ ഇതുപോലെ വെടിവച്ചതും ഒരാൾക്കു ജീവാപായവും ചിലർക്കു മുറിവുകളും നേരിട്ടതും പ്രസ്താവ്യമാണു്.

*　　*　　*

കണ്ണിനു കാഴ്ചയില്ലാതാക്കുന്ന ഒരു പ്രകാശം പുറപ്പെടുവിക്കുന്ന പിസ്റ്റൽ ഫ്രഞ്ചു സൈനികാധികൃതന്മാരുടെ മുമ്പിൽ പരീക്ഷിച്ചുകാണിച്ചിരിക്കുന്നു. അൻപതുലക്ഷം മെഴുകുതിരി കത്തിച്ചാലുള്ള പ്രകാശം പുറപ്പെടുവിക്കാൻ ശക്തിയുള്ള തോക്കുപയോഗിച്ചു വൈമാനികന്മാരെ അന്ധന്മാരാക്കാമെന്നും സൈന്യനിരകളുടെ കണ്ണുമഞ്ചിക്കാമെന്നും ഈ പിസ്റ്റൽ കണ്ടുപിടിച്ചയാൾ അഭിമാനിക്കുന്നു. ഏതു മൂടൽമഞ്ഞിനെയും ഭേദിക്കാൻ ശക്തിയുള്ള ഈ പിസ്റ്റൽ പ്രകാശം വൈമാനികയാത്രയിൽ ഒരനുഗ്രഹവുമാണു്.

*　　*　　*

ചൈനീസ് ഈസ്റ്റേൺ റയിൽവേസംബന്ധിച്ചു ജപ്പാനും സോവിയററുയൂണിയനുംതമ്മിൽ വീണ്ടും ഉണ്ടായിരിക്കുന്ന രമ്യതക്കുറവു പല ഉൽക്കണ്ഠകൾക്കും കാരണമായിരിക്കുന്നു എങ്കിലും ഇതിനുമുമ്പു പല അവസരങ്ങളിലും ഇതുസംബന്ധിച്ചുതന്നെയുണ്ടായിട്ടുള്ള അസുഖംപോലെതന്നെ ഇതും അവസാനിക്കുവാൻ ഇടയുള്ളതുകൊണ്ടു വിപത്തുകൾ ഉണ്ടാകുമെന്നു പ്രതീക്ഷിക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഈ റയിൽവേകാര്യമാണു ഈ രണ്ടുക്രുട്ടരുംതമ്മിലുള്ള രമ്യതക്കുറവിനുള്ള പ്രധാനകാരണമായിത്തീർന്നിരിക്കുന്നതു്. ഇതിനു ശരിയായ പരിഹാരം നേടിക്കഴിഞ്ഞാൽ മററുള്ള പ്രശ്നങ്ങൾ താനേതന്നെ ശരിപ്പെടുമെന്നൊരു വിശ്വാസമുണ്ടു്.

*　　*

യൂഗോസ്ലാവിയായിലെ അലക്സാണ്ടർരാജാവു് മാഴ്സെയിൽസിൽ വന്നിറങ്ങിയപ്പോൾ അദ്ദേഹത്തിൻെറനേരെ ആരു വെടിവെച്ചു രാജാവിനു സാരമായ പരുക്കുപററി. ഘാതകൻ ഉടൻതന്നെ കൊല്ലപ്പെട്ടു. മററു പലരെയും അറസ്ററുചെയ്തു. രാജകീയസംഘം ഡിലാബൂഴ്സിൽ എത്തിയപ്പോൾ അനേകം ആളുകൾ രാജാവിനെ വെടിവെക്കയും പരുക്കിൻെറ ഫലമായി അദ്ദേഹം അനന്തരം മരിക്കയും ചെയ്തു. അദ്ദേഹത്തെ സ്വീകരിക്കാനുപായിരുന്ന ഫ്റഞ്ചുവിദേശമന്ത്രി എം. ബാർതോയുക്കും വെടിയേററു അദ്ദേഹവും മരിച്ചിരിക്കുന്നു.

*　　*　　*

*　　*　　*

"വൈസ്രായി ആഫ് ഇന്ത്യാ" എന്ന മെയിൽബോട്ടിൽ മി സി. എഫ്. ആൻഡ്രൂസ് ഇംഗ്ലണ്ടിലേക്കു പോയിരിക്കുന്നു. ആറാഴ്ചക്കാലം താൻ ലണ്ടനിൽ താമസിക്കുന്നതാണെന്നും തദവസരത്തിൽ സാൻസിബാറിലേയും കിഴക്കേ ആഫ്രിക്കയിലെയും ഇന്ത്യാക്കാരുടെ കാര്യത്തിൽ പ്രവർത്തിക്കുന്നതാണെന്നും അദ്ദേഹം ഒരു അഭിമുഖസന്ദർശനത്തിൽ പ്രസ്താവിച്ചു. പടിഞ്ഞാറേ ആഫ്റിക്ക സന്ദർശിക്കണമെന്നു മി. ആൻഡ്രൂസ് ഉദ്ദേശിക്കുന്നു. അതുകഴിഞ്ഞു ലണ്ടനിൽ മടങ്ങിച്ചെല്ലുന്നതും, അതിനുശേഷം ഫെബ്രുവരി അവസാനത്തോടെ ഇന്ത്യയിലേക്കു മടങ്ങുന്നതുമാകുന്നു. മി. ആൻഡ്രൂസ് ഇപ്പോൾ ബീഹാർഭൂകമ്പത്തെപ്പററിയുള്ള ഒരു ഗ്രന്ഥം എഴുതുന്നതിൽ ഏർപ്പെട്ടിരിക്കുകയാണു്.

*　　*　　*

സമാധാനസംരംഭത്തിൻെറസ്വിററ്സർലണ്ടിലെ ഒരു പ്രധാന പ്രവർത്തകനായ മി. പിയറിസെറിസോൾ ഈദിവസങ്ങളിൽ ജിനിവായിൽവച്ചു്, മനുഷ്യസേവനത്തിനായി പ്രയത്നിക്കുവാൻ ഒരുക്കമുണ്ടെങ്കിൽ സർവ്വരാജ മൈത്രിയും, പരസ്പരസഹായതത്വങ്ങളും സാധിതപ്രായമാക്കിത്തീർക്കാമെന്നുള്ളതിനെപ്പററി ഒരു പ്രസംഗം ചെയ്യുന്നതാണു. ഇദ്ദേഹം ഈയിടെ ഇൻഡ്യാ സന്ദർശിച്ചതും, ഭൂകമ്പംമൂലം പലവിധ നാശങ്ങൾ അനുഭവിച്ച ബീഹാറിൽ പോയതും, താൻ അവിടെക്കണ്ട സംഗതികളെ തൻെറ "സർവിസ്സിവിൾ" എന്ന സംഘത്തോടു പറഞ്ഞതും എല്ലാവരും ഓർക്കുന്നുണ്ടായിരിക്കുമല്ലൊ. സാർവ്വരാഷ്ട്രിക പാർട്ടികളായ ഒരു വലിയ സമൂഹത്തിൻെറ അനുകമ്പാപൂർണ്ണമായ സഹായം നേടിക്കൊണ്ടു് മി. സെറിസോൾ ഈയിടെ ഇന്ത്യയിലേക്കു പുറപ്പെടുന്നു എന്നും, ഇവിടെ വന്നുചേർന്നാൽ ഉടൻതന്നെ ബീഹാർപ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനായി ഇൻഡ്യാക്കാരുടെ സഹായത്തോടുകൂടി വേണ്ട പ്രയത്നങ്ങൾ ആരംഭിക്കുന്നതാണെന്നും അറിയുന്നു.

*　　*　　*



വെടിയേററു മൃതിയടഞ്ഞ ഫ്രഞ്ചു വിദേശമന്ത്രി ലൂയിബാർതോ

*　　*　　*

തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുള്ള സൃഷ്ടിപരമായ ഏകമാർഗ്ഗം മുപ്പതുമണിക്കൂർ ജോലിസമയം വ്യവസ്ഥചെയ്യുന്ന അഞ്ചുദിവസത്തോടുകൂടിയ വാരം ഏർപ്പെടുത്തുകയാണെന്നു ഒരു പ്രമേയം അമേരിക്കൻ ലേബർകൺവെഷൻ പാസ്സാക്കിയിരിക്കുന്നു.

*　　*　　*

സ്പെയിനിലെ വിപ്ലവം ഇപ്പോൾ അവസാനിച്ചതായി വിചാരിക്കപ്പെടുന്നു. ബാഴ്സിലോണായിൽ അങ്ങിങ്ങായി നടന്ന ലഹളകൾ ഒഴിച്ചാൽ, എല്ലായിടത്തും ശാന്തത കാണപ്പെടുന്നു. പട്ടാളങ്ങൾ എങ്ങും വിശ്വസ്തതയോടെ പെരുമാറി. ക്യാററ്ലോണിയൻപ്രസിഡൻറു റിപ്പബ്ളിക്കൻ പട്ടാളങ്ങൾക്കു കീഴടങ്ങി. ഗവമ്മെൻറു പഴയപോലെ രാജ്യത്തിൻെറ സ്വാസ്ഥ്യജീവിതത്തിനുള്ള നടപടികൾ നടത്തുന്നു. പക്ഷെ പട്ടാളങ്ങൾ തയാറിലിരിക്കുന്നു. പൗരന്മാരാരും രാത്രി വെളിയിൽ അങ്ങിങ്ങു നടക്കരുതെന്നു ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു സംശയംജനിക്കാതിരിക്കത്തക്കവണ്ണം തെരുവുകളിൽ ഉള്ളവർ കൈപൊക്കിപ്പിടിച്ചിരിക്കണമത്രേ. ഫ്റാൻസിലേക്കു പോകുന്ന ഒരു കപ്പൽ കയറാൻശ്രമിച്ച പഴയ സ്പാനിഷ്പ്രധാനമന്ത്രിയായ ഡോൺഅസാനായെ അറസ്റ്റുചെയ്തിരിക്കുന്നതായി അറിയുന്നു. ക്യാററലൻഗവർമ്മെണ്ടിലെ എല്ലാ മെമ്പറന്മാരെയും അറസ്റ്റുചെയ്തിരിക്കുന്നു. അവരിൽ ഹോംമിനിസ്ററരായ ഡോൺഡേങ്കാസിനെ മാത്രമെ അറസ്റ്റുചെയ്യാതെയുള്ളു.

*　　*　　*

മിക്ക പരിഷ്കൃതരാജ്യങ്ങളിലും ശിശുക്കൾക്കു സ്വാഭാവികമായി ചില അവകാശങ്ങൾ ഉണ്ടായിരിക്കണമെന്നു പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ലീഗ്ആഫ്നേഷൻസിൻെറ ഇന്ത്യൻബ്യൂറോ ജനിവാപ്രഖ്യാപനം ചെയ്തിട്ടുള്ള ശിശുക്കളുടെ അവകാശങ്ങളെ വലുതായി പ്രചരിപ്പിച്ചിരിക്കുന്നു: ഈ പ്രഖ്യാപനത്തിൻെറ ഒരുഭാഗം "ദി എഡ്യൂക്കേഷനൽറവ്യൂ" എന്ന മാസികയിൽ ഉദ്ധരിച്ചിട്ടുള്ളതിൻെറ പരിഭാഷയാണു താഴെ ചേക്കുന്നതു്: 1. ലൗകികമായും ആത്മികമായും വളരുവാനുള്ള അവസരങ്ങൾ ശിശുവിനു നൽകണം. 2. വിശക്കുന്ന കുട്ടിക്കു അഹാരം കൊടുക്കണം, രോഗാതുരനായ കുട്ടിയെ ശുശ്രൂഷിക്കണം, പിന്നോക്കംനില്ക്കുന്ന ശിശുവിനെ സഹായിക്കണം, ദുർമാർഗ്ഗത്തിലേക്കു വ്യതിചലിച്ച കുട്ടിയെ വീണ്ടും സന്മാർഗ്ഗത്തിലേക്കു തിരിച്ചുകൊണ്ടുവരണം, അശരണരും മാതാപിതാക്കന്മാരില്ലാത്തവരും ആയ കുട്ടികൾക്കും സംരക്ഷണംനൽകണം. 3. ആപൽക്കാലങ്ങളിൽ ആദ്യമായി രക്ഷനൽകേണ്ടതു് ശിശുവിനാകുന്നു. 4. ഉപജീവനമാർഗ്ഗം നേടുന്നതിനു പററിയ മാർഗ്ഗത്തിൽ ശിശുവിനെകൊണ്ടുവിടണം. സകലവിധമായ ചൂഷണത്തിൽനിന്നും ശിശുവിനെ സംരക്ഷിക്കണം. 5. തൻെറ സാമത്ഥ്യത്തെമററുജനങ്ങളുടെ സേവനത്തിനായി വിനിയോഗിക്കണമെന്ന ബോധത്തോടെവേണം ശിശുക്കളെ വളത്തിക്കൊണ്ടുവരേണ്ടതു്.

*　　*　　*

അയർലണ്ടിൽ ഉരുളക്കിഴങ്ങിൽനിന്നു മോട്ടോർ എണ്ണയെടുക്കാൻ ഒരു പരീക്ഷണം നടത്തിവരുന്നു. ഇരിപ്പുവന്നിട്ടുള്ള ഉരുളക്കിഴങ്ങു മുഴുവൻ വാങ്ങി ഗവമ്മെൻറു ഡിസ്റ്റിലറകളിൽ വാററി എടുക്കാനാണു് ശ്രമിച്ചുവരുന്നതു്. ഇങ്ങനെ കിട്ടുന്ന സ്പിരിററിനെ പെട്രോളുമായി കലത്തി മോട്ടോർയന്ത്രങ്ങൾക്കു പയോഗിക്കാവുന്നതാണു്. അടുത്ത ഒരുവഷത്തിൽ ആറുലക്ഷം ഗ്യാലൻപൊട്ടറേറാ സ്പിരിട്ടു വാററിയെടുക്കുമെന്നു കണക്കാക്കപ്പെടുന്നു. പക്ഷേ ഈ സ്പിരിററിനു ഗ്യാലനു രണ്ടു ഷില്ലിങ്ങു വിലവരുമെന്നുള്ളതു് അതിൻെറ പ്രചാരത്തിനു ഒരു വലിയ പ്രതിബന്ധമായിത്തീർന്നേക്കാം

*　　*　　*

മാലദ്വീപിൽ രക്തംചിന്താത്ത ഒരു വിപ്ലവം നടന്നിരിക്കുന്നു സുൽത്താനെ സിംഹാസനഭ്രഷ്ടനാക്കി ഭരണവ്യവസ്ഥ അനുസരിക്കാതെ മനഃപൂർവം നീതിന്യായത്തിൽ കൈകടത്തിയതുകൊണ്ടാണു് ഇങ്ങനെ ചെയ്തതു്. ഭരണക്രൂടത്തിനെതിരായ ഗൂഢാലോചനചെയ്ത 24 പേരെ അറസ്റ്റുചെയ്തു. സിലോൺഗവർമ്മെൻറിനെ സുൽത്താൻ സ്ഥാനഭ്രഷ്ടനായതിനെപ്പററി ഔദ്യോഗികമായി അറിയിച്ചിരിക്കുന്നു. മുമ്പാരവസരത്തിൽ കുഴപ്പങ്ങളെ തടഞ്ഞ മി. ദിദിയുമായി ആലോചിക്കാതെ അടുത്ത സിംഹാസനാവകാശയെ തിരഞ്ഞെടുക്കയില്ലെന്നു ജനങ്ങൾ ശഠിക്കുന്നു.

*　　*　　*

## വിഷയവിവരം.


| | | പേജ്ജ് |
|---|---|---|
| 1. | പ്രഭാതപ്രാത്ഥന<br>സ്വാമി നാരായണതീത്ഥർ. | 4 |
| 2. | പ്രകൃതിമാതാവു് (കവിത)<br>പള്ളത്തു രാമൻ. | 4 |
| 3. | വിജ്ഞാനശകലങ്ങൾ | 5 |
| 4. | വൈഷ്ണവമതം<br>എൻ. ബാലകൃഷ്ണപിള്ള ബി. ഏ. | 6 |
| 5. | കറുമ്പി (കവിത)<br>തൈക്കാട്ടു ചന്ദ്രശേഖരൻനായർ. | 7 |
| 6 | പ്രപഞ്ചം<br>കെ. രാമകൃഷ്ണൻനായർ ബി, ഏ. | 8 |
| 7. | ഉദയശങ്കർ-ഒരു ആസ്വാദനം<br>എം. കെ. കേശവൻനായർ. | 10 |
| 8. | മധുരപ്രതീക്ഷ (കവിത)<br>വി. വി. കെ. നമ്പ്യാർ. | 11 |
| 9. | അങ്ങെവിടെ?<br>ആയാംകുടി പി. ആർ. ശങ്കരപ്പിള്ള. | 12 |
| 10. | ലോകചക്രം | 13 |
| 11. | വിമർശനം. | 15 |
| 12. | പ്രതിധ്വനി (കവിത)<br>പി. കഞ്ഞുരാമൻനായർ. | 18 |
| 13. | കവനകാമിനി (കവിത)<br>എൻ. ലളിതാംബിക അന്തർജ്ജനം. | |
| 14. | കീരവാണി (കവിത)<br>വിദ്വാൻ ആർ. വാസുദേവൻകത്താ. | |
| 15. | ഭാരതം | 19 |
| 16. | സ്ത്രീപ്രണയം(ചെറുകഥ)<br>എൻ. ലളിതാംബിക അന്തർജ്ജനം. | 21 |
| 17. | നവരാത്രിമഹം<br>വിദ്വാൻ പി. കെ. വേലുപ്പിള്ള. | 25 |
| 18. | പുളകം (കവിത)<br>എസ്സ്. സി. വാര്യർ. | 25 |
| 19. | രാജാക്കന്മാരും കവികളും<br>ടി. ആർ. അനന്തക്കുറുപ്പ്. | 26 |
| 20. | പാചകകല<br>എസ്സ്. ഏ. പിള്ള. | 27 |
| 21. | ചന്ദ്രോദയം (നോവൽ) | 29 |



### ഒരേറിനു രണ്ടു പക്ഷിയെക്കൊല്ലാൻ

സുവർണ്ണാവസരം.



പുഴക്കടി ഭേദപ്പെടുത്തുന്നതിനും മഴനനയാതിരിക്കുന്നതിനുംകൂടി, ഞങ്ങളുടെ പുഴക്കടിതൈലം ൨൪ മണിക്കൂർകൊണ്ടു പുഴക്കടിയെ ഭേദപ്പെടുത്തുന്നു. ഇതിനെ പ്രചാരപ്പെടുത്തുന്നതിനായി ൨൪ ഡപ്പി ഒരുമിച്ചു ൩ ക. വിലയ്ക്കു വാങ്ങുന്നവക്കു ഇനാമായി പട്ടയോടുകൂടിയ ഡമ്മി റിസ്റ്റുവാച്ചു ൧, ചങ്ങലയോടുകൂടി ഇൻഫൻറു പാക്കററുവാച്ചു ൧, ൧൦ വർഷത്തെ ഗാരൻറിയുള്ളതും കൃത്യമായി സമയം സൂചിപ്പിക്കുന്നതുമായ 'ബീ' ടൈംപീസ് ൧, ബാറററിയോടുകൂടിയ ടാർച്ചുവിളക്കു ൧, ഫൗണ്ടൻപേന ൧, ബേ്ളഡുസഹിതം സേഫ് ടിറേസർ ൧, ബ്രഷ്, സോപ്പ്, ചീപ്പ് അല്ലെങ്കിൽ കൂടിയതരം വാട്ടർപ്രൂഫ് (മഴക്കോട്ടു) കോട്ടു ൧. പാക്കിംഗും പോസ്റേറജും പ്രത്യേകം (കോട്ടിൻെറനിറവും അളവുംഅയയ്ക്കണം. തൃപ്തികരമല്ലെങ്കിൽ വിലതിരിച്ചുതരുന്നതാണു്.)

International Trading Co., Post Box No. 6714 (Sect. No 11, M. Q.) Calcutta.

# മലയാളരാജ്യം

1110 കന്നി 29-ാംനു- തിങ്കളാഴ്ച

നാസികളുടെ ഉയർച്ച, ഹിററ്ലരുടെ അധികാരപ്രാപ്തി എന്നിവയെത്തുടർന്ന് ദ്രുതഗതിയെ അവലംബിച്ചുതുടങ്ങിയ യൂറോപ്യൻരാഷ്ട്രീയസംഭവങ്ങൾ ഇന്നു വരെത്തിക്കൂട്ടിയിരിക്കുന്നപതനത്തിൽ, ഏററവും സമീപമായ ഭാവിയെപ്പററിപ്പോലും യാതൊന്നും ദീർഘദർശനം ചെയ്യാൻവയ്യാത്തവണ്ണം, ആപൽക്കരമായ ഒരു അനിശ്ചിതതയാണുള്ളത്. നാസിഭരണതത്വത്തിൽ അന്തർഭവിക്കുന്ന വർഗ്ഗീയസിദ്ധാന്തവും തദനുസരണം അനുവർത്തിക്കപ്പെട്ടുവരുന്ന സംഹാരപരിപാടികളും പ്രത്യേകിച്ച് ആസ്ത്രിയായെ സംബന്ധിച്ചുള്ള നാസികളുടെ വിദ്വേഷനയവും, ആസ്ത്രിയായിലെ ആഭ്യന്തരകലാപങ്ങളും, തുടർന്നുതന്നെ സംഭവിച്ച ചാൻസലർ ഡോൾഫസ്സിൻെറ വധവും, പ്രബലതയെ പ്രാപിച്ചുവരുന്ന ഫാസിസത്തെയും, ഏകശാസനഭരണസമ്പ്രദായങ്ങളെയും ധ്വംസിക്കുന്നതിനു സോഷ്യലിസ്ററുകാരും കമ്യൂണിസ്ററുകാരും നടത്തുന്ന പണിമുടക്കുകളും കലാപങ്ങളും, സാർപ്രദേശത്തെ പൊതുജനവോട്ടെടുക്കൽ സംബന്ധിച്ചു ഫ്രാൻസും ജർമ്മനിയും തമ്മിൽ നടന്നുവരുന്ന രൂക്ഷമത്സരങ്ങളും എന്നിങ്ങനെ അനേകം രാഷ്ട്രീയപ്രവാഹങ്ങൾ തമ്മിൽ കൂട്ടിത്തല്ലി നുരയും പതയും ചുഴിയുമായി ഇളകിമറിയുന്ന ഒരു ഭയങ്കരമായ കാഴ്ചയാണു യൂറോപ്പിൽ കാണുന്നത്. ഈ സന്ദർഭത്തിലാണ് യൂഗോസ്ലാവിയായിലെ രാജാവും ഫ്രാൻസിലെ വിദേശകാര്യമന്ത്രിയും ഘാതകന്മാരാൽ വധിക്കപ്പെട്ടിരിക്കുന്നത്. ആസ്ത്രിയൻനാസിപ്രസ്ഥാനത്തോട് ആനുകൂല്യമുള്ള ഒരു കക്ഷി യൂഗോസ്ലാവിയായിൽ വളർന്നുവരുന്നതിനെ സമചിത്തതയോടെ വീക്ഷിക്കാൻ ഫ്രാൻസിനു തരമില്ലാത്തതിനാൽ അലക്സാണ്ടർരാജാവിനെ പാരീസിലേക്കു ക്ഷണിച്ച് ഒരു തീരുമാനത്തിനുവേണ്ടിയുള്ള പ്രാരംഭാലോചനകൾ നടത്തിയശേഷം മുസോളിനിയെ കാണാമെന്നായിരുന്നു ഫ്രഞ്ചു വിദേശമന്ത്രി എം. ബാർതോയുടെ ഉദ്ദേശം. വധിക്കപ്പെട്ട യൂഗോസ്ലാവിയാരാജാവിൻെറ പുത്രനായ രാജകുമാരൻ ൧൧ വയസ്സുമാത്രം പ്രായമുള്ള മൈനറാകയാൽപ്രായപൂർത്തിവരെ ഒരു റീജൻസി രാജ്യഭരണം നടത്തുമെന്നും കാണുന്നു. എം. ബാർതോയുടെ മരണത്താൽ ഒരു ഒന്നാന്തരം നയതന്ത്രജ്ഞനെയാണ് ഫ്രാൻസിനു നഷ്ടപ്പെട്ടത്. ജർമ്മനിയെ ഏകാകിയാക്കത്തീർക്കത്തക്കവണ്ണമുള്ള രാഷ്ട്രീയക്കൂട്ടുകെട്ടുകൾ യൂറോപ്പിൽ ഉണ്ടാക്കുന്നതിനു് അദ്ദേഹം പ്രയോഗിച്ച തന്ത്രങ്ങളുടെ ഫലമായിട്ടുകൂടിയാണു റഷ്യ ലീഗിൽ അംഗമായി ചേർന്നത്. ജർമ്മനിയെ അവശമായ ഒരു നിലയിൽ വച്ചും ആസ്ത്രിയായേയും മററു മദ്ധ്യയൂറോപ്യൻസംസ്ഥാനങ്ങളെയും സാമ്പത്തികമായി ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ പ്രതിഷ്ഠിക്കാതിരുന്നതും വെഴ്സയിൽസിൽവച്ചുപട്ടത്ത സമാധാനക്കോട്ടയിലെ വലിയ വിടവുകളായിരുന്നു. വെഴ്സയിൽ ഉടമ്പടിയോടുകൂടി ബീജാവാപം ചെയ്യപ്പെട്ട കലഹകാരണങ്ങൾ തഴച്ചുവളർന്ന് ഇന്നു യൂറോപ്പിനെ മുഴുവൻ ഗ്രസിച്ചിരിക്കയാണ്. യൂറോപ്യൻരാജ്യങ്ങളിൽ ആഭ്യന്തരവും ബാഹ്യവുമായി അനുദിനം വളർന്നുവരുന്ന മത്സരവും അസൂയയും പരസ്പരവിദ്വേഷവും നിമിത്തം ഓരോ രാജ്യക്കാരും യുദ്ധസാമഗ്രികൾ വർദ്ധിപ്പിച്ചു യൂറോപ്പു മുഴുവനും ഒരു വെടിമരുന്നുശാലയായി കലാശിച്ചിരിക്കയാണെന്നു പറയാം. യുദ്ധം തുടങ്ങിപ്പോയാൽ അവസാനമെന്തായിരിക്കുമെന്നുള്ള തിച്ച്യില്ലായ്മതന്നെയാണു യുദ്ധത്തിൽനിന്നും ഓരോ രാജ്യത്തേയും വിമുഖമാക്കുന്നത്. റഷ്യയുടെ പ്രവേശനത്താൽ പ്രബലമായിരിക്കുന്ന ലീഗും മററു യൂറോപ്യൻരാജ്യതന്ത്രജ്ഞരും ഉററു ശ്രമിക്കാത്തപക്ഷം യൂറോപ്യൻവെടിമരുന്നുശാല തീ പിടിക്കുവാനുള്ള തീപ്പൊരി ഏതൊരു നിമിഷത്തിലും ഉത്ഭവിക്കാവുന്നതാണ്.

* * *

ഇന്ന് ബ്രിട്ടീഷിൻഡ്യയിലെ ഏററവും സജീവമായ രാഷ്ട്രീയവിഷയം അടുത്തുവരുന്ന അസംബ്ലി തിരഞ്ഞെടുപ്പാകുന്നു. കാൺഗ്രസ്സുകാർ നിയമസഭകളിൽ പ്രവേശിക്കുവാൻ തീരുമാനിച്ച് സ്ഥാനാർത്ഥികളെ നിർത്തിപ്രവൃത്തിയാരംഭിച്ചതോടുകൂടി തിരഞ്ഞെടുപ്പുമത്സരത്തിൻെറ ഊർജ്ജിതം ശതഗുണീഭവിച്ചിട്ടുണ്ട്. ഉത്തരയിൻഡ്യയിൽ കാൺഗ്രസ്സു നാഷണലിസ്ററുകക്ഷിയും കാൺഗ്രസ്സ് പാർലമെൻററിബോർഡുമായി സംഘട്ടനമുണ്ടാകാതിരിക്കുവാൻ കഴിയുന്ന ശ്രമങ്ങൾ നടക്കുന്നുണ്ട്. ദക്ഷിണഇൻഡ്യയിലേക്കു കടക്കുന്നപക്ഷം കാൺഗ്രസ്സ് സ്ഥാനാർത്ഥികളും ജസ്റ്റിസ്പാർട്ടി സ്ഥാനാർത്ഥികളും തമ്മിലാണു് പ്രധാനമായി തിരഞ്ഞെടുപ്പുമത്സരം നടക്കുന്നത്. ഈയിടെനടന്ന സൗത്ത് ഇൻഡ്യൻലിബറൽഫെഡറേഷൻ ജസ്റ്റിസ്പാർട്ടിയിൽ ബ്രാഹ്മണരെക്കൂടെ ചേർക്കാമെന്നു നിശ്ചയിച്ചതും തെരഞ്ഞെടുപ്പിനെ ലാക്കാക്കിയാണെന്നു വിശ്വസിക്കപ്പെടുന്നു. കാൺഗ്രസ്സ് പാർലമെൻററിബോർഡ് പ്രധാനതെരഞ്ഞെടുപ്പുപ്രശ്നങ്ങളായി മുന്നോട്ടു കൊണ്ടുവന്നിട്ടുള്ളവ എന്തെല്ലാമെന്നു പരക്കെ അറിവുള്ളതാണ്. ഈ പ്രശ്നങ്ങളെസംബന്ധിച്ചുള്ള കാൺഗ്രസ്സ്നിലയെ ജസ്റ്റിസ്പാർട്ടി എതിർക്കുന്നു. തെക്കെഇൻഡ്യയിലെ തിരഞ്ഞെടുപ്പുമത്സരത്തിൽ മറെറാരു രസകരമായവശംകൂടി പ്രത്യക്ഷമാകുന്നുണ്ട്. രാജാകൃഷ്ണമാചാരിയെപ്പോലെ ചില സനാതനിസ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പിനു നിൽക്കുന്നുണ്ട്. കാൺഗ്രസ്സുകാർക്കു എതിരായി അവരെ സഹായിക്കുന്നവരുടെ കൂട്ടത്തിൽ നിരീശ്വരന്മാരും നിർമ്മതന്മാരുമായ ആത്മാഭിമാനസംഘക്കാർകൂടി ഉൾപ്പെടുന്നുണ്ടത്രെ. സനാതനികളും ആത്മാഭിമാനസംഘക്കാരും കൈകോർത്തുപിടിച്ചുനിന്നു പ്രവർത്തിക്കുന്നകാഴ്ച രസാവഹംതന്നെയാണ്. ഇങ്ങനെ തിരഞ്ഞെടുപ്പുമത്സരത്തിൻെറഗതി വിവിധമാർഗ്ഗങ്ങളെ അവലംബിച്ചാണ് കാണപ്പെടുന്നത്.

* * *

നാളികേരം സംബന്ധിച്ച നമ്മുടെ വ്യവസായങ്ങളിൽ പൂർണ്ണമായി ആപൽഗർത്തത്തിൽ പതിച്ചു കഴിഞ്ഞിട്ടില്ലാതെ ഒരു വ്യവസായം ശേഷിക്കുന്നുണ്ട്. അതു കയററുവ്യവസായമാകുന്നു. കയററുവ്യവസായത്തിനു പുറമേനിന്ന് ഇതുവരെ രൂക്ഷമായ മത്സരത്തെ നേരിടേണ്ടിവന്നിട്ടില്ല. എങ്കിലും ഈ സുരക്ഷിതാവസ്ഥയ്ക്കു പെട്ടെന്നു കോട്ടം തട്ടുവാനുള്ള ലക്ഷണങ്ങൾ ഇല്ലാതില്ല. സിലോണിൽനിന്ന് ഈയിടെ രണ്ടുദ്യോഗസ്ഥന്മാർ തിരുവിതാംകൂറിൽ എത്തി ഇവിടത്തെ കയററുവ്യവസായരീതികളെ കണ്ടു മനസ്സിലാക്കി മടങ്ങിയിരിക്കുന്നതായി ഇതിനകം ഏവരും അറിഞ്ഞിരിക്കുമല്ലോ. നമ്മുടെ വ്യവസായരീതികളെഅനുകരിച്ചും, അതിലുള്ള ന്യൂനതകളെ മനസ്സിലാക്കി പരിഹരിച്ചും വലിയ തോതിൽ കയററുവ്യവസായം ആരംഭിക്കുവാനാണു സിലോൺഗവമെൻറു രണ്ടുപേരെ ഇവിടെ അയച്ചു പ്രാരംഭാന്വേഷണങ്ങൾ നടത്തിയിരിക്കുന്നതെന്ന് അല്പം ചിന്തിക്കുവാൻ ശേഷിയുള്ള ആരെയെങ്കിലും പറഞ്ഞറിയിക്കേണ്ടതില്ല. നമ്മുടെ രാജ്യത്തു കയററുവ്യവസായം വലിയതോതിലോ ഒരു ഫാക്ടറിവ്യവസായമെന്നനിലയിലോ അല്ല നടത്തപ്പെടുന്നത്. അതു വെറും ഒരു കുടിൽവ്യവസായമാകുന്നു. അന്നന്നു പിരിച്ചുണ്ടാക്കുന്ന കയർ കമ്പോളങ്ങളിൽ കൊണ്ടുചെന്നു വിററുകിട്ടുന്ന പണംകൊണ്ടു അന്നത്തെ വീട്ടാവശ്യത്തിനുള്ള സാമാനങ്ങൾ വാങ്ങുന്ന ദരിദ്രജനങ്ങളാകുന്നു നമ്മുടെരാജ്യത്തുള്ള കയററുവ്യവസായികളിൽ അധികംപേരും. സിലോണിലെ സ്ഥിതി ഇതിൽനിന്നു വളരെ ഭിന്നമാണെന്നു ഈയിടെയായി ഇവിടത്തെജനങ്ങൾ അറിഞ്ഞുതുടങ്ങിയിട്ടുണ്ട്. അവിടെ കേരകൃഷിതന്നെ വൻപിച്ചതോതിൽ നടത്തുന്നതുകൊണ്ടാണ് ലാഭനഷ്ടപരിഗണനംകൂടാതെ കൃത്രിമമായ വിലയ്ക്കു കൊപ്രായുംവെളിച്ചെണ്ണയുംമററുംഅന്യമാർക്കററുകളിൽകൊണ്ടുമറിക്കുന്നതിനു സിലോൺകാർക്കു സാധിക്കുന്നത്. സിലോൺകാർ കയററുവ്യവസായം തുടങ്ങുന്നതും ഒരു ഫാക്ടറിവ്യവസായമെന്നനിലയിലും വിപുലമായ തോതിലും ആയിരിക്കുമെന്നുള്ളതിൽ സംശയലേശമില്ല. അപ്രകാരം ഒരുകയററുവ്യവസായപദ്ധതികൂടി സിലോൺആരംഭിക്കുമ്പോൾ അവരുടെ കയററുസാമാനങ്ങൾ നമ്മുടെ സാമാനങ്ങളെ മാർക്കററുകളിൽനിന്നും പുറത്താക്കുമെന്നുള്ളത് നിശ്ചയംതന്നെ. അല്പാല്പമായി കയററുവ്യവസായംചെയ്തു അതിൽനിന്നുള്ള ആദായത്തെ അവലംബിച്ച് ജീവിച്ചുപോരുന്ന നമ്മുടെ സമുദ്രതീരതാലൂക്കുകളിലെ ജനങ്ങൾക്കു സിലോണിൻെറ ഈ പുതിയ സംരംഭംമൂലമുണ്ടാകാൻപോകുന്ന മഹാവിപത്തിനെപ്പററി ചിന്തിക്കാൻതന്നെ ഭയമാകുന്നുണ്ട്. ഈ ആപത്തിനെ നിവാരണം ചെയ്യുന്നതിനു നേരത്തേ വേണ്ടമാർഗ്ഗങ്ങൾ ആരാഞ്ഞു നടപ്പിൽവരുത്തുന്നകാര്യത്തിൽ ഗവർമ്മെൻറിനും വാണിജ്യമണ്ഡലങ്ങൾക്കും പൊതുജനപ്രമാണികൾക്കും ഉള്ള കർത്തവ്യം എത്രയും ഗൗരവാവഹമാണ്.

* * *



കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടും തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടും ട്രെയിനിംഗ് കാളേജിൽ.

കൊച്ചി മഹാരാജാവു തിരുമനസ്സി



കൊച്ചി തിരുവിതാംകൂർ മഹാരാജാക്കന്മാർ സയൻസുകാളേജിൽ. പ്രിൻസിപ്പാൽ തിരുമനസ്സുകളെ യാത്രയയയ്ക്കുന്നു.



തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു് കൊച്ചി മഹാരാജാവു തിരുമനസ്സിലെ സ്വീകരിക്കുന്നതു്.



കൊച്ചി മഹാരാജാവു തിരുമനസ്സിലേക്ക
മംഗളപത്രം സ

## ിലെ തിരുവിതാംക്കൂർ സന്ദർശനം



തിരുമേനിമാർ ആർട്ട്സ് കാളേജിൽ എത്തിയപ്പോൾ പ്രിൻസിപ്പാളും സ്റ്റാഫും കൂടി സ്വീകരിക്കുന്നതു്.



കൊച്ചി മഹാരാജാവുതിരുമനസ്സുകൊണ്ടും തിരുവിതാംക്കൂർമഹാരാജാവു തിരുമനസ്സുകൊണ്ടും ട്രെയിനിംഗ് കാളേജ് സന്ദർശിച്ച് വിദ്യാർത്ഥികളുടെ ഡ്രിൽ തൃക്കൺപാർക്കുന്നു.



ഒ തിരുവനന്തപുരം വിദ്യാർത്ഥികൾ
ംഗപ്പിക്കുന്നതു്.

Royal Studio, Trivandrum.



കൊച്ചി തിരുവിതാംക്കൂർ മഹാരാജാക്കന്മാരും ഇളയ രാജാക്കന്മാരും.

Photos, Krishnan Nair Bros., Trivandrum.

# പ്രതിധ്വനി

പി. കുഞ്ഞിരാമൻനായർ

കോട്ടറിയുമെന്നാലുമിതേവരെ
കണ്ടതില്ലൊരുനോക്കനിൻരൂപത്തെ
പേർത്തുമാഗ്രഹ,മെങ്ങു കവിതേനി
പാർത്തുപോരും സ്ഥലമെന്നറിയുവാൻ:
വിണ്ണിൻവെൺമപകർത്തിയെടുക്കുമാ-
വെണ്ണിലാവിൻ,തുളുമ്പുമോളത്തിലോ,
അമ്പിളിക്കലമന്ദം തുറക്കുമൊ-
രമ്പലിൻ,കൊച്ചുവെള്ളിയുള്ളക്കിലോ,
അക്ഷയമാംപരിമളം തൂകുന്ന
നക്ഷത്രത്തിൻെറനൽപ്പിഞ്ചിതളിലോ,
മന്ദഹാസം പൊഴിഞ്ഞുനില്ക്കുന്നതാം
മഞ്ഞുതുള്ളിതൻമഞ്ജുഭാവത്തിലോ,
വിൺചുമരുംപിടിച്ചുപിടിച്ചൊട്ടു
പിച്ചവെക്കുമുഷസ്സിൻകാൽവെപ്പിലോ
യെ വനാസവംമോന്തിയ പൊൽപ്പനീർ
പ്പൂവുതൻെറ,തുടുംകപോലത്തിലോ,
പച്ചതേച്ചേതുമുദ്രയോ കാട്ടുമാ
പ്പർവ്വതത്തിൻെറനിഷ്പന്ദനിൽപ്പിലോ,
പാടിപ്പാടിതളർന്നാഴ്കീടുന്ന
വാടിതൻമണമേന്തുന്ന വീപ്പിലോ,
ഊഴിതൻെറവക്ത്രത്തിനനേക്കാരോ
നട്ടിക്കാണിച്ചനീലോൽപലംപോലെ
നൽസുഖാഞ്ജനംകണ്ണിലെഴുതിക്കും
വിണ്ടലത്തിൻ,വിദൂരനോട്ടത്തിലോ,
പാരിതിൻഗൃഹദ്വാരത്തിൽവ്യഗ്രമാം
മാരുതൻെറചുടുനെടുവീർപ്പിലോ,
വെണ്ണിലാവിൽക്കുളിക്കും,രജനിയാ-
മപ്സരസ്സിന്നഴകൊലിയിങ്കലോ,
പാവമാംകല്ലുവെട്ടുകാരന്നെഴും
ജീവിതത്തിൻെറപുല്ലുമാടത്തിലോ

II

ഞാൻമടങ്ങിയാത്മാവിലേയ്ക്കായല-
യാഴിയിൽത്തപ്പിവീണ്ടുമെൻരത്നത്തെ;
ഭാവനതൻചിറകടിയാലല-
പാറുമാസുസമൃദ്ധമാം രാജ്യത്തെ
പാവനമാംമധുമയസ്വപ്നങ്ങൾ
പൂവിതറുന്നസൌന്ദര്യലോകത്തെ
ജീവിതാശതൻപൊൻകമ്പിമോഹന
ഗീതിമന്ദം തളിക്കയായ് കർണ്ണത്തിൽ
വന്നുപററിയെൻനെററിമേലപ്പൊഴെൻ
വത്സയാംജനനിതൻചുംബനം
ജീവിതത്തിൻകുടീരത്തിനുള്ളിലേ-
യ്ക്കാവിയദാഭയെത്തിനോക്കിടവേ
കണ്ടറിഞ്ഞുഞാനെൻെറയാത്മാവിലും
മിന്നിടുന്നൊരുനക്ഷത്രമുള്ളതായ;
അപ്പുലരിയിൽകണ്ടുഞാൻസർവ്വവും
ചൽപ്രകാശത്തിൽമുങ്ങിക്കുളിപ്പതായ്;
ഊനമെന്യേമണൽത്തരിയിങ്കലും
ഗാനസത്തു നിറച്ചുവെച്ചുള്ളതായ്;
അപ്പനിനീർമുകുളത്തിലൂടെയു-
മിപ്രപഞ്ചംവിരിഞ്ഞുവരുന്നതായ്;
എങ്ങുമെങ്ങുമഭിന്നമായ് പ്രേമമാം
മംഗളത്തിൻമതംപ്രചരിപ്പതായ്
മെല്ലെമെല്ലെയുയർന്നുപോയ് ഭാവനോൽ-
ഫുല്ലമായസോപാനത്തിലൂടവെ;
ഭവ്യദിപ്തിപൂം പട്ടുവിരിച്ചൊരു
ദിവ്യമാമുഷസ്സിൻെറരാജ്യത്തു ഞാൻ
അങ്ങുനിന്നുംപ്രവഹിച്ചിതെന്നിലേ-
യ്ക്കംബതൻ,മണിവീണതൻധ്വാംകാരം!
ആമധുരലോകത്തിൻപ്രതിധ്വനി-
യായിക്കണ്ടുഞാൻമർത്ത്യപ്രപഞ്ചത്തെ!

# കീരവാണി

വിദ്വാൻ ആർ. വാസുദേവൻകർത്താ.

"ഭൂതലത്തിലേററം ദുർല്ലഭമായ്
പ്രീതിപ്രദമായ വസ്തുക്കളിൽ
പ്രാഥമ്യംപൂണ്ട പതംഗമേനീ-
യേതൊരുദിക്കിൽനിന്നിങ്ങുവന്നു?"
"മന്നിൽമനോജ്ഞമായുള്ളതെല്ലാ-
മൊന്നിച്ചുകാണ്മാൻ ജഗന്നിവാസൻ
തന്നുള്ളിൽജാതമാമൌത്സുക്യത്തിൽ
നിന്നല്ലോനമ്മുടെ ജന്മഭൂവിൽ". 1
"മാധുര്യസർവസ്വസംഗ്രഹമായ്
ചേതോഹരംതന്നെ നിൻെറരൂപം
ഏതാദൃശംതവ പഞ്ചവർണ്ണം
ഏതൊരുദിക്കീന്നു സമ്പാദിച്ചു?"
"ഭൂമിയിലില്ലാത്തകാന്തിയെല്ലാം
സീമവിട്ടാകാശംതന്നിൽകാൺമൂ.
മാമകമേനിയിൽ പഞ്ചവർണ്ണം
വാർമഴവില്ലിൽനിന്നാഹരിച്ചു." 2
"ചേണുററരത്നംപതിച്ചപോലെ
കാണുന്നുനിന്നുടെ കണ്ണുരണ്ടും
ക്ഷോണിയിലില്ലാത്തദിവ്യദൃഷ്ടി
പൂണുമി നേത്രങ്ങളെങ്ങുകിട്ടി?"
"വാനാകും നന്മണിപ്പേടകത്തിൽ
നാനാപ്രകാരത്തിൽ.കാണുന്നില്ലേ?
താരങ്ങളായതിൻ ജോടിയായി
ച്ചേരുന്നരണ്ടെണ്ണം ചേർന്നിതെന്നിൽ." 3
"ഇപ്പവിഴപ്പൊളിച്ചുണ്ടിൻകാന്തി
യ്ക്കൊപ്പമായ് മറെറാന്നുംകാണുന്നില്ല.
അത്ഭുതാകാരമാമീയംഗത്തിൻ
ശില്പവൈശിഷ്ട്യം ലഭിച്ചതെങ്ങോ?"
"സാന്ധ്യമേഘത്തിന്നിടയ്ക്കുകൂടി
ഞാൻതനിച്ചിങ്ങോട്ടുപോന്നനേരം
കാന്തിയിമ്മട്ടിലെൻചുണ്ടിനുണ്ടാ-
യെന്തിതിൻമൂലമെന്നാരറിഞ്ഞു?" 4
"പാരിങ്കലെങ്ങും ശ്രവിക്കാത്തൊരി-
ച്ചാരുസ്വരംനിനക്കെങ്ങുകിട്ടി?"
"പോരുന്നതിൻമുൻപേ പീയൂഷത്തിൻ
സാരമെൻനാവിന്മേൽതേച്ചുദൈവം." 5
"ഇമ്മട്ടിലുള്ളനീയിപ്പൊഴെൻെറ
കൺമുൻപിലെത്തുവാനെന്തുബന്ധം?"
ഈശൻദയാനെയിന്നോർമ്മിക്കയാ-
ലാശുഞാനിങ്ങോട്ടുപോന്നതല്ലോ." 6

# കവനകാമിനി.

(എൻ ലളിതാംബികാ അന്തർജ്ജനം)

കാലിതകൌതുകംകേളികളാടുവാൻ
കവനബാലയെത്തേടിനടന്നുഞാൻ
അവളെയോർത്തും തിരഞ്ഞുംപലതരം
ദിവസമെത്ര കഴിഞ്ഞുപോയീവൃഥാ
നിഖിലമോഹിനിയാകുമവളുടെ
കഴലടിയൊച്ച കേൾക്കാം ചിലദിനം
സഖിതയാശിച്ചുപാഞ്ഞുഞാനെത്തവേ
നിഴലുപോലവളെങ്ങോ മറഞ്ഞുപോം.
ഉദയരശ്മിതൻ കാന്തിയിൽകാണുമാ-
സുദതിയെന്നു ഭ്രമിച്ചുഞാനെത്തവേ
പുഞ്ചിരിതൻതുടുപ്പാർന്ന കവിൾത്തട-
മന്നനിമിഷവും കോപപ്രതപ്തമായ്
കിളികൾപാടുന്ന പാട്ടിലവളുടെ
കളകളരവം കേട്ടതിരയവേ
ഫലമിതെന്നൊരു ഭാവത്തിലായവ
ചലചലച്ചിലച്ചെങ്ങോ പറന്നുപോയ്.
ഭ്രമരപാളികളാർന്നപൂങ്കാവി-
ലവളുടെ മൃദുഹാസങ്ങൾ കാൺകയാൽ
അവിടെയുംകേറി നോക്കിനടന്നുഞാ-
നവകളൊക്കെയനുക്ഷണം വാടുന്നു
അതിമനോഹരസായാഹ്നവേളയിൽ
കതിരവനോടു ചോദിച്ചുനോക്കിഞാൻ
അതിനൊരുത്തരമോതിയില്ലായവൻ
പതിതനായിതാ പശ്ചിമവാർദ്ധിയിൽ
നിറയുമക്രൂരിരുളിങ്കൽമിന്നുന്ന
ചെറിയതാരയേസ്സാശ്രുവായ് നോക്കിഞാൻ
അവളുമൊന്നുമുരച്ചതില്ലെന്നേപ്പോൾ
തിരകയാണെന്നു തോന്നുന്നിതാരെയോ
പരിണതനായ് പ്രകാശിച്ചുവന്നൊരാ-
പനിമതിയോടുചോദിച്ചു പിന്നെഞാൻ
ഘനമെഴുന്നൊരു പുഞ്ചിരിതൂകിയാ-
ക്കനിവെഴാത്തവൻ നന്നനിരക്ഷരം
അരികിലെത്തിയെൻ മേനിതലോടിടും
പവനനോടുംപറഞ്ഞു വിനീതയായ്
പറകനീസഖേ കണ്ടിതോയാത്രയിൽ
കവനരൂപിണി സുന്ദരകന്യയേ
മൃദുലമർമ്മരസാന്ത്വനമോതിയെൻ
വിഫലസംരംഭമോർത്തവൻപോകയായ്
ഹൃദയമർമ്മവിഭേദനമാകുമാ-
കദനവാരിയിലാണ്ടു ഞാനങ്ങിനെ.
വിഗളിതാശ്രുവായ് തന്നോടുതാൻചൊന്നി-
തെവിടെവാഴുന്നി തെങ്ങാക്കുമാരിക.
തരിവളകൾ ചിലമ്പിവയ്ക്കൊപ്പമാ-
ച്ചെറുചിരിതൻ നിനാദമുഴങ്ങവേ
ഇരവിലെങ്ങുനോപാഞ്ഞ തന്നത്തിന്നെന്നേ
പുണരുകയാണെൻ പ്രാർത്ഥിതസൌഭാഗ്യം
അതുവരെയ്ക്കുന്നെയക്ഷമയാക്കിയോ-
രതുലമോഹിനി ചൊന്നാൾമധുരമായ്.
സഖിതിരയേണ്ടാ വേറെന്നെയെങ്ങുമേ
സുഖദമേകാന്തമാത്മാവിലെന്നിയേ.

മിക്കവാറും ഒരേവിഷയത്തെപ്പററി വിവിധകവികളുടെ ചിന്താഗതി 12-ാംപേജിലെ 'അങ്ങയോട്' എന്ന ലേഖനവും മേൽ ചേർത്തിരിക്കുന്ന കവിതകളും ഉദാഹരിക്കുന്നു.




## ഭാരതം.

ചക്രവത്തി തിരുമനസ്സിലെ രജതജൂബിലി ആഘോഷാവസരത്തിൽ ഒറീസായെ ഒരു പ്രത്യേക പ്രാവിൻസാക്കുന്നതാണെന്ന യുണൈറഡ്പ്രസ്സ് ലണ്ടനിൽനിന്നറിയുന്നു.

* * *

യു. പി-യിലെ അസംബ്ളിതെരഞ്ഞെടുപ്പു സംബന്ധിച്ച മാളവ്യായുടെ പേരു ലിസ്ററിൽ ഇല്ലെന്ന കാരണത്താൽ അദ്ദേഹത്തിന്റെ നാമിനേഷൻപേപ്പർ തള്ളിപ്പോയി.

* * *

മദ്രാസ് സവ്വകലാശാലാവിദ്യാർത്ഥികൾക്കു ബോംബെ സവ്വകലാശാലവക വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ചേരുന്നതിനുള്ള തടസ്സങ്ങൾ പിൻവലിച്ചതായി ബോംബെ സവ്വകലാശാലാരജിസ്ത്രാർ മദ്രാസ് സവ്വകലാശാലാരജിസ്ത്രാരെ അറിയിച്ചിരിക്കുന്നു.

* * *

പഞ്ചാബിലെ ചില നാട്ടുഭാഷാപത്രങ്ങളിൽ അഭ്യസ്തവിദ്യരായ ചില വനിതകൾ എഴുതുന്ന ലേഖനങ്ങൾ പഴമക്കാരെസംഭ്രമിപ്പിക്കുന്നവയാണു്. സഹവിദ്യാഭ്യാസത്തെപ്പററി ഒരു വനിത എഴുതുന്നു— "ബാലികാബാലന്മാരിൽ അസന്മാഗ്ഗികത്വം വളന്നുവരുന്നതിനെപ്പററി നാം ഭയപ്പെടേണ്ടതില്ല. അവർ ഒന്നിച്ചു കളിച്ചും ചിരിച്ചും ജീവിച്ചും ഉല്ലാസഭരിതരായി കഴിയട്ടെ ജനനനിയന്ത്രണത്തിനു ശാസ്ത്രജ്ഞന്മാർ ധാരാളം വഴികൾ കണ്ടുപിടിച്ചിട്ടുണ്ടു്". മറെറാരുത്തി കുറച്ചുകൂടി കടന്ന അഭിപ്രായക്കാരിയാണ്— "മുതലാളി തൊഴിലാളിയുടെ എന്നപോലെ പുരുഷൻ സ്ത്രീയുടെ രക്തം ഊററുന്നു. അതായതു വിവാഹബന്ധത്തിൽ കുടുക്കി പുരുഷന്മാർ സ്ത്രീകളെ നശിപ്പിക്കുന്നു വേശ്യാലയങ്ങളെല്ലാം വിവാഹത്തിന്റെ ഫലമാണു്. വിവാഹം വേണ്ടെന്നുവെച്ചാൽ ലോകത്തു വേശ്യാലയമേ കാണുകയില്ല വിവാഹം എന്നതു മൂഢവും ഹാനികരവുമായ ഒരു സമ്പ്രദായമാകുന്നു".

* * *

മി. ജിന്നാ ബോംബെനഗരത്തിലെ മുസ്ലിം നിയോജകമണ്ഡലത്തിൽനിന്നു് അസംബ്ളി സ്ഥാനാർത്ഥിയായി നിൽക്കുന്നു. എതിരാരുമില്ല.

* * *

അടുത്തുതന്നെ മദ്രാസ്നഗരം സന്ദർശിക്കുന്ന അവസരത്തിൽ മഹാകവി രവീന്ദ്രനാഥടാഗോറിനു പൗരന്മാരുടെ വകയായി ഒരു മംഗളപത്രം സമപ്പിക്കണമെന്നു മദ്രാസ്കാർപറേഷൻ തീരുമാനിക്കയും അതിലേക്കായി 250-രൂപാ നീക്കിവെക്കയും ചെയ്തിരിക്കുന്നു.

* * *

അക്ടോബർ 6-ാംനു- അവസാനിച്ച ഒരാഴ്ച്ചക്കാലം ബോംബെയിൽനിന്നു 76,69538-രൂപാ വിലവരുന്ന സ്വർണ്ണം കയററുമതിചെയ്തിരിക്കുന്നു. ഇംഗ്ലണ്ടു് സ്വർണ്ണമാനദണ്ഡം ഉപേക്ഷിച്ചതിനുശേഷം ഇന്നുവരെ ബോംബെയിൽനിന്നു് ആകെ 19,78,40,886-രൂപയുടെ സ്വർണ്ണം കയററുമതിചെയ്തിട്ടുണ്ടു്.

* * *

"നാട്ടുരാജാക്കന്മാർ വൈസ്രോയിയെ എത്ര ഉന്നതമായ ബഹുമതിയോടെയാണു് പരിഗണിക്കുന്നതെന്നുള്ള വസ്തുതയെ പ്രകാശിപ്പിക്കുന്നതിനും, ഈ രാജ്യവുമായുള്ള അദ്ദേഹത്തിന്റെ സുദീർഘമായ ബന്ധത്തിന്റെ സ്മരണയെ നിലനിറുത്തുന്നതിനും" ആയി ഡൽഹിയിൽ വില്ലിംഗ്ടൺ പ്രഭുവിന്റെ സ്മാരകമായി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പ്രതിമയുടെ ചെലവിനായി നാട്ടുരാജാക്കന്മാരിൽ പ്രധാനികൾ ഒരുലക്ഷത്തിഏഴായിരം രൂപാ സംഭാവനചെയ്തിരിക്കുന്നു ഭവൽപൂരം, ബറോഡ, ബനാറീസ്സ്, ഭോപ്പാൾ, ബിക്കാനീർ കൊച്ചി, ഗ്വാളിയർ, ഹൈദ്രാബാദ്, ഇൻഡോർ ജയപ്പൂർ, കാഷ്മീർ, ജവോറ, ജോഡ്പൂർ, ജനഗസ്സ്, കോൾഹാപ്പൂർ, മൈസൂർ, നവാനഗർ, പാട്യാലാ, റാംപൂർ, തിരുവിതാംകൂർ, ഉദയപൂർ, എന്നിവിടങ്ങളിലെ രാജാക്കന്മാർ അയ്യായിരം രൂപാ വീതവും, കോട്ടായിലെ രാജാവു് രണ്ടായിരംരൂപയും പ്രസ്തുത പ്രതിമാസ്ഥാപനത്തിനായി സംഭാവനചെയ്തിരിക്കുന്നു

* * *

## കേരളം

കൊച്ചീമഹാരാജാവുതിരുമനസ്സുകൊണ്ടു തിരുവനന്തപുരം, കന്യാകുമാരി മുതലായ സ്ഥലങ്ങളിൽ എഴുന്നള്ളി ബഹുലമായ കാര്യപരിപാടികൾ നിവ്വഹിച്ചശേഷം, തിരുവിതാംകൂറിന്റെ വടക്കേ അതൃത്തിയിൽ എത്തിച്ചേന്നിരിക്കുന്നു ഈ എഴുന്നള്ളത്തിൽ തിരുമനസ്സുകൊണ്ടു് ഇക്കഴിഞ്ഞ വെള്ളിയാഴ്ച കൊല്ലത്തു് എഴുന്നള്ളുകയും, മുനിസിപ്പാലിററിയുടെ മംഗളപത്രം സ്വീകരിക്കുകയും പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരും, മുൻസിപ്പൽപ്രസിഡണ്ടു് തുടങ്ങിയ അനുദ്യോഗസ്ഥപ്രമാണികളുമായി കൂടിക്കാഴ്ച നടത്തുകയും ഉണ്ടായി.

* * *

### ഗോദവമ്മത്തമ്പുരാൻ.



തിരുവനന്തപുരം റെയിൽവേസ്റ്റേഷൻ പ്ലാററഫാറത്തിൽ കൊച്ചിമഹാരാജാവു തിരുമനസ്സിലെ സ്വീകരിക്കുന്ന അവസരത്തിൽ.

* * *

കേരളസംസ്ഥാനകാൺഗ്രസ്സ കമ്മററിപ്രസിഡൻറു് ശ്രീമതി കുഞ്ഞിക്കാവമ്മയാൽ ഒററപ്പാലത്തു് ഒരു ഹരിജനബാലികാസദനം ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

* * *

എസ്സ്. എൻ ഡി. പി. യോഗത്തിന്റെ വാഷികസമ്മേളനം ഈമാസം ൨൭-ാംനു- ഞായറാഴ്ച കൊല്ലം കൻറോൺമെൻറുമൈതാനത്തിൽ കാൺഗ്രസ്സുപന്തലിന്റെമാതിരിയിൽ മൂന്നു നിലകളോടുകൂടി സജ്ജമാക്കിയിരിക്കുന്ന അതിവിശാലമായ പന്തലിൽവച്ചു് ആരംഭിച്ചിരിക്കുന്നു. സമ്മേളനം ഈ വരുന്ന ചൊവ്വാഴ്ചവരെയ്ക്കും ഉണ്ടായിരിക്കുന്നതാണു്.

* * *

സിലോൺ ഗവണ്മെൻറിനാൽ നിയോഗിക്കപ്പെട്ട ഒരു മി. മിൻലസ്സ് എം. എ ആലപ്പുഴവന്നു് അവിടത്തെ കയററുവ്യവസായത്തിന്റെ നടത്തിപ്പുകളും രീതികളും കണ്ടുപഠിച്ചിരിക്കുന്നു. മി. മിൻലസ്സിന്റെ നിർദ്ദേശാനുസരണം സിലോൺഗവണ്മെൻറു് ഒരു കയററുവ്യവസായശാല സിലോണിൽ ഉടനെ തുറക്കുമെന്നും, ആലപ്പുഴനിന്നും കുറേ വിദഗ്ദ്ധന്മാരെ ഉദ്യോഗസ്ഥന്മാരായി എടുക്കുമെന്നും കാണുന്നു.

* * * *

## ഭാരതീയനൃത്തം





നൃത്തവിദഗ്ദ്ധൻ ശ്രീമാൻ ഗോപിനാഥൻ.

ശ്രീമതി രാഗിണീദേവിയും ദക്ഷിണഇൻഡ്യയിലെ ശ്രീ. ഗോപിനാഥനും പുരാതന ഭാരതീയരുടെ നൃത്തവൈദഗ്ദ്ധ്യത്തിന്റെ ഇന്നത്തെ പ്രകാശകരാണു്. ഈയിടെ അവർ കൽക്കത്തായിൽ ഒരു വിശിഷ്ട സദസ്സിൽവച്ചു ദക്ഷിണഇൻഡ്യയിലെ ചില നൃത്തമാതൃകകൾ പ്രദർശിപ്പിച്ച വാർത്ത വായനക്കാർ ഓർക്കുമല്ലോ.



നൃത്തകലാവിദ്യയിൽ ലോകപ്രസിദ്ധിസമ്പാദിച്ച മി. ഉദയശങ്കർ തിരുവനന്തപുരം ലോക്കോളേജ് സന്ദർശിച്ച അവസരത്തിൽ എടുത്ത ഫോട്ടോ.

Royal Studio, Trivandrum.



തിരുവനന്തപുരം ജൂബിലിടൌൺഹാളിൽവച്ചു ൧൧൨൦ കന്നി ൧൮-ാംനു- നടത്തിയ എട്ടാമത്തെ കലോത്സവോൽഘാടനം സംബന്ധിച്ചു സന്നിഹിതനായ ദിവാൻ സർ എം ഹബിബുള്ള സാഹിബ് അവർകളെ കലോത്സവാഘോഷ റിസപ്‌ഷൻ കമ്മറ്റി പ്രസിഡൻറു ശ്രീമൻ മള്ളൂർ കെ ഗോവിന്ദപ്പിള്ള അവർകൾ സാദരം സ്വീകരിക്കുന്നയവസരത്തിൽ എടുത്ത ഫോട്ടോ.

Royal Studio Trivandrum.



കൊച്ചി മഹാരാജാവു തിരുമനസ്സിലെ സ്വീകരണത്തിനു തിരുവിതാംകൂർ ദിവാൻജി, ചീഫ് സെക്രട്ടറി, കമാനിംഗ് ആഫീസർ, സർവ്വാധികാര്യക്കാർ, മുനിസിപ്പൽപ്രസിഡൻറു മുതലായവർ പ്ലാറ്റുഫാറത്തിൽ.

Photo, Krishnan Nair Bros.

* * * *

മയ്യഴിയിലെ ചില യുവജനങ്ങളുടെ അശ്രാന്ത പരിശ്രമംമൂലം ഇവിടെ പുതുതായ ഒരു ഫിസിക്കൽകൾച്ചർ ഇൻസ്റ്റിട്യൂട്ട് തുറന്നിരിക്കുന്നു. ഇവിടെ കണ്ണൂർ ഫിസിക്കൽകൾച്ചർ ഇൻസ്റ്റിട്യൂട്ടിലെ ശ്രീമാൻ കുന്തക്കാരൻ രാഘവൻെറ ശിഷ്യന്മാർ കഴിഞ്ഞമാസം ഇവിടെവന്നു ഇവിടത്തുകാർക്ക് അവരുടെ അഭ്യാസരീതികൾ കാണിച്ചുകൊടുത്തിരിക്കുന്നു എന്ന് ഒരു മയ്യഴിലേഖകൻ അറിയിക്കുന്നു.

* * *

## ചെറുകഥാപംക്തി.

# സ്ക്കൂൾ പ്രണയം.

എൻ. ലളിതാംബികഅന്തർജ്ജനം.

സന്ധ്യാസമയത്തേ മങ്ങിയ വെളിച്ചത്തിൽ ആ പുഞ്ചപ്പാടത്തിന്റെ അരികിൽ രണ്ടുപേർ ബദ്ധപ്പെട്ടു സംസാരിച്ചുകൊണ്ടുനില്ക്കുന്നു - ഒരു വെളുത്ത യുവാവും ഒരു കറുത്ത യുവതിയും. നാലുവശത്തുമൊന്നു കണ്ണോടിച്ച് വളരെ പതിഞ്ഞ സ്വരത്തിൽ യുവാവു പറഞ്ഞു. "നീയിതു വാങ്ങിക്കണം. എന്നെയും നിന്നേയുമോർത്ത് നിശ്ചയമായും ഇപ്പോഴിതു ചെയ്തേ തീരൂ." യുവതിയുടെ വിറയ്ക്കുന്ന കൈകളിൽ ഒരു പൊതി ബലമായി വെച്ചുകൊണ്ടു വീണ്ടുമയാൾ പറഞ്ഞു. "ഒരുവിധത്തിലും നിന്നെ സ്വീകരിക്കാൻ എനിക്കു സാധിക്കയില്ല. അത്രമാത്രമകന്നതാണു നമ്മുടെ സാമുദായികനില. പിന്നെ വെറുതെ ഈ അപവാദം ശേഷിപ്പിക്കുന്നതെന്തിന്?" യുവതി ഗാഢാലോചനയിൽനിന്നുണന്ന് പതറിയ സ്വരത്തിൽ പറഞ്ഞു. "ഈ തത്വോപദേശമൊന്നും അന്നു തോന്നിയില്ലല്ലോ. അല്ലെങ്കിൽ ഞാനല്ലെ ആദ്യമറിയേണ്ടവൾ? ഞാൻ തലമറന്നു എണ്ണതേച്ചു. അതിന്റെ ഫലം അനുഭവിക്കയും ചെയ്തുകൊള്ളാം. ഏതായാലും ഈ മഹാപാതകം ഒരിക്കലും ചെയ്കയില്ല. (അവൾ പൊതി ആററിലേക്കെറിഞ്ഞു.) എന്നാൽ ഇവളെ ഇനി ലോകം കാണുകയേ ഇല്ല. അതോടുകൂടി അവിടുത്തെ അവമാനഭാരവും — ലോകത്തിന്റെ അജ്ഞാതരഹസ്യങ്ങളിലൊന്നായി എന്റെ കഥയും—അവശേഷിക്കട്ടെ എന്നാൽ എന്നെന്നേക്കുമായി വന്ദനം."

അവൾ തിരിഞ്ഞുനടന്ന് ആ തെങ്ങിൻകൂട്ടത്തിലെ തിങ്ങിയ നിഴലിൽക്കൂടി അകലെയുള്ള ചെറുകടലിൽ കയറിമറയുന്നത് യുവാവ് നിശ്ചേഷ്ടനായി നോക്കിനിന്നു— അവൾ ആത്മഹത്യചെയ്യുമോ — അവിവേകിയെങ്കിലും അലിവുററ യുവാവ് ഇങ്ങനെ ആത്മഗതംചെയ്തു. ഇതവളുടെ അന്ത്യദർശനമോ എന്തോ. മറിഞ്ഞുവരുന്ന കാലത്തിന്റെ മായാമയപ്രകൃതിയിൽ എന്തുതന്നെ സംഭവിക്കയില്ല. നമുക്കു കാത്തിരിക്കാം.

* * * *

ഈ സംഭവത്തിനുശേഷം പതിനേഴു വത്സരവധുക്കളെ ഭൂമി സ്വീകരിക്കയും തിരസ്കരിക്കയും ചെയ്തു. വരാനുള്ളവ വരികയും, വളരാനുള്ളവ വളരുകയും, മറയാനുള്ളവ മറയുകയും ചെയ്തു. എന്നിട്ടും കാമവും പ്രേമവും തമ്മിലുള്ള അന്തരം അന്നത്തേപ്പോലെതന്നെ ഇന്നും നിലനില്ക്കുന്നു.

രാമചന്ദ്രൻനായർ ബി. എ. എൽ ടി. ഒരു ഹൈസ്ക്കൂൾ ഉപാദ്ധ്യായനാണ്. ഒരു ഭാര്യയും ആറുകുട്ടികളും. പ്രതാപമേറിയ ശ്വശുരൻ, മാസം 175 ശമ്പളം, പ്രമോഷനുള്ള ശുപാർശയും,—ഇത്രയും സ്വായത്തമാണു. പക്ഷേ പറവൂരേക്കു സ്ഥലംമാററിയതുമാത്രം വിദ്വാനു രസിച്ചില്ല. എന്നാൽ അടുത്ത ഒഴിവിൽ സ്വദേശത്തേക്കു മാററവും ശമ്പളക്കൂടുതലും കൊടുക്കാമെന്ന വാഗ്ദാനത്തിൽ വിശ്വസിച്ചിരിക്കയാണ്.

തല ചീകിമിനുക്കി, ചാന്തുപൊട്ടും തൊട്ടു നല്ലവെള്ള "ഡ്രെസ്സി"ൽ പ്രസന്നവദനനായി നടക്കുന്ന നായരേക്കണ്ടാൽ അയാൾക്കുള്ള മുപ്പത്തിഎട്ടിൽ പതിനെട്ടുകുറച്ചേ ആരും മതിക്കൂ. നിശ്ചയം. സദാമന്ദഹാസം, സാഭാഷണചതുരത, സുഭഗമ്മന്യത്വം ഇവയാൽ അയാൾ ആരെയുംവശീകരിക്കും. യുവവിദ്യാർത്ഥിനികളെപ്പിന്നെ പറയണമോ? ഫിഫ്ത്തുഫാറത്തിലായിരുന്നു അയാൾക്ക് അധികം പഠിപ്പിക്കേണ്ടതു്. ആ ക്ലാസ്സിലോ പെൺകുട്ടികൾ ധാരാളവും!! അയാളുടെ മധുരമധുരമായ പ്രഭാഷണങ്ങൾ കണക്കിനെപ്പററിയായാലും രസതന്ത്രമായാലും ഒടുവിൽ ചെന്നവസാനിക്കുന്നതു ഒരു ശൃംഗാരശ്ലോകത്തിലായിരിക്കും ഹരിജനോദ്ധാരണത്തിലും അയിത്തോച്ചാടനത്തിലും അയാൾ അത്യാവേശം പ്രകടിപ്പിച്ചു. സ്ക്കൂളിലെ അധഃകൃതവിദ്യാർത്ഥികൾക്ക് സ്വജനമായി രണ്ടു മണിക്കൂർ ട്യൂഷൻ നൽകാമെന്നും തീർച്ചപ്പെടുത്തി. ഈവക പ്രവൃത്തകളൊക്കെ പൊതുജനപ്രമാണിത്വം കൈക്കലാക്കാനുള്ള വിദ്യയാണെന്ന് ആരും അറിഞ്ഞില്ല.

സുമതിക്കുട്ടിയും ഒരു ഫിഫ്ത്തുഫാറം വിദ്യാർത്ഥിനിയായിരുന്നു. സാറിന്റെ ഗുണഗണങ്ങൾ അവളുടെ ഹൃദയത്തെ നല്ലപോലെ സ്പർശിച്ചു. ഒരു ദിവസം അവൾ അമ്മയോടു ചോദിച്ചു: "അമ്മേ നമ്മൾ എന്തു ജാതിയാണ്? എത്രനാളായി ഞാൻ അമ്മയോടുചോദിക്കുന്നു, എന്നിട്ടും പറയുന്നില്ലല്ലോ"

അമ്മ — "ദൈവസൃഷ്ടിയിൽ മനുഷ്യർ ഒരു ജാതിയേ ഉള്ളു. ആ ജാതിയാണ് നമ്മളും വേറെയുണ്ടായിരിക്കാം. പക്ഷെ അതിനു ഇരുകാലിമൃഗങ്ങളെന്നാണ് പേരു്.

സുമതി—അമ്മക്കെപ്പൊഴും നേരമ്പോക്കേയുള്ളു. സ്ക്കൂളിൽ ചെന്നാൽ ഓരോരുത്തരും എന്നെയാണ് ആക്ഷേപിക്കുന്നത്. ജാതിയില്ലാത്ത പെണ്ണെന്ന്.

അമ്മ—പറഞ്ഞോട്ടെ. നിനക്കവരെയും പറയരുതേ. മനുഷ്യരല്ലാത്ത ജാതിയെന്ന്.

സുമതി—അതുപോകട്ടെ; ഞങ്ങടെ പുതിയ സാറ് ഒരു കാര്യം നിശ്ചയിച്ചിരിക്കുന്നു. അധഃകൃതവിദ്യാർത്ഥികൾക്കെല്ലാം വൈകിട്ടു ട്യൂഷൻകൊടുക്കാമെന്ന്. അക്കൂട്ടത്തിൽ ഞാനും ഒരധഃകൃതയാണോയെന്നുവിചാരിച്ചു ചോദിച്ചതാണ്.

അമ്മ—ആരാണ് ആ പുതിയസാറ്; അത്ര മഹാനുഭാവൻ: ഹരിജനങ്ങളോടു പണ്ടേ പലരും ദയവിചാരിക്കാറുണ്ടു്. പക്ഷേ അതിർകടന്നുപോകരുതെന്നുമാത്രം.

സുമതി—അമ്മയെന്താണ് ഇങ്ങനെ പറയുന്നതു്. മഹാത്മജിപോലും—

അമ്മ—മഹാത്മാക്കളുടെ നിഴലിൽനിന്നു മഹാദ്രോഹം ചെയ്യുന്ന എത്ര മനുഷ്യരുണ്ടു്. മകളെ, നിനക്കെന്തറിയാം?

സുമതി—ശരി; അമ്മയെങ്കിലുമുണ്ടല്ലോ നേരസ്ഥയായിട്ട്. എന്നാൽ പറഞ്ഞുതരു നമ്മുടെകാര്യങ്ങൾ മുഴുവൻ. എല്ലാം എന്നെ ഒളിക്കുകയല്ലെ.

അമ്മ—യഥാവസരം പറഞ്ഞുതരാം; ഇപ്പോൾ ഇത്രയും അറിഞ്ഞാൽമതി; തയ്യൽക്കാരി പാറുവമ്മയുടെമകളാണു നീയെന്ന്.

സുമതി—അമ്മയുടെതന്നെയായിട്ടു മക്കളുണ്ടോ? അച്ഛനാരന്നെങ്കിലുംപറയൂ.

അമ്മ—എല്ലാവർക്കുമുണ്ടല്ലോ ഒരാളച്ഛൻ; ജഗൽപിതാവ്. അതുതന്നെ നിന്റേയും അച്ഛൻ.

സുമതി—ഇങ്ങനത്തെയാളോടു ചോദിക്കാൻനില്ക്കുന്നല്ലോ ഞാൻ.

പലപ്പോഴത്തെയുംപോലെസുമതി മുഖവുംവീപ്പിച്ചു മാറിപ്പോയി. പാറുഅമ്മ പതുക്കെ മന്ത്രിച്ചു "പാവപ്പെട്ടകുട്ടി, അവളുടെ മനഃസാക്ഷിയേക്കൂടി വലക്കുന്നതെന്തിന്. അച്ഛന്റെ വാർത്ത നിശ്ചയമായും അവളെ വേദനിപ്പിക്കുകയേ ഉള്ളു."

## II

തിരുനാളാഘോഷദിവസം മംഗളപ്രാർത്ഥനയ്ക്കായി പ്ലാററുഫാറത്തിലേക്കു കുണുങ്ങിക്കുനിഞ്ഞുകയറുന്നതിനിടയ്ക്കാണ് സുമതിക്കുട്ടി നായരുടെ ശ്രദ്ധയിൽ ആദ്യമായിപ്പെട്ടതു്. അവിചാരിതമായി അയാൾ ഒന്നു ഞെട്ടി. തന്റെ തനിമുഖച്ഛായ — ഇതെങ്ങിനെ വന്നു!! വെറുതെ തോന്നുകയായിരിക്കാം. അല്ലാതെ ഈ പറവൂരിൽ — പതിനേഴുകൊല്ലംമുമ്പു — ആ സംശയത്തിനേ വകയില്ലല്ലൊ.

ഏതായാലും സുമതി നായരെത്തന്നെ ആകർഷിച്ചു — അയാളുംആകർഷണീയനാണല്ലോ. സ്ക്കൂളിൽവച്ചുള്ള ആദരപ്രകടനങ്ങൾ സ്നേഹനാട്യങ്ങൾ എന്നിവകഴിഞ്ഞു സുമതിയെ തനിയെ കണ്ടുമുട്ടാനായി അയാൾ അവളുടെ വീട്ടിനടുക്കൽ ഒരു സ്നേഹിതനെ സമ്പാദിച്ചു. താമസിയാതെ ആ പ്രതീക്ഷയും സഫലമായി. ഒരു രാവിലെ അവൾ സ്ക്കൂളിലേക്കു തിരിച്ചപ്പോൾ - നായർ സ്നേഹിതഗൃഹത്തിൽനിന്നും മടങ്ങുകയായിരുന്നു. അവളെക്കണ്ടു വെളുക്കെ ഒന്നു ചിരിച്ചു. "എന്താ സുമതി, ഇത്ര നേരത്തേ?"

അവൾ പരുങ്ങി തലതാഴ്ത്തി.

"നീ ബുദ്ധിമതിയാണ് — നിന്റെ ഭാവി ശോഭനമായിരിക്കും."

ഇങ്ങനെ ആദ്യരംഗത്തിനു അടിസ്ഥാനമിട്ടു, ചതുരനായ നായർ വലവീശി. അവളതിൽ കുടുങ്ങാതിരിക്കയില്ല — നിശ്ചയം- രണ്ടേരണ്ടുവാക്കുകൾ — അതിന്റെ അർത്ഥവ്യാപ്തിയോ അപരിമിതം. നീ ബുദ്ധിമതിയാണെന്ന സർട്ടിഫിക്കററു, അതോടുകൂടി നന്നായിവരുമെന്ന് ആശംസയും. സാ

റിനെപ്പററി ബഹുമാനംതോന്നാൻ ഇതിലധികം എന്തുവേണം?

സ്കൂളിൽവച്ചു് അതിർകടന്നു് പക്ഷപാതം. വഴിയിൽവച്ചു് വിശദമായ ഭവ്യഭാവം. എന്തിനധികം? ഗുരുശിഷ്യന്മാർമുത്തു കാമിനീകാമുകരാവാൻ കാലതാമസം വേണ്ടിവന്നില്ല. പ്രേമരംഗങ്ങടം വർണ്ണിക്കുന്നില്ല. (നായരുടെ നിലയോത്താൽഅതു ഊഹ്യവുമാണല്ലൊ.) കുളപ്പുരയിലും, വഴിക്കരികിലുംവച്ചുകിട്ടുന്ന ഏകാന്തസന്ദർഭങ്ങളിൽ അവ നിർബാധം നടന്നു. വീട്ടിൽചെന്നുമാത്രം വിഹരിക്കുവാൻ ആ കാമുകനു ധൈര്യപ്പെട്ടില്ല. വെളുത്തുചടച്ച സുമതിയുടെ കറുത്തുതടിച്ച അമ്മയെപ്പററിയും അവരുടെ മുഷ്കുസ്വഭാവത്തെപ്പററിയും അയാൾ ധാരാളം കേട്ടിരുന്നു. പോരെങ്കിൽ സുമതി അനുഭവസ്ഥയുമാണല്ലൊ.

കിംവദന്തികൾ പലതും പ്രചരിച്ചു. "ആ ജാതിയും കുലവുമില്ലാത്ത തയ്യൽക്കാരിയുടെ മകൾക്കു് ഇതൊരു നല്ല കേററംതന്നെ"—എന്നു ചിലർ. "ഓ! അയാൾക്കു് ഭാര്യയും കുട്ടികളും ഇല്ലാതിരിക്കുമോ ഇവളെ വഴിയിലാക്കാൻതന്നെ" എന്നു മററു ചിലർ. "ഇതൊരു സ്ക്രൂൾപ്രണയം! സാരമില്ല, ഗുരുശിഷ്യബന്ധം!" എന്നു പുഞ്ചിരിയോടെ വേറെ ചിലർ. ഏതായാലും ഈ നാട്ടോടിവത്തമാനം പാറുവമ്മയുടെ ചെവിയിലുമെത്തി. ഭദ്രകാളിയെപ്പോലെ ഉറഞ്ഞിരുന്ന അവർ വൈകിട്ടു മകളെക്കണ്ടപ്പോൾ അലറിക്കൊണ്ടിങ്ങനെ പറഞ്ഞു,- "അസത്തുപെണ്ണേ! ഇതിനാണോ നീ സ്കൂളിൽപോകുന്നതു്? എൻെറ മാനം വിററുതിന്നാൻ". മകൾക്കും കോപം വന്നു. അമ്മയുടെ മകളല്ലേ? "അമ്മയുടെ മാനം ഞാനെങ്ങനെയാണമ്മേ വിററുതിന്നുന്നതു ? എനിക്കു അതിനു കഴിയുമോ?"

അമ്മ—"ശരി എൻെറ മാനം ഞാൻ നശിപ്പിച്ചു. എൻെറതന്നെയോ—നിൻെറയും. ഇനി നീയും അതിന്നൊരുമ്പെട്ടു് വേറൊരു മാനമില്ലാത്ത ജീവിയെക്കൂടി സൃഷ്ടിക്കാൻപോകയാണോ?"

സുമതി—"എന്താണമ്മേ പറയുന്നതു്?"

അമ്മ—"ഞാൻ പറയുന്നതോ? നീ നാളെമുതൽ സ്കൂളിൽ പോകേണ്ടയെന്നു്. ഞാൻ എത്രയും അധ്വാനിച്ചു് പഠിപ്പിക്കുന്നതു് ഈ കുറച്ചിലിനല്ല."

സുമതി—"എന്താണു് കുറച്ചിൽ?"

അമ്മ—"തെരുവിലും തിണ്ണയിലുമൊന്നുപോലെ നീ ഇങ്ങനെ കണ്ടവരോടു് ആടിക്കുഴഞ്ഞുനടക്കുന്നതു്."

സുമ—"ആരുപറഞ്ഞു ഈ വെടുകങ്ങളം? ഞാൻ സ്കൂളിലല്ലാതെ മറെറങ്ങും പോകാറില്ലല്ലൊ."

അമ്മ—"അതു മതിയല്ലൊ. ഇപ്പൊഴത്തെ സ്കൂളുകൾ അതിനുള്ളതല്ലേ? ഇപ്പോഴത്തെയല്ല, പണ്ടത്തെയുമതെ. ആട്ടെ, നീ നാളെമുതൽ സ്കൂളിൽ പോകേണ്ട. ഇവിടെയിരുന്നു എൻെറ ജോലിയിൽ സഹായിച്ചാൽമതി."

സുമതി—"അമ്മേ! ഇങ്ങനെ പറയരുതേ! എന്നോടു തീരെ ദയയില്ലാതെ."

അമ്മ—"ദയ—അതെനിക്കാരോടുമില്ല. എന്നോടുതന്നെയില്ല. അല്ലെങ്കിൽ രാപ്പകൽക്കൂടാതെ അധ്വാനിക്കുമോ? ഇനി സൂത്രമൊന്നും എന്നോടു വേണ്ട. ഞാൻ പഠിപ്പിച്ചിട്ടു് നീ പഠിക്കയുണ്ടാകയില്ല." —

പാറുവമ്മ തീർത്തുപറഞ്ഞു് അകത്തേക്കു കയറിപ്പോയി. സുമതി മിഴിച്ചു നിന്നു. അമ്മയുടെ ദുർവ്വാശി ഇതിൽക്കൂടുതൽ ഒരിക്കലും അവളെ വേദനിപ്പിച്ചിട്ടില്ല. "ഇതാക്കുചേരുന്ന ശീലം. ഈശ്വരാ! ഈ അമ്മയുടെ മകളായി ജനിച്ചല്ലോ ഞാൻ —

രണ്ടുമൂന്നുദിവസമായി സുമതിയെ കാണാതായപ്പോൾ നായരൊന്നു പരിഭ്രമിച്ചു. അവൾക്കെന്താ വല്ല സുഖക്കേടും - സൂത്രത്തിലന്വേഷിച്ചപ്പോൾ അതല്ലാ കാരണമെന്നും മനസ്സിലായി. നയശാലിയായ നായർ തരംനോക്കി നടന്നു. ഒടുവിലൊരുദിവസം കുളപ്പുരയിൽവച്ചു തനിയെ കണ്ടുമുട്ടി. "എന്താ സുമതീ! ഈയിടെ തടവിലാണോ?"

സുമതി—"അതേ; ആരോ ചെന്നു് അമ്മയോടു് അവിടുത്തെപ്പററി എന്തൊക്കെയോ പറഞ്ഞുപിടിപ്പിച്ചു."

നാ—"എന്നെക്കൊണ്ടെന്താ പറയാനുള്ളതു്?"

സു—"നാം തമ്മിൽ സ്നേഹമാണെന്നും ഞാൻ അവിടുത്തോടു സംസാരിക്കാറുണ്ടെന്നുംമററും."

നാ-'അതുകൊണ്ടെന്താ ദൂഷ്യം?'

സു 'അവിടുത്തേക്കു ഭാര്യയും കുട്ടികളുമൊക്കെയുണ്ടല്ലൊ. പിന്നെ—'

നാ—"ഞാൻ പറഞ്ഞില്ലെ: ആ വിവാഹബന്ധം ഒഴിഞ്ഞിരിക്കയുമാണു്, അവർ വീട്ടിലുമാണു്."

സു—"എന്നാൽപിന്നെ അമ്മയും നാട്ടുകാരും അറിഞ്ഞു് ന്യായമായി അരുതേ"

നാ—അധികൃതമായി മറേറബന്ധം വിടുത്തുന്നതിനുമുമ്പെങ്ങിനെ?"

സു—"എന്നാൽ അതുവരെ നാം തമ്മിലും അകന്നിരിക്കയാണു നല്ലതു്. അല്ലെങ്കിൽ അമ്മയോടെങ്കിലും പറയാമല്ലൊ"

നായർ ആലോചിച്ചു. കുറേനാളത്തേക്കങ്ങനെയും പയററാം. അപ്പോഴേക്കു തനിക്കു സ്ഥലംമാററവും - അതുവരെ ഏതായാലും ഈ സ്നേഹബന്ധം വിടരുതു്. പുഞ്ചിരിയോടെ അയാൾ പറഞ്ഞു. "നിൻെറ അമ്മ വലിയ ഗൌരവക്കാരിയാണെന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. ഏതായാലുമാട്ടെ, ഞാൻ വൈകിട്ടു വീട്ടിൽവരും. അമ്മയോടു നേരത്തേ പറഞ്ഞേക്കൂ."

സുമതി സംശയിച്ചു ചോദിച്ചു. 'പിന്നേ, ഞാനൊന്നു ചോദിക്കട്ടെ—തെററിദ്ധരിക്കരുതു്. മറോ ഭാര്യയെപ്പോലെ എന്നെയും കുറേനാൾ കഴിഞ്ഞു്—."

നാ—"സുമതീ! അങ്ങനെ ധരിക്കരുതു്. സത്യമായി നിന്നെയല്ലാതെ—"

അയാളുടെ നാവിൽനിന്നു ഉയൎന്ന വാക്കുകൾ മുഴുവനായില്ല. പെട്ടെന്നു പുറകിൽനിന്നു് ഒരു കാൽപെരുമാററം കേട്ടു് ഞെട്ടി വിരമിച്ചു. വാസ്തവത്തിൽ ഈശ്വരൻതന്നെ ഈ മിത്ഥ്യാപ്രതിജ്ഞയെ പ്രതിരോധിച്ചതായിരിക്കുമോ— നെഞ്ചിടിയോടെ സുമതി ചുററും നോക്കി. ആരെയും കണ്ടില്ല. പിന്നെ ആ ശബ്ദമോ? വല്ല പട്ടിയുടെയോ പൂച്ചയുടെയോ ആയിവരാമല്ലൊ. പക്ഷെ അതിനിത്രദൃഢതകാണുമോ.

"ഞാൻ പോകുന്നു. അമ്മയിപ്പോൾ കോപിച്ചിരിക്കയായിരിക്കും ഈശ്വരാ !" സുമതി പോയി. ചീകിവച്ച ചുരുൾക്രാപ്പു് കാററിൽ പറന്നതു കൈകൊണ്ടൊതുക്കി ചൂളമിട്ടു തെളിഞ്ഞ കണ്ഠത്താൽ മധുരമായ ഒരു പ്രണയഗാനം മൂളി കൈവിരലുകൾ ഇളക്കി ഞൊടിച്ചു്—ധാരാളമായുപയോഗിച്ച സെൻറിൻെറയും അത്തറിൻെറയും പരിമളത്താൽ പരിസരങ്ങളെ സൌരഭ്യപ്രവാഹത്തിലാറാടിച്ചു് മന്ദമാരുതനേററിളകുന്ന വെള്ളവസനത്തോടെ നായരായ ചന്ദ്രികാശകലം ആ ഇളവെയിലിൽ മന്ദം മന്ദം നടന്നുപോയി. സ്നാനത്തിനായി വരുന്ന വല്ല സുന്ദരാംഗികളെയും വഴിക്കുവച്ചു കണ്ടുമുട്ടിയേക്കാമല്ലൊ.

... ... ...

പലേതരത്തിലുള്ള തുണികൾ വെട്ടിച്ചിതറി അതിനിടയിൽ കത്രികയും വിവിധവൎണ്ണത്തിലുള്ള നൂലുണ്ടകളുമായി അശ്രാന്തപരിശ്രമിയായ പാറുവമ്മ തൻെറ ആഫീസുമുറിയിലിരിക്കുന്നു. എന്തൊരു ഗൌരവമേറിയ ആകൃതി! ഇരുണ്ടുയൎന്ന ശരീരം! ആരെയും കൂസാത്ത ഉറച്ച നോട്ടം. ഉള്ളിലുള്ളതു പുറത്തുവിടാത്തപോലെ ദൃഢമുദ്രിതമായ ചുണ്ടുകൾ. ചൊടിചൊടിപ്പേറിയ കൈകൾ. ആകപ്പാടെയൊരാനച്ചന്തം. ഇതാണു തയ്യൽക്കാരി പാറുവമ്മ . ഇവരുടെ മകളാണോ നമ്മുടെ സുമതി? അവളിതാ കേറിവരുന്നു. അതിമനോഹരമായ രൂപം ആരെയും മയക്കുന്ന പുഞ്ചിരി. ലജ്ജയാൽ മുഖംതിരിച്ചു അവൾ പറഞ്ഞു.

"അമ്മേ, ഞങ്ങടെ സാറുവന്നിട്ടുണ്ടു്. അമ്മയെ കാണണമെന്നു പറയുന്നു."

പാറു—"മെനക്കെടുത്താതെ പോ പെണ്ണേ!"

സു—"ഇതെന്തുശീലമാണമ്മെ, ആരെങ്കിലും വന്നാൽ അവമാനിക്കുന്നതു്—കുറെ പതുക്കെയെങ്കിലും പറയരുതെ?"

പാ—"നിയെങ്കിലുമുണ്ടല്ലൊ നല്ല ശീലവതിയായിട്ടു്. അതുകൊണ്ടു സന്ദർശകരും ധാരാളം കാണും- ഇന്നലെ കുളപ്പുരയിൽവച്ചുള്ള നിശ്ചയമായിരുന്നു, ഇല്ലെ?"

സുമതി തലചൊറിഞ്ഞു. "അമ്മ എങ്ങിനെ ഇതറിഞ്ഞു. ഇവരു വല്ലാത്ത ആളുതന്നെ ആട്ടെ, ഇനി ഒന്നിണങ്ങിനോക്കാം. ഞാൻ വളരെ പണിപ്പെട്ടു പററിച്ച ഈ സന്ദർശനം നിഷ്ഫലമാക്കാമോ?"

സു - "അമ്മേ, വീട്ടിൽ വല്ലവരും വന്നാൽ ഇങ്ങിനെയാണോ വേണ്ടതു്? അറിഞ്ഞുകൂടാതെയില്ലല്ലൊ?

പാറുവമ്മ എണീററു താനുദ്ദേശിച്ച അവസാനമായി എന്നു ഭാവക്കും തോന്നി. കുളത്തിൽവച്ചു കണ്ടപ്പോഴേയുള്ള സംശയം തീക്കാമല്ലൊ. പുകഞ്ഞതെങ്കിൽ പുറത്തു നിശ്ചയം അടുത്തതെങ്കിൽ ഏട്ടക്കയും ചെയ്യാമല്ലൊ മേലിലും മുണ്ടിലും പററിയിരുന്ന തുണിക്കണ്ടങ്ങളും നൂൽതുമ്പുകളും തട്ടിക്കളഞ്ഞു് തലയഴിച്ചൊന്നു കെട്ടി മകളോടു പറഞ്ഞു.

"ഞാനപ്പുറത്തേക്കു പോകുന്നു. വല്ല കാപ്പിയോമറേറാ ഉണ്ടോ?"

പുഞ്ചിരിയോടെ മകൾ പറഞ്ഞു. "കാപ്പി ഞാൻ കൊടുത്തു."

പാ—'അതു നിൻെറ സല്ക്കാരമായിരു

ന്നു അല്ലെ. എന്റെ പാഠം വേഗം കഴിച്ചേക്കാം. വരൂ.'

പാറുവമ്മ മുറിവിട്ടിറങ്ങി. സുമതി പതുക്കെ പിന്നിൽനിന്നു പറഞ്ഞു "അമ്മേ എന്നെയെങ്കിലുമോക്കണേ?"

പ്രേയസി നൽകിയ കാപ്പിയും കടിച്ചു് പരമാനന്ദതുന്ദിലനായി നായർ ചാരുകസാലയിൽ കിടക്കയായിരുന്നു. പടിപ്പുറത്തു പാദശബ്ദം കേട്ടപ്പോഴേ സഹജമായ പുഞ്ചിരി സൽക്കരിക്കാനെത്തി. പാറുവമ്മ പ്രത്യക്ഷയായി. രണ്ടുപേരും മുഖത്തോടു മുഖം നോക്കി. സ്പഷ്ടമായ ഭാവവൈവർണ്ണ്യത്തോടെ ആ കാമുകസ്ഥാനാത്ഥി എണീററു. "ആരാണിക്കാണുന്നതു്. അയ്യോ! അല്ല അതു സംശയമല്ല. 'രണ്ടുപേർതങ്ങളിൽഛായകണ്ടതുണ്ടു പലപ്പോഴും "

ബഹുമാനോപചാരമെന്ന മട്ടിൽ അയാൾ തന്റെ ചേഷ്ടകളെ നിയന്ത്രിച്ചു. പാറുവമ്മയും പതുങ്ങിപ്പോയി. ആരെയും വണങ്ങാത്ത പാറുവമ്മ തന്റെ മുമ്പിൽ കാണുന്നതാരെയാണു്. ആ യുവശ്രീമാനെയോ? ആ ഭാവവിലാസങ്ങൾ. ആ പുതുപുഞ്ചിരി. അതേ ആകർഷകമായ നോട്ടം അതെ, പതിനേഴുകൊല്ലത്തെപഴക്കമുണ്ടെങ്കിലും അവ അന്നുമിന്നും ഒന്നുപോലെയിരിക്കുന്നു. പാറുവമ്മയുടെ നേത്രങ്ങൾ അവരെ ചതിക്കുമോ. ആദ്യത്തെ അമ്പരപ്പുവിട്ടപ്പോൾ സാവധാനത്തിൽപറഞ്ഞു.

"ഇരിക്കാം."

രാമചന്ദ്രൻനായർ എന്താ പറയേണ്ടതെന്നറിയാതെ കുഴങ്ങി. തന്റെ ആഗ്രഹമറിയിക്കയെന്നതോ പോട്ടെ സംശയിക്കുന്നോ ആൾ ആണെങ്കിൽ ഇവിടെനിന്നു മാനമായി രക്ഷപെടുന്നതെങ്ങിനെ?—"ഇരിക്കാം ബദ്ധപ്പാടില്ല. സുമതിയെ പരിചയമുണ്ടു്. അടുത്തൊരു സ്നേഹിതന്റെ വീട്ടിൽ വന്നപ്പോൾ ഇവിടെയും കയറി.

പാറു..."ശരി, സുമതിയുമായി പരിചയപ്പെടാൻ ഇപ്പോഴെങ്കിലും ഇടയായല്ലൊ. അവളും അന്വേഷിക്കാറുണ്ടായിരുന്നു കൂടക്കൂടെ.

നായർ...(ധൈര്യമായ്!) "അതെയോ! നിങ്ങളൊക്കെ നല്ലയാളുകൾ നിങ്ങളുടെ സ്നേഹം എനിക്കൊരു ഭാഗ്യമാണു "

പാറു—"അഥവാനിർഭാഗ്യവുമാവാം. മനഃസ്ഥിതിപോലെ."

നായർ—'എന്റെ സന്ദർശനം നിങ്ങൾക്കു് ഇഷ്ടമല്ലെങ്കിൽ അതാണു് നിർഭാഗ്യം.'

പാറു—"ഓരോരുത്തരുടെ ഇഷ്ടാനിഷ്ടങ്ങളും യോഗ്യതായോഗ്യതകളും അറിയുന്നതു അതിനുള്ള സന്ദർഭം വരുമ്പോഴല്ലെ. എന്നാൽ സുമതി ചെറുപ്പംമുതലേ നിങ്ങളുടെ കാര്യംപറഞ്ഞു എന്നെ അലട്ടാറുണ്ടു്.

നായർ—എന്തു്. ഞങ്ങൾതമ്മിൽ പരിചയമായിട്ടു് കഷ്ടിച്ചു ഒരു കൊല്ലമേ ആയിട്ടുള്ളല്ലൊ.

പാറു "നമ്മൾ തമ്മിലൊ- അതൊന്നാലോചിക്കണേ-കുഴങ്ങേണ്ട. ഞാനെല്ലാം വിശദമായി പറയാം. വരട്ടെ സുമതിക്കൂടെ വരട്ടെ. ആ തിരശ്ശീലയെടുക്കുമ്പോൾ അവൾകൂടി വേണ്ടതാണു്. ഈ അവസരം ഈശ്വരൻനൽകിയ അപ്രതീക്ഷിതാനുഗ്രഹമാണു് സുമതീ!-മകളെ—"

അവൾ ആമോദഭരിതയായി അവിടെയെത്തി! തന്റെ ഗാന്ധർവ്വവിവാഹത്തിന്റെ ആദ്യഘട്ടം അമ്മയുടെ അനുമതിയോടെ കൊണ്ടാടുന്നതു് അക്ഷമയായി പ്രതീക്ഷിച്ചു എന്നാൽ മുന്നിൽവന്നുനിന്ന മകളോടു പാറുവമ്മ പറഞ്ഞതെന്താണു്? കമിതാവിന്റെ കരങ്ങളെ ഗ്രഹിക്കാനല്ല. ആരെയും തലതാഴ്ത്തിക്കുന്ന ആ ഗംഭീരാജ്ഞ ഇതാണു്. "കുഞ്ഞേ അച്ഛന്റെപാദങ്ങളിൽ നമസ്കരിക്കൂ" അവൾ പകച്ചു നോക്കി "അച്ഛനോ അമ്മേ! അച്ഛനെവിടെ? അമ്മയ്ക്കെന്താ ഭ്രാന്തൊണ്ടോ?" കൈചൂണ്ടിക്കൊണ്ടു് അവർ പറഞ്ഞു. "അതാ, അതാണു് നിന്റെ അച്ഛൻ. ഇതു പറഞ്ഞാൽ അദ്ദേഹവും നീയും എന്നെ ഭ്രാന്തിയെന്നു പറയുമായിരിക്കും. എന്നാൽ ലോകമാകെ അവിശ്വസിച്ചാലുംശരി; ഇതാണു സത്യം. അതു നിന്റെ മുഖംതന്നെ വിളിച്ചുപറയുന്നുണ്ടു."

പരിഭ്രാന്തനായനായർ പെട്ടെന്നിളകിപ്പറഞ്ഞു. "ഞാൻ നിങ്ങളുടെ വീട്ടിൽ വന്നതുകൊണ്ടാണോ ഇങ്ങനെ അവമാനിക്കുന്നതു്? ഈ നാട്യങ്ങൾ വെറും പിള്ളേർകളിക്കു മാത്രം ചേരും" ഒരു സാവജ്ഞസ്മിതത്തോടെ അവർ പറഞ്ഞു. 'ശരിതന്നെ, അന്നതൊരുവെറും പിള്ളർകളിമാത്രമായിരുന്നു ഇന്നിങ്ങനെ വേറൊരു പിള്ളർകളിക്കും കൂടി ഒരുമ്പെട്ടില്ലെങ്കിൽ ഇതു് വെളിപ്പെടുകയേ ഇല്ലായിരുന്നു ക്ഷമിക്കണെ മകളെ; ഞാൻ പറയാം. ഇമ്മാതിരി ഒരു ഘട്ടം വന്നില്ലെങ്കിൽ അന്തർനിഗ്രഹണം ചെയ്തിരുന്ന പാറുവമ്മയുടെ ചുണ്ടുകൾ ഇതൊരിക്കലും ഉച്ചരിക്കയേ ഇല്ലായിരുന്നു പക്ഷെ മരണസമയത്തു സുമതിയോടുമാത്രം പറഞ്ഞാലുമായി. എന്നാൽ ദൈവസങ്കല്പം അങ്ങിനെയല്ല ഇനിയും ഇതൊളിച്ചാൽ ദൈവവിരോധമായി വല്ലതും അകപ്പെട്ടെങ്കിലൊ. നിങ്ങൾക്കു കേൾക്കണമെന്നില്ലായിരിക്കാം എങ്കിലും എനിക്കതു പറയേണ്ടതിരു; നിശ്ചയം മകളേ! സുമതി, ശ്രദ്ധിച്ചുകേൾക്കണെ"

പാറുവമ്മ പതുക്കെയൊന്നുനിശ്വസിച്ചു. ക്ഷീണനായ നായരേയും ക്ഷുഭിതയായ മകളേയും നോക്കി തുടന്നു "സ്ഥലവും സമയവുമൊന്നും പറയുന്നില്ല അവ സ്വയമേവ വെളിപ്പെടട്ടെ. പതിനെട്ടുകൊല്ലങ്ങൾക്കുമുമ്പു് അവിടെയൊരു സ്കൂളിൽ സമീപസ്ഥരായ രണ്ടുകുട്ടികൾ ഒരേക്ലാസ്സിൽ പഠിച്ചിരുന്നു ആ ഒരുസംഗതിയിലൊഴിച്ചു് മററെല്ലാത്തിലും അവർ വ്യത്യസ്തരായിരുന്നു. ആൺകുട്ടി പ്രാമാണ്യവും പ്രഭുതയും നിറഞ്ഞ ഒരു ഒന്നാംതരം നായർകുടുംബാംഗം. കാളിയോ, ഒരു പാവപ്പെട്ട ഹരിജനപ്പെൺകുട്ടി. അധഃകൃതോദ്ധാരണത്തിന്റെ അദ്യാവേശമുണ്ടായിരുന്ന അന്നു് ആ നായർ വീട്ടിലെ ഒരു കാരണവരുടെ നിർബ്ബന്ധപൂർവ്വമായ നിഷ്കർഷ അനുസരിച്ചാണു് കൃഷിക്കാരൻ ചാത്തൻപുല്ലൻ മനസ്സില്ലാമനസ്സോടെ മകളെ സ്കൂളിൽ അയച്ചതു്. ഫീസ് സൗജന്യംകിട്ടി സ്കൂൾചിലവെല്ലാം തമ്പുരാൻ വഹിച്ചു. അങ്ങിനെ ഭാഗ്യം ലഭിച്ച കാളിക്കുഴിച്ചി പുല്ലരിയാനും നെല്ലുകാക്കാനും പോകാതെ പുസ്തകവും കയ്യിലിട്ടുക്കി സ്കൂളിലേക്കു പോയി. ആളുകൾ അത്ഭുതപ്പെട്ടെങ്കിലും തമ്പുരാനെപ്പേടിച്ചു് ഒന്നും പറഞ്ഞില്ല. പുലമാടത്തിൽ പുസ്തകംവയ്ക്കാൻ സ്ഥലമില്ലാത്തതുകൊണ്ടു് അവളുടെ കൂടെ പഠിച്ചിരുന്ന ഒരു തമ്പുരാൻ തന്നെ ആ പുസ്തകങ്ങൾ ഏററു. അവർ തമ്മിൽ അതിരില്ലാത്ത സ്നേഹം ഉദിച്ചു. അറിവില്ലാത്ത ആ സാധു അതനുഗ്രഹമായിക്കരുതുകയും ചെയ്തു. ഇല്ല. അധികം വിസ്തരിക്കുന്നില്ല അതു യുക്തവുമല്ലല്ലൊ. അവൾ അന്നു തേഡ്ഫാറത്തിൽപഠിക്കയായിരുന്നു. ആ അവിഹിതകൃത്യം അതിന്റെ പരമാവധിയിലെത്തി—കാളി ഗർഭവതിയായി—ഇതറിഞ്ഞപ്പോൾ ആ യുവാവു് പേടിച്ചുവിറച്ചു. അതിരില്ലാത്ത അപവാദവും സമുദായഭ്രഷ്ടും അയാൾക്കു വരികയില്ലെ? അയാൾ കേണുകൊണ്ടു പറഞ്ഞു. "കാളീ! ഇതിനൊററവഴിയേ ഞാൻ കാണുന്നുള്ളു. നീ ......................"

കാളി കരഞ്ഞു. ആ ആനന്ദഭാരം നശിപ്പിക്കയോ? അതിൽഭേദം സ്വയം മരണമല്ലെ! തന്നെ രക്ഷിക്കാൻ യുവാവു താണപേക്ഷിച്ചു. അഹോ! അവൾ ചെയ്ത കുററത്തിന്റെ ഭയങ്കരത ഇപ്പോഴാണറിയുന്നതു്. രാത്രി മാടത്തിൽ ചെന്നപ്പോൾ അച്ഛനു ചില സംശയങ്ങൾ തോന്നി അയാൾ അവളെ നിഷ്കരുണം പ്രഹരിച്ചു. ഇങ്ങനെ സർവ്വത്ര ശാസനയും ശകാരവുമേററ കാളിയെ അർദ്ധരാത്രിയിൽ കാണാനില്ലാതായി. പുലമാടങ്ങളിലെല്ലാം നോക്കി സമീപത്തിലുള്ള കുളങ്ങളിലും കിണറുകളിലും കൂടി തിരയാതിരുന്നില്ല എന്നാൽ അന്നു മറഞ്ഞ കാളിയെ ഇന്നും ലോകം കണ്ടിട്ടില്ല. ആ പാതിരാക്കൂരിരുട്ടു് അവളെവിഴുങ്ങി എന്നു ചിലർ പറയാറുണ്ടു്. അവമാനംകൊണ്ടു് ആററിൽചാടിയെന്നു ചിലരും.

ഏതായാലും അതു കഴിഞ്ഞു് കഷ്ടിച്ചു പത്തുമാസം കഴിഞ്ഞപ്പോൾ എത്രയോ ദൂരെ ഈ പറവൂരിനു് ഒരു പാറുവമ്മയെകിട്ടി. ജാതിയുമില്ല കുലവുമില്ല, നാടുമില്ല വീടുമില്ല. ഉററവരായിട്ടാരുമില്ല. അങ്ങനെ കരുത്തിട്ടോ അമ്മ, അവൾക്കു വെളുത്തൊരു മകളും. എവിടെനിന്നോ വന്നു് ഇവിടെ താമസമാക്കി. സ്വന്തേയുള്ള തുന്നൽകൊണ്ടും നൂൽനൂല്പുകൊണ്ടും ഇതുവരെ കാലം കഴിച്ചുവരുന്നു. ആരുമായി സഹവസിക്കാത്ത ആ പാറുവമ്മയെ ആക്ഷേപിക്കാനും ഇഷ്ടമില്ല അവൾക്കോ ആദ്യത്തെ അനുഭവം ആജന്മപാഠവുമാണു്. ഇതാണുകഥ. ആലോചിച്ചു യുക്തംപോലെ ചെയ്തുകൊള്ളു.

വികാരവിവശയായ അമ്മയേയും വിഷാദഗ്രസ്തനായ നായരേയും സുമതി വിസ്മയസ്തബ്ധയായി മാറിമാറി നോക്കി. "എന്താണിതിന്റെ അത്ഥം?" എന്ന ചോദ്യം അതിൽ നല്ലവണ്ണം സ്ഫുരിച്ചിരുന്നു. നായർ ആലോചിച്ചു. 'ഇതിൽനിന്നൊഴിയുന്നതെങ്ങിനെ! സുമതിയുടെ മുഖം പരിപൂർണ്ണലക്ഷ്യമായി മിന്നുന്നു. പോരെങ്കിൽ തന്റെ ആത്മസാക്ഷിയും. ഈശ്വരാ! സർവ്വേശ്വരാ!! ഈ നാടകത്തിനു് അവസാനമെങ്ങിനെ?" ദീനനായ അയാളുടെ കണ്ണിൽ രണ്ടുമൂന്നുബാഷ്പകണം തിളങ്ങി!! തീവ്രവേദനയോടു കൂടിയ സുമതിയുടെ അന്വേഷണനോട്ടങ്ങൾക്കുത്തരമെന്തു്?

"അച്ഛാ! ഞാനങ്ങിനെതന്നെ വിളിക്ക

## ൩0000-വയസ്സു തികയുമ്പോൾ.



അമേരിക്കയിലെ നയാഗ്രാ ജലസമ്പാതമെന്ന വിശ്വവിഖ്യാതമായ വെള്ളച്ചാട്ടത്തിന്റെ ഒരു ചിത്രമാണ് മേൽ കാണുന്നതു്. വെള്ളക്കാർ അമേരിക്കയിൽ കുടികയറിപ്പാർത്തുതുടങ്ങുന്നതിനു എത്രയോ മുമ്പുതന്നെ അവിടത്തെ ആദിമനിവാസികളെ ഈ വെള്ളച്ചാട്ടത്തിന്റെ മനോഹരത ആകർഷിച്ചിട്ടുണ്ട്. ഈ വെള്ളച്ചാട്ടംഉണ്ടായിട്ടു 20000-വർഷത്തിൽ കുറയാതെയായിട്ടുണ്ടെന്നാണു ഊഹിക്കപ്പെടുന്നതു്. ഈ വെള്ളച്ചാട്ടം അതിന്റെ പതനസ്ഥലത്തുനിന്നു പുറകോട്ടുപുറകോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നു. ജലനിപാതസ്ഥാനത്തെ വൻപാറകൾ ഇടിഞ്ഞുവീഴുകനിമിത്തമാണ് ഇങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നതു്. ആരംഭത്തിൽ ഈ വെള്ളച്ചാട്ടം നയാഗ്രായിൽനിന്നു ഏഴുമൈൽ താഴെയുള്ള ലൂവിസ്ററൺ എന്ന സ്ഥലത്തായിരുന്നു. പ്രസ്തുത ജലസംപാതസ്ഥാനത്തിന്റെ പുറകോട്ടുള്ള പ്രയാണം തുടർച്ചയായി നടന്നുവരികയാണെന്നും ക്രമപ്രവൃദ്ധമായ രീതിയിൽ ഇതു നടന്നുകൊണ്ടിരുന്നാൽ വെള്ളച്ചാട്ടം നദിയുടെ മാർഗ്ഗമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന 'ഈറി'തടാകത്തിൽ എത്തിച്ചേർന്നു ലയിച്ചേക്കാൻ ഇടയുണ്ടെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നാൽ മുൻപറഞ്ഞ പിൻവാങ്ങൽ പൂർണ്ണമാകുന്നതിനു ഇനിയും 30000-വർഷത്തിൽ കുറയാതെ വേണ്ടിവരുമത്രേ ഒരു പ്രധാന മധുവിധുകേന്ദ്രമായിതീർന്നിരിക്കുന്ന പ്രസ്തുത ഭൂഭാഗം അനേകജനങ്ങളെ അവിടത്തേയ്ക്കു ആകർഷിക്കുന്നു. 175-അടി പൊക്കത്തിൽനിന്നും മണിക്കൂർതോറും 10-കോടി ടൺ വെള്ളംവീതം പതിച്ചുകൊണ്ടിരിക്കുന്ന ഈ വെള്ളച്ചാട്ടത്തെ ആദിമനിവാസികൾ ഒരു ദേവതയായി കല്പിച്ചു ആരാധിച്ചുപോന്നിരുന്നു. അത്യന്തം സുന്ദരിയായ ഒരു യുവതിയെ ആണ്ടുതോറും ഈ വെള്ളച്ചാട്ടത്തിനു ബലികൊടുക്കുകയും പതിവായിരുന്നു. ഇക്കഴിഞ്ഞ രണ്ടുമൂന്നുവർഷങ്ങളായി അവിടെ സംഭവിച്ചിട്ടുള്ള അപകടങ്ങൾ ആദിമനിവാസികളുടെ 'റെക്കാർഡി'നെയെല്ലാം ലംഘിച്ചിരിക്കുന്നു. അറുപതുപേരോളം ഈ മൂന്നുവർഷത്തിനിടയിൽ നയാഗ്രാജലനിപാതത്തിന്റെ ബലിസാധനങ്ങളായി തീർന്നുപോയിട്ടുണ്ട്. മുപ്പതിനായിരംവർഷംകൂടി കഴിയുമ്പോൾ ഈ നയാഗ്രാവെള്ളച്ചാട്ടവു, സർവ്വം നശ്വരമെന്ന നിയമത്തെ ഉദാഹരിച്ചേക്കാം. ഈ വെള്ളച്ചാട്ടത്തെപ്പററി പരിഷ്കൃതലോകത്തെ ആദ്യം അറിയിച്ചതു എ, ഡി. 1678-ൽ ഇതു കണ്ടെത്തിയ 'ഫാദർ ഹെന്നിപിൻ' ആയിരുന്നു.

N. I. A.

ട്ടെയോ?" സുമതി വിനീതയായി ചോദിച്ചു.

"ഇതിനുത്തരം ഈശ്വരനേ അറിയാവൂ സുമതീ. ഞാനെന്തുപറയണം?" അയാൾക്കു വാക്കുപുറപ്പെട്ടില്ല. സുമതി സാഷ്ടാംഗം നമസ്കരിച്ചുകൊണ്ടു പറഞ്ഞു. "അച്ഛാ! സങ്കടപ്പെടരുതേ! അച്ഛനിഷ്ടമില്ലെങ്കിൽ ഈ ബന്ധം എന്നും അജ്ഞാതമായിത്തന്നെയിരിക്കും. എന്നാൽ ഒരിക്കൽകൂടി ഞാൻ അച്ഛനെന്നു വിളിച്ചുകൊള്ളട്ടെ."

അഹോ! എന്തു നിഷ്കളങ്കമായ വാക്കുകൾ! അയാൾ അവളെ പിടിച്ചെഴുന്നേൽപിച്ചു് മാറോടുചേർത്തണച്ചാശ്ലേഷിച്ചു. ഒരിണങ്ങിയ മാൻകിടാവിനെപ്പോലെ അവൾ ഒതുങ്ങിനിന്നു. അതിപാവനവും അത്യുൽകൃഷ്ടവുമായ പിതൃപ്രേമം! ഏകീകൃതരക്തത്തിന്റെ ഏകാന്തചൈതന്യം.

അതിനു കീഴ്പെട്ടു നിന്ന പിതൃപുത്രികളെനോക്കി അമ്മ പരമാനന്ദമനുഭവിച്ചു. ആ പതിനേഴുകൊല്ലത്തിനിടയിൽ അന്നാദ്യമായി അവൾക്കു മനഃശാന്തി ലഭിച്ചു.

---


# ഡൊരശ്ശിണി.

ഗ്രന്ഥകർത്താ, കെ. എം. പണിക്കർ എം. എ.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ പ്രധാന ദോഷങ്ങൾക്കു വിധേയയായിതീർന്ന ഒരു യുവതിയുടെ ജീവിതത്തിന്റെ അതിസൂക്ഷ്മമായ ഒരു ചിത്രമാണ് ഇതിലെ കഥാവസ്തു അഗാധപാണ്ഡിതനും നിരീക്ഷണകുശലനും ആയ കവിയുടെ ഡൊരശ്ശിണിസൃഷ്ടി എത്രമാത്രം ഹൃദയംഗമമായിട്ടുണ്ടെന്നു വർണ്ണിക്കാവുന്നതല്ല.

വില 1 രൂപാ.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

# മഹാനവമിമഹം.

വിദ്വാൻ പി. കെ വേലുപ്പിള്ള.

വൈദികകാലംമുതലേ ഭാരതത്തി ലെങ്ങും കൊണ്ടാടിവരുന്ന ഒരു മഹമാണ് മഹാനവമി; അഥവാ നവരാത്രി. പണ്ഡിതന്മാർ മണ്ഡലങ്ങളിൽപ്രവേശിച്ചു ശാസ്ത്രരഹസ്യങ്ങളെ വെളിവാക്കിയും, നവീനശാസ്ത്രതത്വങ്ങളെ ലോകസമക്ഷം അവതരിപ്പിച്ചും നവരാത്രിയുത്സവത്തെആചരിച്ചുവന്നിരുന്നു. രാജാക്കന്മാരാദിയായവർസദസ്സിൽ ഹാജരായി ശാസ്ത്രചർച്ചയിൽ പങ്കുകൊണ്ടു നവമിഘോഷത്തെ മോടിപിടിപ്പിച്ചുവന്നു. ഉല്ലാസഭരിതരായ ലോകർ പണ്ഡിതജനങ്ങളെ യഥായോഗ്യമാദരിച്ചും, വേണ്ടവിധത്തിൽ സ്വീകരിച്ചും പണ്ഡിതന്മാരെപ്രോത്സാഹിപ്പിച്ചുംവന്നു. വിദ്വാന്മാരാകട്ടെ സമുചിതദക്ഷിണയുംവാങ്ങി പിന്മാറുകയും നവരാത്രിമഹോത്സവം സമാപിക്കുകയും ചെയ്യുക ഭാരതത്തിലെങ്ങും പതിവാണല്ലോ. എന്നാൽ യവനരാജ്യംമുതലായദേശങ്ങളിലും നവരാത്രിമഹത്തെകൊണ്ടാടിവന്നു. അതെങ്ങനെ എന്നറിയുന്നതു രസാവഹമാണല്ലൊ.

നവരാത്രി ആഗമികമാണെന്നു പറയാം. ഭാരതത്തിൽ രണ്ടുതരമാചാരമുണ്ടു്; വൈദികം, ആഗമികം (താന്ത്രികം). ഇവരണ്ടും, പാലിൽ വെള്ളമെന്നപോലെ തിരിച്ചറിയാൻ കഴിയാത്തവിധം കലൻപോയിട്ടുണ്ട്. അതിൽ വൈദികം പുരാതനാര്യന്മാരുടെ ഇടയിൽ നടന്നിരുന്നതും അവരുടെ പുരാതനധനവുമായ 'നിഗമ'സമ്പ്രദായം, അതുതന്നെ വൈദികം. മറ്റൊന്നു ദേവഭൂമിയായ ത്രിവിഷ്ടപത്തിൽനിന്നും (Tibet ടിബററ്) വന്നുചേൎന്ന 'ആഗമികം' അതിനെ താന്ത്രികമെന്നും പറയുന്നു. നിത്യകൎമ്മങ്ങൾ, യാഗങ്ങൾമുതലായവ വൈദികങ്ങളും, ഈശ്വരാരാധനക്രമംമുതലായവതാന്ത്രികങ്ങളുമാകുന്നു. നവരാത്രിമഹം ആഗമികം താന്ത്രികം-ആണെന്നു കാണാൻ കഴിയും ആഗമക്രമത്തിലെ പ്രധാനതത്വം ബ്രഹ്മത്തെ പുരുഷൻഎന്നും പ്രകൃതിയെന്നും വ്യവഹരിക്കുന്നതുതന്നെ. പുരുഷൻ നിർവികാരനും, പ്രകൃതി സവികാരിണിയും ആകുന്നു. അതിനെത്തന്നെ ആണല്ലോ, ശിവനെന്നും ശക്തിയെന്നും പറയുന്നതു്. രണ്ടിനേയുമൊരുമിച്ചു ഗണിച്ചാൽ സർവ്വപ്രപഞ്ചാത്മകമായ പരബ്രഹ്മവുമായി. യവനരാജ്യത്തിലുമീരീതി കാണാം.

ആഗമകസമ്പ്രദായങ്ങൾ ഭാരതത്തിൽമാത്രമല്ല, ലോകത്തിൽ പലേടത്തും ആചരിച്ചുവന്നവയാകുന്നു. ഈജിപ്ററ്, ഗ്രീസ്സ് മുതലായ രാജ്യങ്ങളിലെ ചരിത്രം അതിനു തെളിവാണ്. ഈജിപ്ററിൽ ഓസ്രിസ് (ഈശ്വരൻ) സർവ്വാദ്ധ്യക്ഷനും നിർവികാരനുമാകുന്നു. ഈശിസ് (Isis) ഈശ-വികാരിണിയും, പ്രപഞ്ചസ്വരൂപിണിയും, ശിരസ്സിൽ ചന്ദ്രക്കലാധാരിണിയുമാണ്. ലളിത് (Lalith) എന്നു പേരുമുണ്ടു്. ഈ വിവരണത്തിൽനിന്നും ഈശിസ്, ഭാരതീയരുടെ കദംബവനവാസിനിയായ ലളിതാദേവി ആണെന്നു തെളിയുന്നുണ്ടല്ലോ!

ഈജിപ്ററ്രാജ്യവാസികൾ ഓസ്രിസ്സിനെ സൂര്യനിലും, ഈശസ്സിനെ ചന്ദ്രനിലും അധിവസിക്കുന്നതായി സങ്കല്പിച്ചു ആരാധിച്ചുവന്നു. ആരാധനാസമ്പ്രദായത്തിനു തെളിതായ് Teletai, അർഗ്യ (Orgia) എന്നെല്ലാം പേരും പറഞ്ഞിരുന്നു. അർഗ്യ, നമ്മുടെ താന്ത്രികത്തിലെ അർഘ്യംതന്നെ ആണു്. ഇങ്ങനെ അവർ രണ്ടുമഹങ്ങൾ കൊണ്ടാടിവന്നു. ഒന്നു്, ഇപ്പോഴത്തെ കാലഗണനഅനുസരിച്ചും ഫെബ്രുവരിമാസത്തിന്റെ ഉത്തരാർദ്ധത്തിൽ കൃഷ്ണചതുർദശിനാളിലും, മററതു സെപ്ററംബർ ഉത്തരാൎദ്ധത്തിലെശുക്ലപ്രഥമമുതൽ ഒൻപതുനാളിലും നടത്തിവന്നു ഇതിൽ ആദ്യത്തേതു ശിവരാത്രിക്കുതുല്യവും, രണ്ടാമത്തേതു നവരാത്രിക്കുതുല്യവുമാണല്ലോ.

ഭാരതത്തിൽ നവരാത്രിമഹം, ഭാദ്രപദമാസത്തിലെ ശുക്ലപ്രഥമമുതൽ ആരംഭിച്ചു ഒൻപതുദിവസംകൊണ്ടു്, അഥവാ രാത്രി കൊണ്ടു അവസാനിക്കുന്നു ഇതേസമയത്തുതന്നെ യവനരാജ്യത്തും ദേവമാതാവിന്റെ (Demeter) ഉപാസനനടത്തിവന്നിരുന്നു. ഏതാണ്ടൊരാണ്ടോളം ഗുരുശുശ്രൂഷയിൽ ഭജിച്ചിരുന്നവരെ ഉപാസനാസംഘത്തിൽ ചേർക്കുന്നു; അവരെ ദീക്ഷകഴിപ്പിക്കുന്നു.

> "ഏകദ്വിത്രിചതുഃപഞ്ച
> വർഷാണ്യാലോച്യയോഗ്യതാം
> ..............................
> പശ്ചാദുക്തക്രമേണൈവ
> വദേദ്വിദ്യാമനന്യധീഃ"

എന്നു കല്പസൂത്രത്തിലെ വിധിതന്നെയാണ് അവിടെയും അനുഷ്ഠിച്ചുകാണുന്നതു്. യവനന്മാർ ഷഷ്ഠിനാൾരാത്രിവരെ സാധാരണദീക്ഷചെയ്തുവന്നു. ഭാരതത്തിലും ഷഷ്ഠിവരെ ഒരുസങ്കല്പവും, മററുമൂന്നുനാളിൽ സർവ്വോപരിയായ സങ്കല്പത്തിന്മേൽ ദേവീധ്യാനവും ദീക്ഷിക്കുന്നു. ഇങ്ങനെ ദീക്ഷകഴിയുന്നവരെ യവനന്മാർ ശികാസ് (Sykas) എന്നുവിളിക്കുന്നു. ഈശബ്ദം ശിഷ്യശബ്ദത്തോടു ഏററവും സാമ്യമുള്ളതാണല്ലോ. ഇവരെ കലശാദികൾകൊണ്ടു ശുദ്ധിചെയ്തു വിശേഷാർഘ്യം സേവിപ്പിച്ചു കണ്ണുകെട്ടി മണ്ഡലത്തിൽ പ്രവേശിപ്പിക്കുന്നു. ഇതേ രീതിതന്നെ "നൂതനവസ്ത്രസംസ്യമുഖം ബദ്ധ്വാ" എന്നു കല്പസൂത്രത്തിലുംപറഞ്ഞിരിക്കുന്നു അതിനുശേഷം, ആപ്തന്മാൎക്കുമാത്രം കാണത്തക്ക സന്നിധിയെ കാണിച്ചുമന്ത്രോപദേശംചെയ്യുന്നു; ക്രിയയും സമാപിക്കുന്നു.

ഇതിനുശേഷം യവനന്മാരുടെ ഇടയിൽ നവരാത്രിമഹത്തിനു വലിയ എഴുന്നള്ളിപ്പുമുണ്ടായിരുന്നു. ഭാരതത്തിലും ഇത്തരത്തിലുള്ള ആഘോഷങ്ങൾ ധാരാളമുണ്ടായിരുന്നതായി കാണാം. വികാരരഹിതനായ പുരുഷന്റെയും വികാരരഹിതയായ പ്രകൃതിയുടെയും പ്രതിമകൾ ഈ അവസരങ്ങളിൽ ഉപയോഗിച്ചുവന്നിട്ടുമുണ്ടു്.

ആകപ്പാടെ നോക്കുന്നപക്ഷം, ഭാരതത്തിലെ നവരാത്രിമഹംതന്നെ യവനരാജ്യത്തിലെ ദേവമാതാവിന്റെ ഉപാസന. ആഘോഷത്തിനുള്ളസമയം, ആചാരസമ്പ്രദായം, ഉദ്ദേശം മുതലായവതുല്യം; അഥവാ, ഒന്നുതന്നെ. അതിനാൽ ഒരുകാലത്തുലോകംമുഴുവൻ കൊണ്ടാടിയിരുന്ന ഒന്നാണു നവരാത്രിമഹം എന്നൂഹിക്കാം.

---

# 'പുളകം.'

(എ. സി. ശങ്കരവാര്യർ, ഹരിപ്പാട്.)

പുലരിപ്പൊൽക്കതിർതഴുകിത്താരാട്ടും
മലരിൻപുഞ്ചിരിപ്പുതുമയിൽ,
അളികൾചുംബിച്ചു മതിമയങ്ങീടും
കളുർമചേരുമദ്ദളങ്ങളിൽ,
മലയമാരുതനൻദിനംകവ
ൻ്ലകുപൂശിക്കുംമണമതിൽ,
വിലയംകൊള്ളുന്നൊരൊരുതുള്ളിക്കണ്ണീ-
രലഘുസൗന്ദര്യവിരതിയിൽ;
അതുതുടയ്ക്കുവാനുയരും കൈവിര-
ലൊളിയിൽക്കാണ്മൂഞാനനുരാഗം.

*   *   *   *

ഗമകത്തിലൂടെഗ്ഗഗനംചുംബിക്കു-
മമലസംഗീതലഹരിയിൽ,
പുളകനിർവൃതിയരുളുംരാഗത്തിൻ-
കളകളശ്രുതിപ്രസരത്തിൽ,
നിയതമാത്രയിലതിനോജസ്സേകി
ലയമോലും താളവിരതിയിൽ,
തടവററാദ്യന്തമൊരുദീർഘമൗനം
തടവുന്നുണ്ടൊരുമറിയാതെ;
അതിനുസാന്ത്വനമരുളുംചെഞ്ചൊടി-
ദ്യുതിയിൽക്കാൺമുഞാനനുരാഗം.

*   *   *

കനകകാന്തിയാൽ ഒതളിയുംകാല്യാഭ്ര-
ക്കവിളിലുണ്ടൊരു കരിനിഴൽ,
അതിനെചുംബിപ്പാനലിവുറുംസാക്ഷാ-
ലനുരാഗംചേർപ്പൂ പുളകംമേ.

---

# രാജാക്കന്മാരും കവികളും.

ടി. ആര്‍. അനന്തക്കുറുപ്പ്.

കവിതയുടെ ഉത്ഭവത്തെപ്പററി പല ഭിന്നാഭിപ്രായങ്ങളുമുണ്ട്. വീരാരാധനയില്‍നിന്നാണ് ആദ്യമായി കവിതയുണ്ടായതെന്ന് ആദികാവ്യങ്ങളെ ഉദാഹരിച്ചുകൊണ്ടു ചിലര്‍ പ്രസ്താവിക്കുന്നു. അതീന്ദ്രിയവസ്തുക്കളെപ്പററി അന്വേഷണം തുടന്നപ്പോള്‍ എല്ലാററിലും ഉപരിയായി ഒരു ഈശ്വരനെ സങ്കല്പിക്കാനും അദ്ദേഹത്തെ ആരാധിക്കാനുംതുടങ്ങിയതിന്‍െറ ഫലമായി ഭക്തിയില്‍നിന്നാണ് കവിതയുടെ ഉത്ഭവമെന്നു മററുചിലര്‍ വ്യവഹരിക്കുന്നു. പ്രകൃതിയെ നിരീക്ഷിക്കാന്‍തുടങ്ങിയ മനുഷ്യര്‍ക്കുളവായ സൌന്ദര്യബോധത്തിന്‍െറ കണികകളാണ് ആദികവിതകള്‍ നിദാനമെന്നു വേറെ ചിലര്‍ സമര്‍ത്ഥിക്കുന്നു. രാജസ്തുതിയില്‍നിന്നാണ് കവിതയുടെ ഉത്ഭവമെന്നു ഉല്‍ഘോഷിക്കുന്ന ഇനിയൊരുകൂട്ടരും ഉണ്ടു്. രാമായണഭാരതാദിപ്രാഥമികകൃതികള്‍ രാജസ്തുതിപരമല്ലെന്നു എങ്ങനെ പറയാം? ഈ അഭിപ്രായങ്ങളിലെല്ലാം ഒരുസംഗതി പ്രത്യേകമായി തെളിഞ്ഞുകാണുന്നു. അതായതു് സ്തുതിയില്‍നിന്നാണ് കവിതയുടെ ഉത്ഭവം. അതു് രാജാവിനെയായാലും വേണ്ടില്ല, വീരനെയായാലും വേണ്ടില്ല, ഈശ്വരനെ ആയാലും വേണ്ടില്ല, പ്രകൃതിയെആയാലും വേണ്ടില്ല. സ്തുതിയാണ് കവിതയുടെ അടിത്തട്ടില്‍ തെളിഞ്ഞുകാണുന്നതു്.

സ്തുതിആര്‍ക്കാണ് പ്രിയമല്ലാത്തതു്? ചിലര്‍വിചാരിക്കും, തന്നെസ്തുതിക്കേണ്ടതില്ലെന്നു്. തരത്തിനൊന്നു് ആ മനുഷ്യനെസ്തുതിച്ചുനോക്കുക. ഒരുതവണകൊണ്ടല്ലെങ്കില്‍ പലതവണകൊണ്ടു് ഏതൊരാളും പ്രസാദിക്കും. സ്തുതിക്കു പല ഗുണങ്ങളുമുണ്ടു്. അതു പ്രയോക്താവിന്‍െറ മനസ്സിനെ മലീമസമാക്കുന്നില്ല. സ്തുതിപാത്രമായിത്തീരുന്ന ആള്‍ക്കു് അളു അതിരസം. ഇനി അതുകേള്‍ക്കുന്ന മററുള്ളവക്കോ യാതൊരു ഹാനിയും വരാനുമില്ല. സ്തുതിയുടെ വിപരീതം നോക്കുക. നിന്ദ. അതു് പ്രയോഗിക്കുന്നവനും ഏല്ക്കുന്നവനും കേള്‍ക്കുന്നവനും കണ്ണൂരുന്തുദമായിരിക്കുന്നു. അതു അന്തരീക്ഷംപോലും മലിനപ്പെടുത്തുന്നു. അത്ര ദുര്‍ഭഗമായ നിന്ദയെ ആരു് എന്തിനു് കൈക്കൊള്ളുന്നു?

സ്തുതിയെപ്പററി ഇവിടെ സ്തുതിച്ചതുകേട്ടു് ആരും ഭ്രമിച്ചുപോകരുതു്. ഏതു സദ്വസ്തുവും കൈവശക്കാരന്‍െറ മനഃസ്ഥിതി അനുസരിച്ചു ദൂഷിച്ചുപോകാവുന്നതാണ്. സ്വാര്‍ത്ഥം ഒന്നുമാത്രമാണ് അപകടം. സ്തുതിവിഷയത്തിലും ആ പിശാചു കടന്നുകൂടിയാല്‍ "നിര്‍മ്മലനദീജലം സാഗരംതന്നില്‍ ചേര്‍ന്നാല്‍" എന്നപോലെയായിത്തീരുന്നു. ഒരുസംഗതി പ്രത്യേകം ഇവിടെ ഓര്‍മ്മിപ്പിച്ചുകൊള്ളട്ടെ. നിസ്സ്വാര്‍ത്ഥമായ സ്തുതിയുടെ മാഹാത്മ്യമാണ് മുന്‍ കീര്‍ത്തിച്ചതെല്ലാം. നിസ്സ്വാര്‍ത്ഥമായസ്തുതി—പരമാര്‍ത്ഥമായ സ്തുതി— ഏതവസരത്തിലും ഗുണമേ ചെയ്കയുള്ളു.

നമ്മുടെ ചിന്താവിഷയം നീണ്ടുനീണ്ടുപോകുന്നു. രാജാക്കന്മാരും കവികളും എന്ന ഉപന്യാസത്തിനു് കവിതാനിരൂപണം അത്രവളരെ ആവശ്യമില്ല. അതിനാല്‍ നമ്മുടെ ആ വിചാരണയ്ക്കു ഒരു വിരാമം നല്‍കിക്കൊള്ളട്ടെ.

രാജാക്കന്മാരും കവികളുംഎന്നവിഷയത്തില്‍ രണ്ടുസംഗതികള്‍ അന്തര്‍ഭവിച്ചുകിടപ്പുണ്ടു്. രാജാക്കന്മാരില്‍തന്നെ പലരും കവികളും ആയിരുന്നിട്ടുണ്ടല്ലോ. രാജാക്കന്മാര്‍ കവികളുടെ കല്പദ്രുമമായും ഇരുന്നിട്ടുണ്ടു്. ഈ രണ്ടുകൂട്ടരും നമ്മുടെ വിഷയപരിധിയില്‍ ഉള്‍പ്പെടുന്നു. കേരളത്തില്‍ പ്രധാനമായി മൂന്നു മണ്ഡലങ്ങളാണല്ലോ ഉണ്ടായിരുന്നതു്. തിരുവിതാംകൂര്‍രാജകുടുംബം കവികളുടെ നിലയിലും സമ്പന്നമായിത്തന്നെ ഇരിക്കുന്നു. കോഴിക്കോട്ടെ 'മാനവിക്രമന്‍' ഒരു കേരളവിക്രമാദിത്യനായിരുന്നു എന്നുപറഞ്ഞാല്‍ അതില്‍ ഒട്ടും അതിശയോക്തിയില്ല. കൊച്ചിരാജകുടുംബവും ഭേദാ കവിസങ്കേതംതന്നെ. ഇതുകൂടാതെ ചില ചില്ലറരാജകുടുംബങ്ങളുള്ളതും കവിവരന്മാരാല്‍പ്രകീര്‍ത്തിതമാണ്. കോട്ടയം കേരളവര്‍മ്മയുടെ രാജകവിത്വം സുവിദിതമാണല്ലോ. ചെമ്പകശ്ശേരിത്തമ്പുരാന്‍ തുഞ്ചനേയും കുഞ്ചനേയും പരിലാളിച്ചതായി കേള്‍വിയുണ്ടു്. കോട്ടയംരാജാവിന്‍െറ കഥകളിയെപ്പററി കേരളീയരോടു പറഞ്ഞറിയിക്കേണ്ടതില്ല. കൊടുങ്ങല്ലൂര്‍ത്തമ്പുരാക്കന്മാര്‍ പണ്ടും വിദ്വല്‍ക്കവികളായിരുന്നു. അടുത്തകാലത്തു ദിവംഗതരായ പന്തളംതമ്പുരാനും കേരളകാളിദാസപ്രഥിതനായ പപ്പുഭ്രതിയും തത്തദ്വംശഭൂഷണങ്ങളായി പരിലസിക്കുന്നു. വടക്കംകൂര്‍ രാജാക്കന്മാരില്‍ചിലര്‍ ഇന്നും കവികളായിട്ടുണ്ടു്. ഇങ്ങനെ കേരളചരിത്രം പരിശോധിച്ചാല്‍ത്തന്നെ സ്വപരിശ്രമംകൊണ്ടും പ്രോത്സാഹനംകൊണ്ടും ഭാഷാഭ്യുദയത്തിനു സഹായിച്ചിട്ടുള്ള പല രാജാക്കന്മാരേയും കാണാവുന്നതാണ്.

രാജാക്കന്മാരുടേയോ പ്രഭുക്കളുടേയോ സഹായമില്ലെങ്കില്‍ കവികള്‍ എങ്ങനെ ഉയര്‍ന്നുവരും? കവിതയും ദാരിദ്ര്യവുംതമ്മില്‍ ഉററബന്ധമുണ്ടെന്നാണ് എനിക്കു ഇപ്പോഴും തോന്നുന്നതു്. കവിയുടെ ആ ദാരിദ്ര്യകുക്ഷി അല്പമെങ്കിലും ഒന്നു പൂരിക്കണമെങ്കില്‍ രാജാക്കന്മാരോ പ്രഭുക്കന്മാരാരാ ഒട്ടൊന്നു കൈയയയ്ക്കുകതന്നെ വേണം. രാജാനുകൂല്യംകൊണ്ടാണ് പല മതങ്ങളും ലോകത്തില്‍ ഉയര്‍ന്നുവന്നിട്ടുള്ളതു്. അതുപോലെ കവികള്‍ കവികളായിത്തീര്‍ന്നതും രാജപ്രസാദംകൊണ്ടത്രെ. പ്രോത്സാഹനം ലഭിക്കായ്കനിമിത്തം എത്ര കവികളാണു കോരകാവസ്ഥയില്‍ത്തന്നെ കരിഞ്ഞു മണ്ണടിഞ്ഞുപോകുന്നതു്! ഒരുകാലത്തു മഹാകവികളായേക്കാവുന്ന എത്രയോ കവികുഡ്മളങ്ങള്‍ ഇപ്പോള്‍ ഈ മലയാളക്കരയില്‍ത്തന്നെ കാണും. അവര്‍ പലപ്പോഴും വനകുസുമമായിത്തീരുന്നു. ഈ വനകുസുമങ്ങളില്‍ ചിലതു ബാലാനിലസമ്പര്‍ക്കംവഴിയായി വല്ലയിടത്തും വല്ലകാലത്തും ആനന്ദമകരന്ദം പൊഴിച്ചേക്കാം. അതു് ഒരു അപൂര്‍വസംഭവമായി മാത്രമേ കണക്കാക്കാനുള്ളു.

കവികളെ പോററുന്നതുകൊണ്ടു് രാജാക്കന്മാര്‍ക്കു പല ഗുണങ്ങളുമുണ്ടു്. അതിലൊന്നു മുന്‍പറഞ്ഞപോലെ മുകുളാവസ്ഥയില്‍ കരിഞ്ഞുപോകാതെ ശാശ്വതപരിമളം ലോകമൊട്ടുക്കു പരത്തുക എന്നുള്ളതുതന്നെ. പിന്നെ സ്വാര്‍ത്ഥമായും ചിലതുണ്ടു്.

"എത്രനാളേക്കുകീര്‍ത്തിനില്ക്കുന്നിതവനിയിലത്രനാളേക്കുസ്വര്‍ഗ്ഗവാസവുമവനുണ്ടാം"

എന്നുണ്ടല്ലോ. രാജാക്കന്മാരുടെ കൃത്യം തന്നെ രഞ്ജിപ്പിക്കുകയാകുന്നു. രഞ്ജിപ്പിക്കണമെങ്കിലോ അവര്‍ ബഹുമാനാര്‍ഹരായിത്തീരണം. കീര്‍ത്തിയാണ് ബഹുമാനം സമ്പാദിച്ചുകൊടുക്കുന്നതു്. കീര്‍ത്തി നേടേണമെങ്കില്‍ രാജാക്കന്മാര്‍ കവികളുടെ കാമധേനുക്കളാകണം. സാക്ഷാല്‍ കവിവചസ്സ് ജനഹൃദയങ്ങളില്‍ പാഞ്ഞുകേറുകതന്നെ ചെയ്യും. പല രാജ്യത്തും രാജസിംഹാസനം ഉറപ്പിക്കുന്നതു കവിവചസ്സാണെന്നു പറഞ്ഞാല്‍ അതില്‍ എന്താണസാംഗത്യം?

പണ്ടത്തെ രാജാക്കന്മാര്‍ കവികളെപ്രോത്സാഹിപ്പിച്ചിരുന്നുവെന്നുമാത്രം പറഞ്ഞാല്‍ പോരാ. കൊട്ടാരത്തില്‍കൂടെ താമസിപ്പിക്കയും ചെയ്തിരുന്നു. കവിത്വമില്ലാത്ത രാജാക്കന്മാര്‍പോലും ഈ നിയമത്തിനു ഭംഗം വരുത്തിയില്ല. അടുത്തകാലത്തു് കവികളും രാജാക്കന്മാരുംതമ്മില്‍ അല്പം ഒരു ബന്ധശൈഥില്യം സംഭവിച്ചുകാണുന്നു. കവികളെ കൈവിട്ടതാണോ ലോകത്തു രാജസ്ഥാനങ്ങള്‍ക്കു കൂടക്കൂടെ ഉലച്ചല്‍ തട്ടുന്നതിനു ഒരു പ്രധാനകാരണമെന്നു സംശയം തോന്നിപ്പോകും.

---


## കാമകലാസഞ്ചികകള്‍.

| | | |
|---|---|---|
| സ്ത്രീപുരുഷബന്ധം | അണ. | 4 |
| സ്ത്രീപുരുഷതത്വം | ,, | 3 |
| പുരുഷധര്‍മ്മം | ,, | 3 |
| വശ്യം അഥവാ ധാതുപുഷ്ടി | ,, | 4 |
| കൃത്രിമമായ ഇന്ദ്രിയസുഖം | ,, | 4 |
| വന്ധ്യതയും നിവാരണമാര്‍ഗ്ഗങ്ങളും | ,, | 4 |
| ജനനനിയന്ത്രണം | ,, | 4 |

പ്രസ്തുത ഗ്രന്ഥങ്ങള്‍ ശരിയായി വായിച്ചറിഞ്ഞാല്‍ മനുഷ്യജീവിതം പരമസുഖപ്രദം. അല്ലെങ്കില്‍ ദുഃഖഭാരം. ദമ്പതിമാര്‍ അനുഷ്ഠിക്കേണ്ട ഗുഢതത്വങ്ങള്‍ എല്ലാം അടങ്ങിയിരിക്കുന്നു

ഏഴിനുംകൂടി 1 രൂ 8 ണ.

ശ്രീരാമവിലാസം ബുക്കുഡിപ്പോ,

കൊല്ലം.

# പാചകകല.

രണ്ടാംഭാഗം (തുടച്ച്)

എസ്സ്. എ. പിള്ള; കടയ്ക്കൽ.

21. കത്തിരിക്കാചട്ട്ണി:—(വേറൊരുപ്രകാരം) കത്തിരിക്കാ ചുട്ടു തോൽകളഞ്ഞു ഒരു മൺപാത്രത്തിലോ കൽച്ചട്ടിയിലോ ആക്കി മത്തുകൊണ്ടു നന്നായി ഉടയ്ക്കണം. അല്ലെങ്കിൽ വളരെ ചെറിയ കഷണങ്ങളായി കൊത്തിഅരിഞ്ഞാലും മതിയാകും. അതിൽ നല്ല പുളിച്ച തൈരും പാകത്തിനു പച്ചമുളകും ഉപ്പും പച്ചക്കൊത്തമല്ലിയുംചേത്തു കലക്കി—രണ്ടുമൂന്നു പപ്പടം കാച്ചിയൊ ചുട്ടൊ പൊടിച്ചു അതിൽ യോജിപ്പിച്ചു ഇളക്കി ഉപയോഗിക്കണം.

22- മത്തങ്ങാ (പീയണിക്കാ)ചട്ട്ണി:- അധികം പഴുത്തുപോകാത്ത പാകത്തിലുള്ള മത്തങ്ങാ കുടലും (അകത്തെ ചത) കുരുവുംപോക്കി നുറുക്കി മുക്കാൽഭാഗം വേവുമ്പോൾ മുഴുവൻ വററത്തക്കവണ്ണം ശുദ്ധജലം ആദ്യംതന്നെ ഒഴിച്ചു വേവിച്ചു വെള്ളം വററിച്ചു കോരി അരമണിക്കൂർനേരം ഒരു വൃത്തിയുള്ള വട്ടിയിൽ വയ്ക്കണം. ഇതു് കൂടുതലായ ജലമയം വാന്നുപോകുന്നതിനായിട്ടാണു്. പിന്നീടു മുളകുവററലും ഉലുവായും ഉഴുന്നുപരിപ്പും കരിവേപ്പിലയും വെളിച്ചെണ്ണ പുരട്ടി പ്രത്യേകംപ്രത്യേകം വറുത്തു പുളിയും ഉപ്പും പച്ചക്കൊത്തമല്ലിയും അല്പം കായവും വേവിച്ചുവച്ചിട്ടുള്ള മത്തങ്ങയും യോജിപ്പിച്ചു് അരിച്ചെടുത്തു വെളിച്ചെണ്ണയിൽ കടുകും, കറിവേപ്പിലയും ചേത്തു മൂക്കുമ്പോൾ അതിൽ ഇട്ടു ഇളക്കി അല്പം കട്ടിയായ പരുവത്തിൽഎടുത്തുകൊള്ളണം.

23. വെണ്ടയ്ക്കാചട്ട്ണി:—തീരെ ചെറുപ്രായത്തിലുള്ള വെണ്ടയ്ക്കാ, കരിവൊ, കരിയൊ പററാതെ ചുട്ടെടുത്തു മത്തുകൊണ്ടുടച്ചൊ, ചെറുതായി കൊത്തിയൊ, ഒരു മൺപാത്രത്തിൽ ഇട്ടു് അതിൽ നല്ലതുപോലെ പുളിച്ചതൈരും, പച്ചമുളകും, ഉപ്പും, പച്ചക്കൊത്തമല്ലിയും ചേത്തു രണ്ടുമൂന്നു പപ്പടം കാച്ചിയൊ ചുട്ടൊ പൊടിച്ചിട്ടു് ശരിയായി ഇളക്കി ഒരുമണിക്കൂർനേരം കഴിഞ്ഞു് ഉപയോഗിക്കാവുന്നതാകുന്നു

2 . പപ്പടച്ചട്ട്ണികൾ: (എ) നല്ല പുളിച്ച തൈരിൽ പാകത്തിനു ഉപ്പും ആവശ്യത്തിനു പച്ചമുളകും സുഗന്ധത്തിനും രുചിക്കൂടുതലിനുമായി പച്ചക്കൊത്തമല്ലിയും ചേത്തു കലക്കി കൊഴുത്തു് ഒരുവിധം കട്ടിയാകത്തക്കവണ്ണം പപ്പടം ചുട്ടുപൊടിച്ചിട്ടു് ഇളക്കിക്കൊള്ളണം.

(ബി) ആദ്യത്തേതിൽനിന്നു രുചിഭേദം വരുത്തുന്നതിനായി പപ്പടം ചുട്ടുചേക്കാതെ കാച്ചി പൊടിച്ചു ചേത്തുകൊള്ളേണ്ടതാകുന്നു.

(സി) നല്ല പുളിച്ച തൈരിൽ പാകപ്പെടുത്തീട്ടുള്ള പപ്പടച്ചട്ട്ണിയിൽ (പപ്പടത്തിൻെറ എണ്ണം അല്പം കുറച്ചുകൊള്ളണം) എണ്ണപിരട്ടാതെ ഉഴുന്നു നല്ലതുപോലെ ചുവക്കെ വറുത്തു് തൊലിപോക്കി നേമ്മയായി പൊടിച്ചു ചേത്തിളക്കി ഉപയോഗിക്കാവുന്നതാണു്. രുചിക്കു വലിയ അന്തരം ഉണ്ടാകയും വളരെനന്നായിരിക്കയുംചെയ്യും.

## കോസ്സുകൾ.

ഇവ മിക്കവാറും കണ്ണാടകരീതി അനുസരിച്ചുള്ള പാകസമ്പ്രദായത്തിൽ ഉൾപ്പെടുന്നു. ഇതിലേക്കു മിക്ക സസ്യാദികളും ഉപയോഗിക്കാവുന്നതാണു്. പക്ഷെ ഇവിടെയും പാചകൻെറ യുക്തിക്കുതന്നെയാണു് പ്രാധാന്യം കല്പിക്കേണ്ടതു്. സസ്യാദികളിൽ ചേമ്പു മാത്രം ഈ വകയ്ക്കു വർജ്ജ്യമാകുന്നു. ഏതാനും മലക്കറികൾകൊണ്ടു കോസ്സുണ്ടാക്കുന്ന രീതികളെ മാത്രമെ ഇവിടെ പ്രതിപാദിക്കുന്നൊള്ളു. ഈ രീതി അനുവത്തിച്ചു് ഒരു നല്ലപാചകനു് ഇതുപോലെ മററനേകം സസ്യാദികളെക്കൊണ്ടും പാകപ്പെടുത്താവുന്നതാണല്ലൊ. പാചകരീതി മിക്കവാറും ഒന്നുപോലിരക്കുന്നു. ഇതിൽ പ്രത്യേകം ശ്രദ്ധേയമായ ഒരു സംഗതിയുള്ളതു് എല്ലാത്തരം കോസ്സുകൾക്കും ക്ഷാരരസങ്ങൾ (ഉപ്പു് പുളി എരിവു) അല്പം കൂടുതലായിരിക്കണമെന്നുള്ളതും അല്പം ശക്കരക്കൂടി കലത്തി കോസ്സുകളെ അധികം രുചിപ്രദമാക്കിത്തീക്കാമെന്നുള്ളതു മാണു്. ഇനി ഒന്നുകൂടി എടുത്തുപറയുവാനുള്ളതു് ഓരോ ജാതി കോസ്സുകൾക്കും ഓരോതരം കഷണമല്ലാതെ (സസ്യമല്ലാതെ) രണ്ടുതരം സസ്യങ്ങൾ കൂട്ടിക്കലത്തുവാൻ പാടില്ലെന്നുള്ളതാകുന്നു. ഇവകളിൽ അല്പം ശക്കരകൂടി ചേത്തുകൊള്ളണമെന്നു പറഞ്ഞിരിക്കുന്നതു് മുന്നിട്ടുനിൽക്കുന്ന ക്ഷാരവീര്യത്തിനു് അല്പം കുറവുവരുത്തുന്നതിനും കൂടുതലായ സ്വാദുവരുത്തുന്നതിനുംകൂടിയാണെന്നു് അറിഞ്ഞിരിക്കണം. ശക്കര അളവിൽ കൂടുതലായാൽ സ്വാദു കുറയും. ഇതിൽ പ്രത്യേകം നിഷ്കർഷ ഉണ്ടായിരിക്കണം. ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ പുളിയുടെ അരയ്ക്കാൽഭാഗം മാത്രമെ ശക്കര ചേക്കാൻ പാടുള്ളു.

ശുദ്ധമായ പുളി ശുദ്ധജലത്തിൽ നല്ല കൊഴുപ്പിൽ കലക്കണം. അതിൽ പാകത്തിനു് ഉപ്പും പച്ചമുളകും പച്ചക്കൊത്തമല്ലിയും കായവും ചേത്തു ശരിയായി യോജിപ്പിച്ചു താഴെ കുറിച്ചിരിക്കുന്ന ഓരോ സസ്യാദികളെക്കൊണ്ടും ഓരോതരം കോസ്സുകൾ നിമ്മിക്കാവുന്നതാണു്. ഏതുകഷണമാണോ കോസ്സിനോടു യോജിപ്പിക്കുന്നതു് അതിൻെറ പേരു കോസ്സിനു നൽകാവുന്നതാണു്. ഇവ ഓരോന്നും പുളിവെള്ളത്തിൽ ചേത്തു തിളപ്പിച്ചു് വെളിച്ചെണ്ണയിൽ കടുകും വററൽമുളകും ഇട്ടു് കടുകുവറുത്തും; തിളപ്പിക്കാതെ പച്ചയായിട്ടാണെങ്കിൽ വെളിച്ചെണ്ണയും പച്ചക്കറിവേപ്പിലയുംകായവുംക്രൂടി (പച്ചയായി—വറുക്കാതെ) ചേത്തും രണ്ടുതരത്തിൽ പാകംചെയ്യാവുന്നതാണു്. കടുകുവറുത്താണു് പാകപ്പെടുത്തുന്നതെങ്കിൽ കഷണങ്ങൾ ചേത്തു കലക്കിയതിനുമേൽ കടുകുവറുത്തുകൊള്ളണമെന്നാണു് നിർബന്ധം.

കോസ്സുകൾക്കുള്ള പ്രധാനകഷണങ്ങൾ.

1. വഴുതനങ്ങാ എണ്ണമയംപിരട്ടി കനലിൽഇട്ടുചുട്ടു് തൊലിപോക്കി ചെറുതായി കൊത്തിഅരിഞ്ഞുചേക്കാം.

2. കത്തിരിക്കാ എണ്ണപിരട്ടി കനൽതിയിൽഇട്ടുചുട്ടു് തൊലികളഞ്ഞു് ചെറുതായി കൊത്തിച്ചേക്കാം

3. വാഴയ്ക്കാചുട്ടു് അരകല്ലിൽവച്ചു് പൊടിച്ചുചേക്കാം.

4. പിഞ്ചുവെണ്ടയ്ക്കാ (മൂററിയതുനന്നല്ല) കരിയും കരിവും പററാതെ കനലിൽ ചുട്ടെടുത്തു കൊത്തിച്ചേക്കാം.

5. ഉരുളക്കിഴങ്ങു് കനലിൽ ചുട്ടുതൊലിപോക്കി പൊടിച്ചുചേക്കാം.

6. ചേനചുട്ടു് തൊലിപോക്കി നല്ലതുപോലെ പൊടിച്ചുചേക്കാം.

7. കാച്ചിൽ കനലിൽചുട്ടു് തൊലികളഞ്ഞുപൊടിച്ചുചേക്കാം.

ഇതുപോലെ യുക്തിക്കനുസരണമായിമിക്ക സസ്യാദികളും ഉപയോഗയോഗ്യമാക്കാവുന്നതാണു്. മേൽ പ്രസ്താവിച്ചിരിക്കുന്ന പാകരീതിയിൽ വ്യതിചലിച്ചു പ്രവത്തിക്കേണ്ട ആവശ്യവുമില്ല.

## ഉപ്പേരികൾ.

സദ്യവിഭവങ്ങളിൽ ഇവയ്ക്കുള്ള പ്രാധാന്യം ഒന്നു വേറെതന്നെ. "നാലുകൂട്ടം വറുത്തതു"എങ്കിലും ഇല്ലാതെ സദ്യയ്ക്കു പൂണ്ണത വരികയില്ല. സദ്യക്കെ ഉപ്പേരി ആകാവൂ എന്നു് നിർബന്ധമൊന്നുമില്ല. നിത്യോപയോഗത്തിനും ഉപ്പേരിക്കു സ്ഥാനമുള്ളതാകുന്നു. ഉപ്പേരിയുടെ കുറഞ്ഞ തോതാണു് "മെഴുക്കുപിരട്ടി" അതു മിക്കവാറും നമ്മുടെ ഭക്ഷണത്തിൽ ഒരു നല്ല സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കുന്നതാണല്ലൊ. ഉപ്പേരിയുടെപാകസമ്പ്രദായങ്ങൾ മിക്കവാറും ഒരേ രീതിയിൽതന്നെ. ഇവയെല്ലാം വെളിച്ചെണ്ണയിൽ വറുത്തുണ്ടാക്കുന്നവയത്രെ. ഇവയ്ക്കുള്ള പ്രധാനസസ്യങ്ങൾ ഏത്തൻ (നേന്ത്രക്കാ) കായ്, ചേന, ചക്കച്ചുള ഇവയാണു്. ഏത്തൻകായ്കൊണ്ടു സാധാരണ ഉപ്പേരിയും ശക്കരപിരട്ടിഎന്ന അമൃതോപമമായ ഉപ്പേരിയും ഉണ്ടാക്കാവുന്നതാണു്. ഇവ നാലുംകൂടിചേരുമ്പോഴാണു് "നാലുകൂട്ടം വറുത്തതെ"ന്നുള്ള പേരിനു് അത്ഥമായിതീരുന്നതു്. ഇവകൂടാതെ ഏത്തൻകായുടെസ്ഥാനത്തു ഉപ്പേരിയാക്കുന്നതിനു മുട്ടിയപക്ഷം പൂവൻ, മൊന്തൻ, പാളയംകോടൻ എന്നീവിളവുചെന്നിട്ടുള്ള കാവർഗ്ഗങ്ങളും ഉപയോഗിച്ചുവരുന്നുണ്ടു്. എന്നാൽ ശക്കരപിരട്ടിക്കു് ഏത്തൻകാതന്നെ ഉപയോഗിക്കേണ്ടതാണു്. അതിൻെറ അഭാവത്തിൽ തുളുവ(പൂവൻ)നൊ, മൊന്തനൊ ഉപയോഗിച്ചുകൊള്ളാം. മൊന്തങ്കാ "ശക്കരപിരട്ടിക്കു് നല്ല മാർദ്ദവവും ഇടിച്ചാൽ പൊടിഞ്ഞുപോകുന്ന സ്വഭാവവുമാണുള്ള

തു്. എന്നാൽ ഈ രണ്ടുവർഗ്ഗം വാഴക്കാകൊണ്ടും ഉണ്ടാക്കിവരുന്ന ശർക്കരപിരട്ടി കഷ്ണിച്ചു രണ്ടുദിവസത്തെ ഉപയോഗത്തിന്നെ യോഗ്യമായിരിക്കു. നേന്ത്രക്കാശർക്കരപിരട്ടി ഉപ്പേരി സൂക്ഷിച്ചുവച്ചിരുന്നാൽ മൂന്നുമാസംവരെ കേടുകൂടാതെ ഉപയോഗിച്ചുകൊള്ളാവുന്നതാകുന്നു. ഉപ്പേരികൾഏതും വറുത്തുകഴിഞ്ഞാൽ ചിപ്പിൽ എന്ന പാത്ര (എണ്ണവാർന്നുപോകുന്നതിന്ന് സുഷിരമുള്ള ഒരു പരന്നപാത്രം)ത്തിലൊ മററൊ കോരി ഇട്ട് എണ്ണമയം തോർത്തി പുതിയ മൺകലങ്ങളിൽആക്കി വൃത്തിയായിമൂടിക്കെട്ടി കാററു അധികം ഏൽക്കാതെ സൂക്ഷിക്കേണ്ടതു് അത്യാവശ്യമാകുന്നു. പുതിയ കലത്തിൽ സൂക്ഷിക്കുന്നപക്ഷം അതിലുള്ള എണ്ണമയംമുഴുവൻ കലത്തിൽ പിടിക്കുന്നതിന്നും തന്നിമിത്തം വേഗത്തിൽ തണുത്തുപോകാതിരിക്കുന്നതിന്നും, സൗകര്യമുള്ളതാകുന്നു. മേൽക്കാണിച്ച സസ്യങ്ങൾകൂടാതെ, ചേമ്പ്, മരച്ചീനിക്കിഴങ്ങ്, ചീവക്കിഴങ്ങു ശർക്കരവള്ളിക്കിഴങ്ങു, കാച്ചിലുകൾ, വഴുതനങ്ങാ, ചക്കക്കുരു, ഏത്തൻകായുടെ പുറത്തെ തൊലി, ചിന്നിഅവരയ്ക്കാ, പാവയ്ക്കാ, ഇവയും ഉപ്പേരികൾക്കു ഉപയോഗിക്കാവുന്നതാണ്. ഉപ്പേരികളെല്ലാം വെളിച്ചെണ്ണയിൽ ശരിയായി മുങ്ങിക്കിടന്നു പാകത്തിനു മൊരിഞ്ഞെങ്കിലെ ശരിയായ സ്വാദു ലഭിക്കയുള്ളു.

1. വാഴയ്ക്കാഉപ്പേരി. വാഴയ്ക്കാവർഗ്ഗങ്ങളെ തൊലിപോക്കി ഉടൻ ശുദ്ധജലത്തിൽ ഇടണം. പിന്നീടു അവ ഓരോന്നും നാലായികീറി വട്ടത്തിൽ നുറുക്കിക്കൊള്ളണം. ഘനം മിക്കവാറും ഒന്നുപോലിരിക്കത്തക്കവണ്ണം നുറുക്കാത്തപക്ഷം എല്ലാത്തിന്നും മൂപ്പ് ഒന്നുപോലെ കിട്ടുകയില്ല. മഞ്ഞൾ ചേർത്തു കറപോക്കി കഷണങ്ങളിൽ ശരിയായി ഉപ്പുപിരട്ടി യോജിപ്പിച്ചുകൊണ്ടു് തിളയ്ക്കുന്ന വെളിച്ചെണ്ണയിൽഇട്ട് ഇളക്കി വറുക്കണം. മൂക്കുമ്പോൾ അവയുടെ ഘനം കുറഞ്ഞു് എണ്ണയിൽ നികരും അപ്പോൾ അവ ഇളക്കിനോക്കിയാൽ ഒരുമാതിരി നല്ല ശബ്ദം പുറപ്പെടുന്നതാണ്. കഷണം ഇടിച്ചാൽ പൊടിഞ്ഞുപോകുന്ന പാകത്തിൽ ഉപ്പേരിത്തവികൊണ്ടു കോരി എണ്ണമയം തോർത്തി ഒരു പുതുക്കലത്തിൽ സൂക്ഷിക്കണം. ശർക്കരപിരട്ടാത്ത വാഴയ്ക്കാഉപ്പേരികൾക്ക് സാധാരണ "വെള്ളുപ്പേരി"എന്നാണു പറഞ്ഞുവരുന്നതു്. ഇവ ഭക്ഷണത്തിനു ഒരു കൂട്ടുവാനായും കാപ്പിക്കു ഒരു പലഹാരമായും ഉപയോഗിക്കാവുന്നതാണ്. ഭദ്രമായി സൂക്ഷിച്ചാൽ നാലുമാസക്കാലം കേടുകൂടാതിരിക്കുന്നതാകുന്നു. ഇതേപാകരീതിയിൽത്തന്നെ നേന്ത്രക്കാ തൊലികളഞ്ഞു് കീറാതെ കാൽഅംഗുലം ഘനത്തിൽ വട്ടമായി നുറുക്കി വെളിച്ചെണ്ണയിൽ വറുത്തു പാകത്തിനു മൂപ്പിച്ചെടുത്താൽ ഇടനാട്ടിൽ, "തിരുവാതിര"നൊയമ്പിനു് സ്ത്രീകൾ നിർമ്മിക്കാറുള്ള രുചികരമായ "നൊയമ്പുപ്പേരി" ആകുന്നതാണ്.

2. ചേനഉപ്പേരി. ചേന തൊലിചെത്തി ഒരംഗുലംഘനത്തിൽ തകടുപോലെ കീറിഎടുത്തു അവയെ ഒരിഞ്ചുനീളം വീതിയിലുള്ള (മതിപ്പുകണ്ടു) ചതുരഖണ്ഡങ്ങളാക്കിക്കൊള്ളണം ശുദ്ധജലത്തിൽ കഴുകി ശുദ്ധിചെയ്തു പാകത്തിനു ഉപ്പുംപിരട്ടി വെളിച്ചെണ്ണയിൽഇട്ടു പാകത്തിനു വറുത്തെടുത്തുകൊള്ളണം വറുത്തു രണ്ടുമൂന്നുമണിക്കൂർ കഴിയുന്നതിനുമുമ്പായിത്തന്നെ തണുത്തുപോകുന്ന സ്വഭാവമാണിതിനുള്ളതെങ്കിലും രുചിക്കുറവു സംഭവിക്കുന്നതല്ല. ഒരാഴ്ചവരെ ഉപയോഗിക്കുന്നതിനു നന്നായിരിക്കയും ചെയ്യും

3. കൊച്ചുപ്പേരി. ആകൃതിയിൽനിന്നുമാണിതിനു ഈ പേരു കിട്ടീട്ടുള്ളതു്. ചേന വളരെ ചെറുതായ കഷണങ്ങളായി കൊത്തി (പയർമണിവലുപ്പത്തിൽ) അരിഞ്ഞു കഴുകി ശുദ്ധിയാക്കി പാകത്തിനു ഉപ്പും പിരട്ടി വെളിച്ചെണ്ണയിൽ ശരിയായ മൊരിച്ചെടുത്തുകൊള്ളണം. ഇതു രണ്ടുദിവസത്തെ ഉപയോഗത്തിനുമാത്രമെ നന്നായിരിക്കയുള്ളൂ എങ്കിലും ഏററവും രുചികരമായ ഒരുതരം ഉപ്പേരിയാകുന്നു.

4. ചേമ്പുപ്പേരി. ചേമ്പു തൊലിചുരണ്ടി വട്ടത്തിൽ കനംകുറച്ചു നുറുക്കി മഞ്ഞൾചേർത്തു കഴുകി ഉപ്പുപിരട്ടി വെളിച്ചെണ്ണയിൽ വറുത്തുപയോഗിക്കണം. മഞ്ഞൾ ചേർക്കുന്നതുനിമിത്തം ചേമ്പിനു വല്ല ചൊറിച്ചിൽഉണ്ടാക്കുന്ന ദൂഷ്യവും ഉണ്ടെങ്കിൽ നശിച്ചുപോകുന്നുണ്ടു്.

(തുടരും)


# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah of Travancore.)

**CHAIRMAN:- K. C. PANDALAI B. Sc. (LOND.)**

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 - 11.

Reserve and other Funds :- 2,23,500.

## HEAD OFFICE:- ALLEPPEY.

**Branches· TRIVANDRUM. CHANGANACHERRY. COCHIN & QUILON.**

**SUB-OFFICES: ERNAKULAM. KAYAMKULAM & KOTTAYAM.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

**C. KRISHNA MENON M. A.**
MANAGER ALLEPPEY.

or to the
CHAIRMAN
COLLEGE BUILDINGS
ESPLANADE, MADRAS.

# ചന്ദ്രോദയം.

(തുടച്ച്)

## അദ്ധ്യായം ൩൦

കോന്തിയുടെ ഗൃഹത്തിൽ നാണി തല പൊട്ടിത്തകൎന്നു മരിച്ചുകിടക്കുന്ന വിവരം പിറേറദിവസം രാവിലെ പോലീസുകാൎക്കു അറിവുകിട്ടി. കോന്തിയുടെ പെട്ടെന്നുള്ള തിരോധാനം അവനാണു കൊലപാതകിയെന്നുള്ളതിനു ഒരു തെളിവായിരുന്നു. പോലീസുകാർ അവനെ അന്വേഷിച്ചു നാനാദിക്കുകളിലും സഞ്ചരിച്ചുതുടങ്ങി.

ഈ സമയമെല്ലാം കോന്തിയും അവന്റെ പട്ടിയും കൂടി നെടുമങ്ങാടൻപ്രദേശങ്ങളിൽ അങ്ങുമിങ്ങും അലഞ്ഞുനടക്കുകയായിരുന്നു. നടന്നുനടന്നു കാലുതളൎന്നു പട്ടി മുടന്തിത്തുടങ്ങി കോന്തിക്കും കാലുനൊന്തിട്ടു ഒരു ചുവടുവയ്ക്കാൻ വയ്യാതെയായി. പട്ടിയെ തല്ലിയോടിക്കാൻ അവൻ അനേകനാളു ശ്രമിച്ചിട്ടും അതു വിട്ടുപിരിയുന്നില്ല. ഒടുക്കം അതിനെ കൊല്ലാമെന്നുതന്നെ അവൻ നിശ്ചയിച്ചു; തോക്കു അതിന്റെ നേരെ നീട്ടി. അപ്പോൾ പട്ടിക്കു അവന്റെ ഉദ്ദേശ്യംമനസ്സിലായി. "മാവോ മാവോ" എന്നു കരച്ചുകൊണ്ടു അതു പിൻതിരിഞ്ഞു പാഞ്ഞു. വല്ലവരോടും വല്ലതും യാചിച്ചു കഴിച്ചുകൊണ്ടു അവൻ നെടുമങ്ങാടൻപ്രദേശങ്ങളിൽ കുറച്ചുദിവസം കഴിച്ചു. ഒരിടത്തുതന്നെ താമസിച്ചാൽ പോലീസുകാർ അറിയാനും കണ്ടുപിടിക്കാനും എളുപ്പമാണെന്നു ഭയപ്പെട്ടു അവൻ വീണ്ടും തിരുവനന്തപുരത്തേക്കുതന്നെ തിരിച്ചു അവിടെ അവനു അഭയസ്ഥാനമായിട്ടുണ്ടായിരുന്നതു് കൊച്ചുകുഞ്ഞിന്റെ ഇരുട്ടുഗൃഹമാണല്ലോ. അതിനെ ലക്ഷ്യമാക്കിയായിരുന്നു അവന്റെ പ്രയാണം.

കോന്തി ഇങ്ങനെ അലഞ്ഞുതിരിയുന്നതിനിടയ്ക്കു് കൊച്ചുകുഞ്ഞിനെ പോലീസുകാർ പിടികൂടിയിരുന്നു കുഞ്ഞുരാമനും അവന്റെകൂടെ ഉണ്ടായിരുന്നു അവൻ ഓടി രക്ഷപെടാൻ ശ്രമിച്ചുവെങ്കിലും അവനേയും പോലീസുകാർ പിടികൂടി. അതുകൊണ്ടു ബാക്കിയുള്ള കള്ളന്മാർ അവരുടെ രഹസ്യസങ്കേതത്തിൽ ഒളിച്ചിരിക്കയാണു്. അവിടെ ഇപ്പോൾ കോമനാണു് സൎവ്വാധിപതിയായി വാഴുന്നതു്. "ജംബുകങ്ങൾക്കു് അവയുടെ വാസസ്ഥാനമായ ഗഹ്വരം വിട്ടു മനുഷ്യദൃഷ്ടിപഥത്തിലോ സൂൎയ്യപ്രകാശത്തിലോ സഞ്ചരിക്കാനുള്ളതിലും അധികം ഭയമായിരുന്നു ഈ തസ്കരന്മാൎക്കു വെളിയിലും വെളിച്ചത്തിലും സഞ്ചരിക്കാൻ. ഊളന്മാൎക്കു മാളത്തിൽ ഇരിക്കാൻ വലിയ ഭയമുണ്ടെന്നു തോന്നുന്നില്ല; എന്നാൽ ചോരന്മാൎക്കു തങ്ങളുടെ സങ്കേതത്തിൽ ഇരിക്കാനും ഭയമാണു് ഏതായാലും കോമനേയും ശിഷ്യരേയും സംബന്ധിച്ചിടത്തോളം അവരുടെ അന്ധകാരഗൎത്തത്തിലെ ഇരിപ്പിടവും അത്ര ഉറപ്പുള്ളതായിരുന്നില്ല. കൊച്ചുകുഞ്ഞിനെ പിടികൂടിയ പോലീസുകാർ അചിരേണ തങ്ങളേയും ബന്തോവസ്സിലാക്കുമെന്നുള്ള ഭാവിജ്ഞാനംകൊണ്ടു ആ ദുഷ്ടസംഘം എന്തെങ്കിലും ഒരു ശബ്ദംകേട്ടാൽ പോലീസുകാർ വരുകയാണെന്നു വിചാരിച്ചു ഞെട്ടുന്നുമായിരുന്നു.

അവർ ഇങ്ങനെ സംത്രസ്തരായിരിക്കുമ്പോൾ ഒരു ശ്വാനകൻ അവിടെ കയറിവന്നു. അതു അവൎക്കെല്ലാം പരിചയമുള്ളതായ കോന്തിയുടെ ശ്വാവായിരുന്നു. ദേഹമാകെ ചേറണിഞ്ഞും ഒരു കണ്ണു മിക്കവാറും തകൎന്നും മുടന്തിമുടന്തി വന്ന ആ പട്ടി അവരുടെയെല്ലാം അനുകമ്പയ്ക്കു പാത്രമായി അതിനു അവർ കുറെ പച്ചവെള്ളം കൊടുത്തു. ഒരുതുള്ളിയും ബാക്കിവരുത്താതെ ആ വെള്ളം മുഴുവനും അതു നക്കിക്കുടിച്ചു.

പൂച്ചയ്ക്കു കയറിട്ടതുപോലെ മന്ദഗതിയിലാണു മണിക്കൂറുകൾ നീങ്ങുന്നതെന്നു അവൎക്കു തോന്നി. ശബ്ദംകേട്ടു പോലീസുകാർ കേറിവന്നെങ്കിലോ എന്നു ഭയന്നു ഉറക്കെ സംസാരിക്കാൻപോലും അവർ അശക്തരായി. ഈ ഘട്ടത്തിൽ ആരോ വാതലിനിട്ടുഇടിക്കുന്ന ശബ്ദം അവരുടെ ചെവിയിൽ കുത്തിക്കയറി- പട്ടി ചെവി വട്ടംപിടിച്ചുകൊണ്ടു ദ്വാരസമീപത്തേക്കു പാഞ്ഞു. കോമനും അതിന്റെ പുറകേ അങ്ങോട്ടു പോയി. അയാൾ തിരിയെവന്നതു കോന്തിയുമൊരുമിച്ചായിരുന്നു. കണ്ണുകൾ താണും കവിൾ ഒട്ടിയും എല്ലും തൊലിയും മാത്രമായുമുള്ള ഒരു കോലമായിട്ടാണു കോന്തി അപ്പോൾ കാണപ്പെട്ടതു്. ഒരു നൂതന കൊലപാതകംകൊണ്ടു നിന്ദ്യമായ അവന്റെ ശരീരഗഹ്വരത്തിൽ ഇരിക്കാൻ അറച്ചിട്ടോ എന്നു തോന്നുമാറു വിശദവും വിശങ്കടവുമായ ആകാശത്തേക്കു പായുവാൻ അത്യാശയോടെ അവന്റെ പ്രാണൻകിടന്നു പിടക്കുന്നതിന്റെ ലക്ഷ്യമായി ഹൃദയം തുരുതുരെ അടിക്കുന്നുണ്ടായിരുന്നു. ആ നീചനോടു സംസാരിക്കാൻ അവിടെയുള്ള നീചന്മാർപോലും തയാറായില്ല. ഒടുവിൽ അവൻതന്നെ സംസാരിക്കാൻ തുടങ്ങിയപ്പോൾ എല്ലാവരും നടുങ്ങി.

കോന്തി:—ഈ പട്ടി ഇവിടെ എങ്ങനെ എത്തി?

കോമൻ: തനിയെ. ഒരു മൂന്നു മണിക്കൂറാകിരിക്കും അതു വന്നിട്ടു.

കോന്തി:—കൊച്ചുകുഞ്ഞിനെ അറസ്റ്റു് ചെയ്തെന്നു ഇന്നത്തെ പത്രത്തിൽ കാണുന്നു. അതു വാസ്തവമാണോ?

കോമൻ:—അതെ.

അവിടം വീണ്ടും നിഷ്പന്ദതയുടെ ഭരണത്തിനു അധീനമായി. അടുത്ത നിമിഷത്തിൽ മാതു അവിടെ കേറിവന്നു. കൊലപാതകിയായ കോന്തിയെ കണ്ടപ്പോൾ ആ ബാലൻ അറിയാതെ രണ്ടുമൂന്നടി പുറകോട്ടു വച്ചുപോയി. അവന്റെ മുഖം ഭയവിഹ്വലമായി.

മാതു: (മുഷ്ടിചുരുട്ടി കോന്തിയുടെനേൎക്കു ഓങ്ങിക്കൊണ്ടു) ഇവൻ ഒരു വെറും മൃഗമാണു്. പയ്യിനെ പുലി കിന്തിക്കുടിക്കുന്നതുപോലല്ല്യോ ഇവൻ ആ പെൺകുട്ടിയെ അടിച്ചുകൊന്നതു്. ഇവനെ എനിക്കു ഒരു പേടിയുമില്ല. പോലീസുകാർ ഇവിടെ വരുന്നെങ്കിൽ ഈ ദ്രോഹിയെ ഞാൻ അവരുടെകയ്യിൽ ഏല്പിക്കും. ആൎക്കെങ്കിലും ചങ്കുറപ്പുണ്ടെങ്കിൽ ഇവനെ പിടിച്ചു താഴെയിട്ടു ചവിട്ടട്ടെ.

മററാരും ഈ പോർവിളി കേട്ടിട്ടു അനങ്ങിയില്ല. അതുകൊണ്ടു അവൻതന്നെ കോന്തിയുടെനേൎക്കു ഒരു കുതികുതിച്ചു. ഒററയടിക്കു അവൻ കോന്തിയെ നിലത്തു തള്ളിയിട്ടു. പക്ഷെ ഉത്തരക്ഷണത്തിൽ കോന്തി ഉരുണ്ടുപിരണ്ടെഴുനേററു മാതുവിനെ താഴെ തള്ളിയിടുകയും കാലിന്റെ മുട്ടുകൊണ്ടു മാതുവിന്റെ കഴുത്തു ഞെരിക്കുകയും ചെയ്തു. ഇത്രയും ആയപ്പോഴേക്കും "ചുമ്മാതിരിക്കിൻ" എന്നു പറഞ്ഞു കോമൻ കോന്തിയെ പിടിച്ചുമാററി.

ഈ സമയത്തു വാതിക്കൽ ആരോ തെരുതെരെ തൊഴിക്കുന്ന ശബ്ദം അവരുടെ കൎണ്ണപുടരന്ധ്രങ്ങളെ ഭേദിച്ചു "തൊറക്കിനെടാ കതകു്, അല്ലെങ്കിൽ ഇപ്പോൾ വെട്ടിപ്പൊളിക്കും" എന്നുള്ള ശബ്ദം അവിടെ മുഴങ്ങി. കോന്തിയെ ജീവനോടെ പിടിച്ചുകൊടുക്കുന്നവൎക്കു നൂറുരൂപാ സമ്മാനംകൊടുക്കുന്നതാണെന്നും ഈസമ്മാനത്തിനു പോലീസുകാൎക്കും അൎഹതയുണ്ടായിരിക്കുന്നതാണെന്നും കേശവക്കുറുപ്പു പല പത്രങ്ങളിലും തുടരെ പരസ്യംചെയ്തിരുന്നതുകൊണ്ടു പോലീസുകാർ കോന്തിയെ പിടികൂടുന്നതിനു അത്യൂൎജ്ജിതമായ അന്വേഷണം നടത്തിവരുകയായിരുന്നു. ഈ അന്വേഷണത്തിന്റെ ഫലമായി കള്ളന്മാരുടെ സങ്കേതസ്ഥാനവും, അപ്പോൾ കോന്തി അതിലുണ്ടെന്നുള്ള വിവരവും അവർ ഗ്രഹിച്ചു. ഒരു ഹേഡും ഒന്നുരണ്ടു കാൺസ്റ്റബിൾമാരുംകൂടി പുള്ളിയെ പിടിക്കാൻ ചെന്നു കതകിനു മുട്ടുന്ന ശബ്ദകോലാഹലമാണു് അപ്പോൾ കോന്തിയും കൂട്ടുകാരും കേട്ടതു്. കൊലപാതകിയായ ആ മനുഷ്യാധമനെ കാണുന്നതിനു ഉൽസുകരായ ഒരു പുരുഷാരവും പോലീസുകാരെ അനുഗമിച്ചിരുന്നു.

വാതലിലുള്ള ഇടിയും തൊഴിയും, ഉച്ചത്തിലുള്ള വിളിയും ഒന്നും കേട്ടഭാവം നടിക്കാതെ തസ്കരന്മാർ ശ്വാസമടക്കി അവരുടെ സങ്കേതത്തിനുള്ളിൽ സ്ഥിതിചെയ്തു. ഇതുകണ്ടു ആകാശം പിളക്കുന്നത്ര ഉച്ചത്തിൽ മാതു ഇങ്ങനെ വിളിച്ചുപറഞ്ഞു.

"കോന്തി ഇതിനകത്തുണ്ടു്. വാതിൽ പൊളിച്ചു കേറിവന്നോ ഒക്കു. ഇവർ വാതിൽ തുറന്നുതരികയില്ല. വെളിച്ചം കാണുന്ന മുറിയിലോട്ടു ഓടി കേറിവരണം.

താഴത്തെ വാതലിനു നല്ല ബലമുണ്ടായിരുന്നു. അതു വിചാരിച്ചു കോന്തി അല്പം ആശ്വസിച്ചു അവൻ ജന്നലിൽകൂടി വെളിയിലേക്കു നോക്കിക്കൊണ്ടു പറഞ്ഞു: "നിങ്ങളെല്ലാം ആവുന്നതു നോക്കിക്കൊള്ളിൻ. ഞാൻ ഇനിയും നിങ്ങളെ കളിപ്പിച്ചേച്ചു കടക്കും." ഇതിനു മറുപടി

യായി ഒരു ശിലാവർഷമാണു അവനു ലഭിച്ചതു്. ഏണി കൊണ്ടുവരണം, കോടാലി കൊണ്ടുവരണം, എന്നു ചിലർ വിളികൂട്ടി. ആ വീട്ടിനു തീവെച്ചുകളയട്ടെ എന്നൊരാൾ അഭിപ്രായപ്പെട്ടു കള്ളൻ കടന്നുകളയും, വെളിച്ചംകൊണ്ടുവരണം എന്നു വേറെ ചിലർ ഉൽഘോഷിച്ചു. ആരോ ഓടിച്ചെന്നു രണ്ടുമൂന്നു റാന്തൽവിളക്കുകൾ കൊളുത്തിക്കൊണ്ടുവന്നു. പക്ഷെ ആ വിളക്കുകളുടെ വെളിച്ചം അത്ര മേല്പോട്ടു വ്യാപിച്ചില്ല. അതുകൊണ്ടു മുകളിൽ നടക്കുന്ന സംഗതി നല്ലവണ്ണം കാണ്മാൻ വയ്യായിരുന്നു ജനസംഘവും പോലീസുകാരും അക്ഷമന്മാരും ക്രുദ്ധന്മാരുമായി നിൽക്കുന്നതു കണ്ടപ്പോൾ കോന്തിക്കു സ്വതസ്സിദ്ധമായ ധൈര്യവും സാഹസികതാവും വീണ്ടും കരസ്ഥമായി. അവൻ ഒരു നല്ല കിണററുകയറെടുത്തു അതിന്റെ ഒരു തല മറുവശത്തുള്ള ഒരു ജന്നലിന്റെ അഴിയിൽ മുറുകെ കെട്ടി. മറേറതലയ്ക്കു കുനാംകുരുക്കിട്ടു് ഒരു കെട്ടുകെട്ടി. ആ വശത്തു വീതിയില്ലാത്ത ഒരു വഴിത്താരകഴിഞ്ഞാൽ ചേറിന്റെയും മററു അഴുക്കുകളുടെയും ആവാസരംഗമായ കൊച്ചാറാണുള്ളതു്. ആ വഴിയിൽ അധികം ആളുകൾക്കു നിൽക്കാൻ സൌകര്യമില്ലായിരുന്നു കയറിന്റെ ഒരററം അരയ്ക്കു ചുററിക്കൊണ്ടു കീഴ്പോട്ടു ചാടി എത്തുന്നിടത്തോളം താഴെ ചെന്നിട്ടു തന്റെ കയ്യിൽ നിവർത്തിവച്ചിരുന്ന പേനാക്കത്തികൊണ്ടു കയർ അറുത്തുമുറിച്ചു നിലത്തു ചാടിക്കളയാമെന്നായിരുന്നു കോന്തിയുടെ ഉദ്ദേശ്യം. അയാൾ പേനാക്കത്തി നിവർത്തു പിടിച്ചുകൊണ്ടു കുരുക്കു തലയ്ക്കുമീതേക്കൂടി ഇട്ടു് അരയ്ക്കുകൊണ്ടുവന്നു കെട്ടാൻതുടങ്ങി. കയറിന്റെ കുരുക്കു കഴുത്തിനുചുററും വീണപ്പോഴേക്കും താഴെനിന്നുംവന്ന ഒരു കല്ലു് അവന്റെ കാൽമുട്ടിനു 'കിടിൻ' എന്നു കൊള്ളുകയും അതോടുകൂടി അവൻ കാലു തെററി കീഴ്പോട്ടു വീഴുകയും ചെയ്തു. കുരുക്കു അവന്റെ കഴുത്തിനുചുററും ഇറുകി അവൻ ശ്വാസംമുട്ടി മരിച്ചു. കോന്തിയുടെ പട്ടി കുരച്ചുകൊണ്ടു കുറേനേരം ആ മുറിക്കുള്ളിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. പിന്നീടു തന്റെ യജമാനന്റെ കഴുത്തിനു ചുററും ഇറുകിയിരിക്കുന്ന കയറു കടിച്ചുപൊട്ടിച്ചു അദ്ദേഹത്തെ രക്ഷപ്പെടുത്താനോ എന്നു തോന്നുമാറു അവന്റെ തോളിനെ ലക്ഷ്യമാക്കി അതു ജന്നലിൽക്കൂടി കീഴ്പോട്ടു ചാടി. എന്നാൽ ലാക്കുതെററി ആററിൻകരയ്ക്കുള്ള വേലിയുടെ ഒരു തൂണിൽ തലയടിച്ചു വെള്ളത്തിൽവീണു് ആ ജന്തുവും മൃതിയടയുകയാണു് ഉണ്ടായതു്

---

## അദ്ധ്യായം ൩൧.

ഒരുദിവസം 'അസ്തഗിരിശിഖരമസ്തകസീമനി ഭാസ്കരഭഗവാൻ മറയുന്നേരം' കേശവക്കുറുപ്പു ഒരു കുതിരവണ്ടിയിൽ നിന്നിറങ്ങി തന്റെ ബംഗ്ലാവിനകത്തുകയറി. മാംസളന്മാരായ രണ്ടാളുകളും ആ വണ്ടിയിൽ നിന്നിറങ്ങി മാളികയുടെ രണ്ടാംനിലയിലേക്കുള്ള സോപാനപരമ്പരയുടെ താഴത്തു ഗാട്ടുകാരെപ്പോലെ നിലകൊണ്ടു. മൂന്നാമതൊരാളും വണ്ടിയിൽ നിന്നു അവരോഹണം ചെയ്തു. അയാൾ വേഗത്തിൽ ആ പ്രാസാദത്തിന്റെ ഉള്ളിൽ പ്രവേശിച്ചു. അതു മുകുന്ദനല്ലാതെ മററാരുമല്ലായിരുന്നു. മുകുന്ദനെ മാളികയുടെ പുറകിലുള്ള ഒരു മുറിയിലേക്കു കുറുപ്പു വിളിച്ചുകൊണ്ടുപോയി. തടിയന്മാരായ ഗാട്ടുകാരോടു കുറുപ്പു ഇപ്രകാരം പറഞ്ഞു: "നിങ്ങൾ പറയുന്നപോലെ ഇയ്യാൾ പ്രവർത്തിക്കാത്തപക്ഷം അയാളെ തെരുവിലേക്കു വലിച്ചിഴച്ചു കൊണ്ടുപോയി പോലീസുകാരെ ഏല്പിക്കണം. വേണ്ട തെളിവുകൊടുക്കാൻ ഞാനും വരുന്നുണ്ടെന്നുള്ള വിവരം പോലീസുകാരെ അറിയിക്കണം. പിന്നത്തെകാര്യമെല്ലാം ഞങ്ങൾ നോക്കിക്കൊള്ളാം."

മുകുന്ദൻ:—എന്നെപ്പററി ഇങ്ങനെ പറയുന്നതിനു അങ്ങേയ്ക്കു എങ്ങിനെ ധൈര്യമുണ്ടായി.?

കുറുപ്പു്:—എന്നെക്കൊണ്ടു ഇങ്ങനെ പറയിക്കാൻ നിനക്കു ധൈര്യമുണ്ടായതെങ്ങിനെ?

മുകുന്ദൻ:—ഏതായാലും എന്നെ ബന്തോവസ്സു ചെയ്യണമെന്നില്ലല്ലോ.

കുറുപ്പു്:—ബന്തവസ്സു ചെയ്യേതിരുവെന്നില്ല. നിങ്ങൾക്കു പോകണമെന്നുള്ള ആഗ്രഹമുള്ളപക്ഷം പോകാം. ഞങ്ങൾ തടയുന്നില്ല. പക്ഷെ നിന്റെ പുറകെ വരാൻ ഞങ്ങൾക്കും തടസ്സമുണ്ടായിരിക്കയില്ല. നീ തെരുവിൽ കാൽവച്ചാൽ ഉടൻ വഞ്ചന, പിടിച്ചുപറി എന്ന കുററങ്ങൾക്കായി ഞാൻ നിന്നെ അറസ്ററു ചെയ്യിക്കും.

മുകുന്ദൻ ഭയസംവിഗ്നനായി. ആ മാംസളഗാത്രന്മാരായ പരിചാരകന്മാർ അപ്പോഴും വാതല്ക്കൽ നില്പുണ്ടു്.

മുകുന്ദൻ:—എന്റെ അച്ഛന്റെ സുഹൃത്തു എന്നോടു ഇങ്ങനെതന്നെയാണു് പെരുമാറേണ്ടതു്.

കുറുപ്പു്:—വാസ്തവം തന്നെ നിന്നോടു ഞാൻ വളരെ ദയവായിട്ടാണു പെരുമാറുന്നതു്. നിന്റെ അച്ഛന്റെ ഒരു ഉത്തമ മിത്രമാണല്ലോ എന്നുവച്ചാണു എനിക്കു ഇത്ര അനുകമ്പ. കഷ്ടം! അദ്ദേഹത്തിന്റെ പേരോടു നിന്റെ പേരും ചേർത്തു പറയേണ്ടിവന്നല്ലോ! അദ്ദേഹം എന്തൊരു പരിപാവനാത്മാവായിരുന്നു! നിയോ നീചൻ, നിന്ദ്യൻ, നിർല്ലജ്ജൻ.

മുകുന്ദൻ:—ഈ ശകാരമെല്ലാം ഞാൻ എന്തിനു കേൾക്കുന്നു? എന്നെക്കൊണ്ടു നിങ്ങൾക്കെന്തു കാര്യം?

കുറുപ്പു്—എന്തുകാര്യമാണെന്നോ? പറയാം കേൾക്കണം. നിനക്കു ഒരുസഹോദരൻ ഉണ്ടു്.

മുകുന്ദൻ—ഇല്ല. എനിക്കു സഹോദരനില്ല ഞാൻ എന്റെ അച്ഛന്റെ ഏകസന്താനമാണു്

കുറുപ്പു്:—"അപ്പോൾ നിനക്കു സഹോദരനുണ്ടെന്നു നീ സമ്മതിക്കയില്ലെ? എന്നാൽ കേട്ടോ. ചന്ദ്രശേഖരൻപിള്ളയ്ക്കു നിന്റെ അമ്മയിൽനിന്നുണ്ടായതായി നീ ഒരുത്തനെ ഉള്ളൂ. നിന്റെ അമ്മയെ അദ്ദേഹം വിവാഹംചെയ്തതു അദ്ദേഹത്തിനു അത്ര സമ്മതമായിട്ടല്ല. പോരെങ്കിൽ നിന്റെ അമ്മയ്ക്കു അദ്ദേഹത്തെക്കാൾ ഏഴു വയസ്സു കൂടുതലായിരുന്നു. അവരെ അദ്ദേഹം കുറെക്കാലംകഴിഞ്ഞു നിയമപ്രകാരം ഉപേക്ഷിച്ചു. നിന്റെ അമ്മ അദ്ദേഹത്തെ മറക്കുകയുംചെയ്തു.

"ഏകദേശം ഈ ഘട്ടത്തിൽ നിന്റെ അച്ഛൻ പട്ടാളത്തിൽനിന്നു പെൻഷൻപററിയ ഒരു സുബേദാരുമായി പരിചയമായി. അദ്ദേഹത്തിനു രണ്ടു പെൺമക്കൾമാത്രമേ ഉണ്ടായിരുന്നുള്ളൂ. ജാനകിക്കുട്ടി എന്ന മൂത്ത മകൾക്കു പതിനെട്ടുവയസ്സും സരളയെന്ന ഇളയമകൾക്കു രണ്ടോമൂന്നോവയസ്സും പ്രായമുണ്ടായിരുന്നു. നിന്റെ അച്ഛനു ഇവരിൽ മൂത്തവളുമായിട്ടുണ്ടായ പരിചയം സ്നേഹമായിവർദ്ധിച്ചു രണ്ടുപേരുംപരസ്പരം അനുരക്തരായി ഒരു ആറുമാസത്തിനകം അവരുടെ അനുരാഗം വിവാഹബന്ധത്തിൽ കലാശിച്ചു (ഈ അവസരത്തിൽ മുകുന്ദൻ അറിയാതെ കൈ കടിച്ചുപോയി.) വിവാഹാനന്തരം അവർ കുറേക്കാലം തിരുവനന്തപുരത്തു താമസിച്ചു. അതിനിടയ്ക്കു ഒരുദിവസം ചന്ദ്രശേഖരപിള്ളയുടെ അനുജനു രോഗമാണെന്നും അത്യാസന്നനിലയിൽ കിടക്കുന്നുവെന്നുംകമ്പിവന്നതനുസരിച്ചു അദ്ദേഹം കൽക്കട്ടായ്ക്കുപോയി. ആ രോഗംനിമിത്തം അദ്ദേഹത്തിന്റെ അനുജൻ ചരമഗതിയെ പ്രാപിച്ചു. അടുത്തിരുന്നു ശുശ്രൂഷിച്ച ജ്യേഷ്ഠനും ആ വ്യാധി പകരുകയും അദ്ദേഹവും അകാലചരമം പ്രാപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മരണസമയത്തു നീയും നിന്റെ അമ്മയും അടുക്കൽ ഉണ്ടായിരുന്നു. നിന്റെ അമ്മയ്ക്കു സ്വത്തു മുഴുവൻ നിന്റെ അച്ഛൻ കൊടുത്തു എന്നും പറഞ്ഞു അവർ ഇവിടെ വന്നു താമസമായി. പക്ഷെ അതു ഞാൻ അത്ര വിശ്വസിച്ചില്ല. എന്തുകൊണ്ടെന്നാൽ ജാനകിക്കുട്ടിയുമായുള്ള വിവാഹത്തിനു കുറച്ചു ദിവസത്തിനുമുമ്പു ചന്ദ്രശേഖരപിള്ള ഒരു പടം എന്നെ ഏല്പിച്ചിരുന്നു. അതു ജാനകിക്കുട്ടിയുടെ പടമായിരുന്നു. തന്റെ സ്വത്തിൽ ഭൂരിഭാഗവും ജാനകിക്കുട്ടിക്കും മററുമായി കൊടുക്കുന്നതിനാണു താൻ നിശ്ചയിച്ചിരിക്കുന്നതെന്നുള്ള വിവരവും അദ്ദേഹം എന്നെ അറിയിച്ചിട്ടുണ്ടായിരുന്നു. കൽക്കട്ടായ്ക്കു പോകുമ്പോഴും അദ്ദേഹം എന്നെ വന്നുകണ്ടവിവരം ഞാൻ പറഞ്ഞല്ലോ. കൽക്കട്ടായിൽ ചെന്നാൽ ഉടൻ എഴുത്തയയ്ക്കാമെന്നും അദ്ദേഹം ഏററിരുന്നു. പക്ഷെ ദൈവവിധി മറിച്ചായിരുന്നു എനിക്കു അദ്ദേഹത്തിന്റെ എഴുത്തു കിട്ടിയില്ല. അദ്ദേഹംകൽക്കട്ടായ്ക്കു പോയപ്പോൾ യാത്രചോദിച്ചതു എന്നെന്നേക്കുമായിട്ടാണെന്നു ഞാൻ അറിഞ്ഞില്ല. ആട്ടെ, അതെല്ലാം പിന്നീടു പറയാം ഇപ്പോൾ നിന്റെ അനുജന്റെ കഥയാകട്ടെ. (തുടരും)

---

**Cure for Tooth Trouble etc.**

**Consult Dr. Philip Modiel,**

**Surgeon Dentist,**

**Statue Road, Trivandrum**

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
MANNARGHAT

# THE MALAYALA RAJYAM

## വിദ്യാരംഭവില്പന – വില കുറച്ചിരിക്കുന്നു.

വിദ്യാരംഭം പ്രമാണിച്ച് ഈ കന്നി ൧൫-ാംനു-മുതൽ അടുത്ത തുലാം ൧൫-ാംനു- വരെ ഞങ്ങളുടെ സ്വന്തം പ്രസിദ്ധീകരണങ്ങൾക്കു ൨൦ ശതമാനം കമ്മീഷൻ നൽകുന്നതാണ്.



നവരാത്രിദിനങ്ങളിൽ
പ്രത്യേകിച്ചും പാരായണയോഗ്യവും നവരാത്ര്യാഗമത്തിന്റെ സമ്പൂർണ്ണവിവരണങ്ങളടങ്ങിയതും ആകർഷകങ്ങളായ കാളിയുടെ വിവിധദശകളിലുള്ളതും ഇതിൽ കാണുന്നവിധത്തിലുള്ളതും സപ്തചിത്രങ്ങളാൽ പ്രശോഭിതവും ആയ

### ശ്രീമഹാദേവീഭാഗവതം

ഗദ്യഗ്രന്ഥം.

വിദ്യാരംഭവില രൂ ൧ ണ ൪.

---

ഭോഗാസക്തരായ ലൗകികന്മാരെ പിൻതിരിച്ച് മനസ്സിനു നിർവൃതി നല്കുന്ന അനവധി വിശിഷ്ട തത്വങ്ങൾ അടങ്ങിയ

### ദിവ്യരഹസ്യപ്രകാശിക.

ഒന്നാം ഭാഗം.

വിദ്യാരംഭവില രൂപാ ൧.

---

ജീവപരമാണുക്കളുടെ സംയോഗവിയോഗങ്ങളാൽ ഭവിക്കുന്ന മായാചലനം, ദൂരശ്രവണങ്ങൾ, മരണാനന്തരം ആത്മാവ് അന്തരാളത്തിൽ കാര്യകാരണങ്ങളാൽ ഭൂതപ്രേതരൂപങ്ങളിൽ പരിണമിക്കുന്ന രീതി, ശരീരികളായിത്തന്നെ ജീവന്മുക്തരായി ദീർഘകാലം ജീവിക്കുന്നതിനുള്ള നിഗ്രഹോപദേശങ്ങൾ എന്നിവ സമഷ്ടിയായി കഥാരൂപേണ പ്രസ്താവിച്ചിട്ടുള്ള

### ദിവ്യരഹസ്യപ്രകാശിക

രണ്ടാം ഭാഗം.

വിദ്യാരംഭവില അണ ൧൨.

മേൽ പറഞ്ഞിട്ടുള്ള ആത്മീയഗ്രന്ഥങ്ങൾ അവധാനപൂർവ്വം വായിച്ചു പരിശീലനം നടത്തുന്നവർക്കു ലൗകികരീതിയിൽകൂടി ആത്മീയജീവിതം നയിക്കുന്നതിനും തദ്വാരാ സായുജ്യപദവി അടയുന്നതിനും അനായാസേന സാധിക്കുമെന്നു ബോദ്ധ്യപ്പെടുന്നതാണ്.

N. B. ഈ സൗജന്യം ഹെഡാഫീസിൽ ആവശ്യപ്പെടുന്നവർക്കു മാത്രം.

ഇവിടെ ആത്മീയഗ്രന്ഥങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ, വേദാന്തഗ്രന്ഥങ്ങൾ, സ്തോത്രഗ്രന്ഥങ്ങൾ, സാഹിത്യഗ്രന്ഥങ്ങൾ, ജീവചരിത്രങ്ങൾ, നോവലുകൾ, ചെറുകഥകൾ, വ്യാകരണഗ്രന്ഥങ്ങൾ, ജ്യോതിഷഗ്രന്ഥങ്ങൾ, വൈദ്യഗ്രന്ഥങ്ങൾ മുതലായ ഇനങ്ങളിൽ അനേകം ഉത്തമഗ്രന്ഥങ്ങളും, പലവകയിൽ ഉൾപ്പെട്ട അനവധി ബഹുരസികൻ ഗ്രന്ഥങ്ങളും എപ്പോഴും തയാറുണ്ട്. ഇവ കൂടാതെ ഞങ്ങളുടെ പ്രസ്സിൽ എല്ലാത്തരം അച്ചടിവേലകളും ചെയ്തുകൊടുക്കുന്നതാണ്. അച്ചടിയുടെ യഥാർത്ഥ മഹിമ അറിയേണ്ടവർ ഒരിക്കൽ ഇടപെട്ടു നോക്കിയാൽ അറിയാവുന്നതാണ്. കൂടാതെ ബ്ലാക്കുമേക്കിംഗ്, റബ്ബർസ്റ്റാമ്പുമേക്കിംഗ്, ബയന്റിംഗ്, റൂളിംഗ് മുതലായ എല്ലാ ജോലികളും കുറഞ്ഞ ചാർജ്ജിനു ക്ലിപ്തകാലത്തുതന്നെ വളരെ മിനുസമായി ചെയ്തുകൊടുക്കുന്നതിനും തയ്യാർ. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ വലിയ ക്യാററ്ലാഗിന് എഴുതുക.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

ബ്രാഞ്ച്:—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.